# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**


പുസ്തകം 71
ലക്കം 6
ജൂൺ 2003
ഇഹ്സാൻ 1382
റ:ആഖർ 1424



**ചീഫ് എഡിറ്റർ**
മുഹമ്മദ് ഉമർ എച്ച്. എ.

**എഡിറ്റർ**
എ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്

**സെക്രട്ടറി പീരിയോഡിക്കൽസ്**
പി. എം. അഹ്മദ് ഹസ്സൻ

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്**
**കോഴിക്കോട്.**
e-mail: sathyadoothan@ahmadiyya.com


**സ്ഥാപിതം**
**1925**

## ഉള്ളടക്കം


**4** യുഗശബ്ദം

**5** മുഖക്കുറിപ്പ്

ലേഖനം

**6** ***ഭരണവ്യവസ്ഥകളുടെ ഇസ്‌ലാമിക മാനങ്ങൾ***
ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**10** ***ദ്വിതീയ പ്രഭാവത്തിന്റെ പഞ്ചമ പ്രതിഭ***
മുഹമ്മദ് ഉമർ

**14** ***ജറുസലേം - സമാധാനത്തിന്റെ നഗരം***
സയ്യിദ് മൻസൂർ അഹ്മദ് ഷാ

**19** ***'മരണം' എന്ന പദത്തിന് യേശുവിനെ സംബന്ധിച്ച അർത്ഥം***
ഹസ്റത്ത് ഖലീഫത്തുൽ മസീഹ് IV

**20** ***ഹസ്റത്ത് ഉമർ (റ) നെതിരെയുള്ള ഗൂഢാലോചന***
മൗലാനാ ശൈഖ് മുബാറക്ക് അഹ്മദ്

**23** ***യഅ്ജൂജ് മഅ്ജൂജ് അഥവാ ഗോഗ് മഗോഗ്***
എ. പി. കുഞ്ഞാമു

**29** ***വായനക്കാർ സൂക്ഷിക്കുക***
എം. അലി - വെള്ളയിൽ

പ്രതികരണം

**32** ***ഞങ്ങൾ കുതിക്കുമ്പോൾ നിങ്ങളെന്തിന് കിതക്കണം?***
കെ. പി. അഹ്മദ്

വാർത്താവലോകനം

**34** ***രാജാക്കന്മാർ അശ്വാരൂഢരായി വന്നപ്പോൾ***
എം. യു. കോഴിക്കോട്

**36** കുറിപ്പുകൾ, അനുസ്മരണം, വാർത്തകൾ


മുഖചിത്രം : ***മസ്ജിദുൽ അഖ്സ, ജറുസലേം പലസ്തീൻ***


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, Calicut

## ഖുർആനിൽ നിന്ന്


വിശ്വസിച്ചവരേ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ നീതി പാലിക്കുക. അത് ദൈവ ഭക്തിയുമായി ഏറ്റവും അടുത്തതാണ്.

(വി. ഖുർആൻ 5:9)

## നബിവചനം

ഗുസ്തിപിടിച്ച് തന്റെ പ്രതിയോഗിയെ മറിച്ചിടുന്നവനല്ല ശക്തൻ; പിന്നെയോ, കോപമുണ്ടാകുമ്പോൾ ആത്മ നിയന്ത്രണം പാലിക്കുന്നവനാണ്. (ബുഖാരി)

# ഐക്യത്തിലേക്ക് ക്ഷണം



**ഹസ്റത്ത് മിർസാഗുലാം അഹ്മദ് (അ)**

നിങ്ങൾ ഇരുകൂട്ടർക്കും സമാധാനം എത്രയും അത്യാവശ്യമായിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഞാൻ യോജിപ്പിന്നായ്ക്കൊണ്ട് നിങ്ങളെ ക്ഷണിക്കുന്നത്. ലോകത്ത് പലതരത്തിലുള്ള ആപത്തുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഭൂകമ്പങ്ങളും ക്ഷാമങ്ങളും വന്നുകൊണ്ടിരിക്കുന്നു. പ്ലേഗ് നമ്മെ ഇനിയും വിട്ടുമാറിയിട്ടില്ല.

ദൈവം എന്നെ അറിയിച്ചിരിക്കുന്നു: മനുഷ്യർ അവരുടെ ദുർവൃത്തികളിൽ നിന്നു വിരമിക്കുകയും അവർ തങ്ങളുടെ അകൃത്യങ്ങളെക്കുറിച്ചു പശ്ചാത്തപിച്ച് ദൈവത്തോട് ക്ഷമ യാചിക്കുകയും ചെയ്യാതിരിക്കുന്നുവെങ്കിൽ, ലോകത്തിനു ഭയങ്കരമായുള്ള വിപത്തുകളും നാശങ്ങളും സംഭവിക്കും. ഒരു വിപത്ത് ഒഴിഞ്ഞുപോകുന്നതിന് മുമ്പ് മറ്റൊരു ഭയങ്കര നാശം തുടർന്നുണ്ടാകുന്നതാണ്. ഒടുക്കം ഈ വിപത്തുകളാൽ സംഭ്രമചിത്തരായി, 'അഹോ! ഇനി എന്ത് സംഭവിക്കാൻ പോകുന്നു?' എന്നു ചോദിച്ചു തുടങ്ങും. അനേകർ വിവിധങ്ങളായ ആപത്തുകളിൽ കുടുങ്ങി ഭ്രാന്ത് പിടിപെട്ടവരെപ്പോലെയായ് ഭവിക്കും. ആകയാൽ, അല്ലയോ നാട്ടുകാരായ സഹോദരരേ, ആ നാളുകൾ വരുന്നതിനു മുമ്പായി നിങ്ങൾ ജാഗരൂകരാകുവീൻ! ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിൽ സന്ധി ചെയ്യട്ടെ. ഐക്യത്തിനു തടസ്സമായിത്തീരത്തക്കവിധം അന്യായം പ്രവർത്തിച്ചിരിക്കുന്ന സമുദായം ആ അന്യായം, ഉപേക്ഷിക്കട്ടെ. അല്ലാത്തപക്ഷം അന്യോന്യമുള്ള സ്പർദ്ധയ്ക്കും വൈരത്തിനും ആ സമുദായം ഉത്തരവാദിയാകുന്നുതാണ്.

*– മൈത്രീ സന്ദേശം*

മുഖക്കുറിപ്പ്

# വർഗ്ഗീയതയും ഇസ്‌ലാമും

സമാധാനം അഥവാ ശാന്തി എന്ന് പരിഭാഷപ്പെടുത്താവുന്ന ഒരു പദമാണ് 'ഇസ്‌ലാം.' ആ പദം സംജ്ഞാനാമമായി സ്വീകരിച്ച ഒരു മതമാണ് ഇസ്‌ലാം. വർഗ്ഗീയത, അസഹിഷ്ണുത, അശാന്തി മുതലായ സാമൂഹിക തിന്മകൾ ഇസ്‌ലാമിന്നെതിരാണ്.

എല്ലാ മതങ്ങളും ദൈവത്തിൽ നിന്നും ഉദ്ഭൂതമായതാണെന്ന് കരുതുന്ന ഇസ്‌ലാം മതവൈവിധ്യങ്ങൾ സാമൂഹ്യയാഥാർത്ഥ്യമാണെന്ന് അംഗീകരിക്കുന്നു. ഖുർആൻ പറയുന്നു. " ഒരു ദൈവിക മുന്നറിയിപ്പുകാരൻ വന്നു കഴിഞ്ഞിട്ടില്ലാത്ത ഒരു സമുദായവുമില്ല" (35:25) തീർച്ചയായും നിനക്ക് മുമ്പേ പല ദൂതന്മാരേയും നാം അയച്ചിട്ടുണ്ട്. അവരിൽ ചിലരുടെ വിവരം നാം നിനക്ക് നൽകിയിരിക്കുന്നു. അവരിൽ ചിലരുടെ വിവരം നാം നിനക്ക് നൽകിയിട്ടില്ല. (40:79). പുണ്യ പുരാതന ഭാരതത്തിലെ ശ്രീകൃഷ്ണൻ (അ) ശ്രീരാമൻ (അ) ശ്രീ ജൈനൻ (അ) ശ്രീ ബുദ്ധൻ (അ) മുതലായ മഹാത്മാക്കൾ അല്ലാഹു അയച്ച നബിമാരിൽ പെട്ടവരാണ്. ഇതിൽ ശ്രീകൃഷ്ണനെ (അ) കുറിച്ച് മുഹമ്മദ് നബി (സ) പറഞ്ഞത് ശ്രദ്ധേയമാണ്. "ഇന്ത്യയിൽ കാർവർണ്ണത്തോടുകൂടിയ ഒരു പ്രവാചകനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നാമം കാഹിന (കണ്ണൻ) എന്നാണ്." (ദയ്‌ലമി) പാവനമായ ഹിന്ദുമതവും അല്ലാഹുവിന്റെ മതമാണ്. എല്ലാ മതസ്ഥരുടെയും പ്രവാചകന്മാരെ വിശ്വസിക്കുന്ന കാര്യത്തിൽ യാതൊരു വ്യത്യാസവും കല്പിക്കാൻ പാടില്ലെന്ന് ഖുർആൻ മുസ്‌ലിംകളെ ഉപദേശിക്കുന്നു. "അവർ എല്ലാവരും അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദങ്ങളിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുന്നു. 'അല്ലാഹുവിന്റെ ദൂതന്മാർ ആർക്കിടയിലും ഞങ്ങൾ വ്യത്യാസം കല്പിക്കുന്നില്ല' എന്നവർ പറയും. " (2:286). മേൽ പ്രവാചകന്മാരുടെ നാമങ്ങൾ കേൾക്കുന്ന മാത്രയിൽ അലൈഹിസ്സലാം (അദ്ദേഹത്തിന്റെ മേൽ ശാന്തി വർഷിക്കട്ടെ) എന്ന് പ്രാർത്ഥിക്കൽ മുസ്‌ലിം കളുടെ ബാദ്ധ്യതയാണ്. മനുഷ്യവംശത്തിന്റെ മാർഗ്ഗദർശനത്തിനു വേണ്ടി അല്ലാഹു അയച്ച ഈ മതാചാര്യന്മാരെ ബഹുമാനിക്കാൻ പഠിപ്പിച്ച മുഹമ്മദ് നബി (സ)യുടെ നാമം കേൾക്കുമ്പോൾ അല്ലാഹുവിന്റെ പ്രത്യേക ശാന്തി അദ്ദേഹത്തിന്റെ മേൽ ഉണ്ടാവട്ടെ എന്ന് ഒരു മുസ്‌ലിം പ്രാർത്ഥിക്കുന്നു. ഇത്രയും ഉദാത്തമായ പാഠങ്ങൾ നൽകിയ ഒരു മതത്തിന്റെ അനുയായികൾക്ക് എങ്ങനെ അന്യമത വിരോധികളായിരിക്കാൻ സാധിക്കും? മത വൈവിധ്യങ്ങൾ അല്ലാഹുവിന്റെ ഇച്ഛയും സമൂഹ പ്രകൃതിയുടെ ഭാഗവുമാണെന്നാണ് ഖുർആൻ പറയുന്നത്. " നിന്റെ നാഥൻ ഇച്ഛിച്ചിരുന്നുവെങ്കിൽ നിശ്ചയമായും ഭൂമിയിലുള്ളവരെല്ലാം ഒന്നായി വിശ്വസിക്കുമായിരുന്നു. എന്നിരിക്കെ അവർ വിശ്വാസികളായിത്തീരാൻ നിനക്ക് ബലം പ്രയോഗിക്കാനാവുമോ(10:100)

മുസ്‌ലിംകളിലും, ഹിന്ദുക്കളിലും ക്രിസ്ത്യാനികളിലും പെട്ട വിശ്വാസികൾ ദൈവത്തെ ആരാധിച്ചുകൊണ്ട് അവരുടെ ധാർമ്മികവും ആത്മീയവുമായ ഗുണങ്ങളെ പോഷിപ്പിക്കുന്നതിനു പകരം, പക, വിദ്വേഷം, ആസക്തി, അസഹിഷ്ണുത മുതലായ ദുർമൂർത്തികളെ ഉപാസിക്കുന്നതുകൊണ്ടാണ് വർഗ്ഗീയതയും അശാന്തിയും ഉടലെടുക്കുന്നത്. വിശുദ്ധ ഖുർആൻ വിശ്വാസികൾക്ക് നൽകുന്ന ചില ഉപദേശങ്ങൾ ഇപ്രകാരമാണ്. " നിങ്ങൾ പരസ്പരം സൗമ്യതയോടും സമാധാനത്തോടും വർത്തിക്കുവീൻ (8:2). സമാധാനം അഥവാ മൈത്രി ഏറ്റവും നല്ലതാകുന്നു. (4:128)."വല്ലവരും ദുഷ്ടതയോടെ നിസ്സാരമാക്കി പറയുന്നുവെങ്കിൽ നിങ്ങൾ നല്ല രീതിയിൽ സൗമ്യമായ മറുപടി കൊടുക്കുക. ഈ ശീലം നിമിത്തം ശത്രുതയുള്ളവർ വാത്സല്യമുള്ള മിത്രങ്ങളായി തീരുന്നതാണ്. (41:35) അവർ നിരർത്ഥക വചനം കേട്ടാൽ അതു ശണ്ഠക്ക് കാരണമായേക്കുമെന്നു ശങ്കിച്ചു ഗൗരവത്തോടെ കടന്നു കളയുന്നു. നിസ്സാര സംഗതികൾക്കായി അവർ ശണ്ഠകൂടില്ല. (25:73). നിങ്ങളുടെ പക്കൽ തെളിവില്ലാതെ നിങ്ങൾ മറ്റൊരുത്തരിലും ആരോപണം ചെയ്യരുത്. നിശ്ചയമായും ചെവിടും കണ്ണും ഹൃദയവും എല്ലാം അതിനെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നതാണ്. (17:37). നിങ്ങൾ സൃഷ്ടികൾക്ക് നന്മ ചെയ് വിൻ. ദൈവം നന്മ ചെയ്യുന്ന സുകൃതരെ പ്രീതിപ്പെടുന്നു (2:196). നിങ്ങൾ സത്യത്തേയും ന്യായത്തേയും മുറുകേ പിടിച്ചു കൊൾവിൻ. നിങ്ങളുടെ സാക്ഷ്യം ദൈവത്തിനു വേണ്ടിയായിരിക്കട്ടെ. സത്യം പറയുന്നത് മൂലം നിങ്ങൾക്ക് ജീവഹാനിവരുകയോ നിങ്ങളുടെ മാതാപിതാക്കൾക്ക് ദോഷം നേരിടുകയോ ചെയ്യുന്നതായാലും അസത്യം പറയരുത്. (4:136) ഏതെങ്കിലും ജനതയുടെ നേർക്കുള്ള വിരോധം നിങ്ങളെ സത്യവിരുദ്ധമായി പെരുമാറുന്നതിന് പ്രേരിപ്പിക്കാതിരിക്കട്ടെ. (5:9)

ഹിന്ദുവും മുസൽമാനും ഒരേ ദൈവത്തിന്റെ മക്കളാണ്. നമ്മുടെ മതങ്ങളുടെ പൊരുൾ ഒന്നാണ്. നമ്മുടെ ആകാശവും നമ്മുടെ ഭൂമിയും നമ്മുടെ സൂര്യനുമൊന്നാണ്. യഥാർത്ഥ വിശ്വാസികളെ ഭിന്നിപ്പിക്കാൻ ആർക്കും സാധ്യമല്ല.

ലേഖനം

# ഭരണവ്യവസ്ഥകളുടെ ഇസ്‌ലാമിക മാനങ്ങൾ

ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

## ഭരണരീതികൾ എന്തുമായിക്കൊള്ളട്ടെ, മൂല്യങ്ങളോടുള്ള പ്രതിബദ്ധതയാണ് ഭരണത്തിന്റെ വിജയം നിർണയിക്കുന്നത്.

ദേശീയ രാഷ്ട്രീയം പരിഗണിക്കുമ്പോൾ ഏറ്റവും പ്രധാന പ്രശ്നം ഏത് വിധത്തിലുള്ള രാഷ്ട്രീയ സംവിധാനമാണ് നന്മ അല്ലെങ്കിൽ തിന്മ എന്നുള്ളതാണ്. ഒരു രാഷ്ട്രീയ വ്യവസ്ഥ പരാജയമാണെങ്കിൽ ജനങ്ങളുടെ അസംതൃപ്തിക്കും ദുരിതത്തിനും കാരണം ആ വ്യവസ്ഥയിൽ അന്തർലിനമായ തകരാറുകളാണോ അതല്ല മറ്റു വല്ല കാരണങ്ങളാണോ എന്ന കാര്യവും നാം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. വ്യവസ്ഥയോ അതല്ല അതിന്റെ നടത്തിപ്പുകാരോ ആരാണ് കുറ്റവാളികൾ? ധാർമ്മിക ബോധമില്ലാത്തവരും സ്വാർത്ഥമതികളും അത്യാഗ്രഹികളും അഴിമതിക്കാരുമായ രാഷ്ട്രീയ നേതൃത്വം ജനാധിപത്യ മാർഗ്ഗത്തിൽ അധികാരത്തിലേറിയത് കൊണ്ട് മാത്രം മാന്യനായ ഏകാധിപതിയേക്കാൾ സമൂഹത്തിന് നന്മയും ക്ഷേമവും കൊണ്ടുവരുമോ?

അന്തർദേശീയ സമാധാനം സ്ഥാപിക്കുന്നതിനും ഉറപ്പ് വരുത്തുന്നതിനും ഇസ്‌ലാമിന് സമകാലീന രാഷ്ട്രീയക്കാരോട് ചില ഉപദേശങ്ങളുണ്ട്. മനുഷ്യന്റെ സകല പ്രവർത്തന രംഗങ്ങളിലും കേവല ധാർമ്മികത (Absolute Justice) കൊണ്ടുവരുന്നതിൽ ഇസ്‌ലാം അസാധാരണമായ രീതിയിൽ പ്രാധാന്യം കല്പിക്കുന്നു. രാഷ്ട്രീയ രംഗവും ഇതിൽ നിന്നൊഴിവല്ല.

### ഏതൊരു രാഷ്ട്രീയ വ്യവസ്ഥക്കെതിരെയും അടച്ചാക്ഷേപമില്ല

എല്ലാറ്റിനും ബദലായിക്കൊണ്ട് മാതൃകാപരമായ ഒരു രാഷ്ട്രീയ വ്യവസ്ഥ എന്ന നിലക്ക് ഇസ്‌ലാം ഒന്നും മുന്നോട്ടു വെക്കുന്നില്ല എന്ന നിരീക്ഷണത്തോടെയാണ് നാം ഇവിടെ ആരംഭിക്കുന്നത്.

ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന ഭരണാധികാരികളുള്ള ഒരു ജനാധിപത്യ വ്യവസ്ഥയെക്കുറിച്ച് ഖുർആൻ പറയുന്നുണ്ട് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ ആ ഒരു വ്യവസ്ഥ മാത്രമല്ല ഇസ്‌ലാം മുന്നോട്ടു വെക്കുന്നത്. ഭൂമുഖത്തെ എല്ലാ മേഖലയിലും സമൂഹങ്ങളിലും ഒരേയൊരു ഭരണ മാതൃക അതിന്റെ പ്രായോഗികതയെ പറ്റി പരിഗണിക്കാതെ മുന്നോട്ടുവെക്കുക എന്നത് ഒരു സാർവ്വജനീന മതത്തിന്റെ അടിസ്ഥാന സവിശേഷതയായിരിക്കാൻ സാധ്യതയില്ല.

ജനാധിപത്യത്തിന്റെ പരമസാക്ഷാൽക്കാരമായ കുറ്റമറ്റ സിവിൽ ഭരണസമ്പ്രദായം എന്ന നിലക്ക് ലോകത്തിലെ ഏറ്റവും പുരോഗമിച്ച രാജ്യങ്ങളിൽ വരെ ജനാധിപത്യ സമ്പ്രദായം വേണ്ട വിധത്തിൽ വികസിച്ചിട്ടില്ല. മുതലാളിത്തത്തിന്റെ ഉദയമുണ്ടായിട്ടും അവിടങ്ങളിൽ ഏറ്റവും ഫലപ്രദമായ ഭരണ സംവിധാനങ്ങൾ കെട്ടിപ്പടുത്തിട്ടും യഥാർത്ഥ ജനാധിപത്യ രീതിയിലുള്ള തിരഞ്ഞെടുപ്പുകൾ അവിടെ നടത്തപ്പെടാറില്ല.

അഴിമതിയുടെ വളർച്ചയും മാഫിയാ സംഘങ്ങളുടെ രംഗപ്രവേശനവും മറ്റു സമ്മർദ്ദ ഗ്രൂപ്പുകളുടെ ഇടപെടലുകളും ഇതിന് പുറമെയാണ്. അതുകൊണ്ട് ജനാധിപത്യം വികസിത

രാജ്യങ്ങളിൽ പോലും സുരക്ഷിതമായ കരങ്ങളിലല്ല വർത്തിക്കുന്നത് എന്ന് ഏതൊരാൾക്കും എളുപ്പത്തിൽ പറയാൻ സാധിക്കും. അങ്ങിനെ വരുമ്പോൾ എങ്ങിനെ അത് മൂന്നാം ലോകത്തിന് യോജിച്ചതായി തീരും? അതായത് പാശ്ചാത്യ ജനാധിപത്യം ആഫ്രിക്ക, ഏഷ്യ, തെക്കനമേരിക്കൻ രാജ്യങ്ങൾ, ഇസ്‌ലാമിക രാഷ്ട്രങ്ങൾ എന്ന് വിളിക്കപ്പെടുന്ന രാജ്യങ്ങൾ എന്നിവിടങ്ങളിലെല്ലാം നിലനിൽക്കാൻ കഴിയും എന്ന വാദം അയഥാർത്ഥവും തികച്ചും പൊള്ളയായതുമായ അവകാശവാദം മാത്രമാണ്. എന്റെ അഭിപ്രായത്തിൽ ഇസ്‌ലാമികാദ്ധ്യാപനങ്ങൾ ലോകത്തിലെ ഒരു രാഷ്ട്രീയ ഭരണ സമ്പ്രദായത്തേയും നിഷേധിക്കുന്നില്ല. ഇസ്‌ലാം അത് ജനങ്ങളുടെ ഹിതത്തിനും ചരിത്രപരമായി അതാത് രാജ്യത്ത് രൂഢമൂലമായിട്ടുള്ള പാരമ്പര്യങ്ങൾക്കും വിട്ടുകൊടുക്കുന്നു. ഇസ്‌ലാം ഒരു ഭരണ വ്യവസ്ഥയുടെയും രൂപമെന്തായിരിക്കണമെന്നതിൽ ഊന്നൽ കൊടുക്കുന്നില്ല. പകരം ഭരണം എങ്ങിനെ നിർവ്വഹിക്കുന്നു എന്നതിലാണ് ശ്രദ്ധിക്കുന്നത്.

ഇസ്‌ലാമിക മൂല്യങ്ങളെ സാക്ഷാൽക്കരിക്കുന്ന രീതിയിൽ പൗരന്മാരോടുള്ള ഉത്തരവാദിത്തം നിർവ്വഹിക്കുന്ന ഏതൊരു ഭരണവ്യവസ്ഥക്കും, അത് ഫ്യൂഡലിസമോ ജനാധിപത്യമോ ഏകാധിപത്യമോ എന്തുമാകട്ടെ, ഇസ്‌ലാമികമായി അതിന് സാധുതയുണ്ട്.

### രാജഭരണം

ഒരു രാഷ്ട്രീയ വ്യവസ്ഥ എന്ന നിലക്ക് യാതൊരു വിധ കുറ്റപ്പെടുത്തലിനും കുറിമാനമാകാതെ ആവർത്തിച്ചാവർത്തിച്ച് രാജഭരണത്തെ പറ്റി വിശുദ്ധ ഖുർആൻ പ്രതിപാദിക്കുന്നു.

ഒരു ഇസ്രായേലീ പ്രവാചകൻ ഇസ്രായേലികളുടെ താലൂത്ത് രാജാവിനെ അനുസ്മരിക്കുന്നത് ഇപ്രകാരമാണ്:

"അല്ലാഹു താലൂത്തിനെ നിങ്ങൾക്ക് രാജാവായി നിശ്ചയിച്ചിരിക്കുന്നുവെന്ന് അവരുടെ പ്രവാചകൻ അവരോടു പറഞ്ഞു. അപ്പോൾ അവർ ചോദിച്ചു. "രാജാധികാരത്തിനുള്ള അർഹത അദ്ദേഹത്തെക്കാൾ ഞങ്ങൾക്കുണ്ടായിരിക്കെ എങ്ങിനെയാണ് അദ്ദേഹത്തിനു ഞങ്ങളുടെ മേൽ ആധിപത്യം ലഭിക്കുക? അദ്ദേഹത്തിന് ധനസമൃദ്ധിയും നൽകപ്പെട്ടിട്ടില്ലല്ലോ. അദ്ദേഹം (അവരുടെ പ്രവാചകൻ) പറഞ്ഞു: "നിശ്ചയമായും അല്ലാഹു അദ്ദേഹത്തെ നിങ്ങളേക്കാൾ ശ്രേഷ്ഠനാക്കുകയും അദ്ദേഹത്തിന് (അവൻ) വിശാലമായ പാണ്ഡിത്യവും ശരീരബലവും നൽകുകയും ചെയ്തിട്ടുണ്ട്. അല്ലാഹു ഇഛിക്കുന്നവർക്ക് അവൻ തന്റെ ആധിപത്യം നൽകുന്നു. അല്ലാഹു വിശാലതയുള്ളവനും സർവ്വജ്ഞനുമാകുന്നു. (2:248)

**ജനങ്ങളുടെ മൃഗീയ ഭൂരിപക്ഷത്തിന് ചിലപ്പോൾ ഒരു വ്യക്തിയിലെ മഹത്വമാർന്ന നേതൃത്വഗുണങ്ങൾ കണ്ടെത്തുവാൻ സാധ്യമായില്ല എന്ന് വരും.**

രാജാധിപത്യം എന്നത് വിശാലർത്ഥത്തിൽ ജനങ്ങൾ തന്നെയാണ് രാജാക്കന്മാർ എന്ന രീതിയിലാണ് ഖുർആൻ ഒരു സ്ഥലത്ത് പറയുന്നത്.

"മൂസാ തന്റെ ജനതയോട് പറഞ്ഞ സന്ദർഭം (ഓർക്കുക) എന്റെ ജനമേ! നിങ്ങളിൽ (അല്ലാഹു) പ്രവാചകന്മാരെ നിശ്ചയിക്കുകയും നിങ്ങളെ രാജാക്കന്മാരാക്കുകയും സമുദായങ്ങളിൽ ആർക്കും നൽകിയിട്ടില്ലാത്തതായ അനുഗ്രഹങ്ങൾ നിങ്ങൾക്കു നൽകുകയും ചെയ്തപ്പോൾ അല്ലാഹു നിങ്ങൾക്ക് പ്രദാനം ചെയ്ത അവന്റെ അനുഗ്രഹത്തെ ഓർക്കുക." (5:21)

ദേശങ്ങളെ പിടിച്ചടക്കിക്കൊണ്ട് രാജാധിപത്യം സൃഷ്ടിക്കപ്പെടുന്നതിനേയും വികസിപ്പിക്കപ്പെടുന്നതും പൊതുവേ ഖുർആൻ അവമതിപ്പോടെയാണ് കാണുന്നത്. ബൽഖീസ് രാജ്ഞി തന്റെ ഉപദേശകന്മാരോട് പറഞ്ഞ ഒരു വചനം ഖുർആൻ രേഖപ്പെടുത്തിയത് ഇങ്ങിനെയാണ്. അവൾ പറഞ്ഞു: " രാജാക്കന്മാർ ഒരു നാട്ടിൽ പ്രവേശിച്ചാൽ അവരതിനെ തകർത്തുകളയുകയും ആ നാട്ടുകാരിലെ മാന്യൻമാരെ നിന്ദ്യരാക്കുകയും ചെയ്യും. അവർ അങ്ങനെ തന്നെയാണ് ചെയ്യുക." (27:35)

ജനാധിപത്യ രീതിയിൽ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ടുമാരേയോ, പ്രധാനമന്ത്രിമാരേയോ പോലെ രാജാക്കന്മാരിലും നല്ലവരും മോശക്കാരും ഉണ്ടാവാം. എന്നാൽ വിശുദ്ധഖുർആനിൽ ദൈവത്താൻ നിയോഗിതരായ ചില രാജാക്കന്മാരെ പറ്റി പറയുന്നു. സുലൈമാൻ (അ) രാജാവിനെപോലുള്ളവരാണവർ. യഹൂദികളും ക്രിസ്ത്യാനികളും കരുതുന്നത് പോലെ അദ്ദേഹം രാജാവ് മാത്രമായിരുന്നില്ല. ഖുർആൻ പ്രകാരം അദ്ദേഹം അല്ലാഹുവിന്റെ പ്രവാചകൻ കൂടിയായിരുന്നു. ഇതിൽ നിന്നും മനസ്സിലാക്കാവുന്നത് ചിലപ്പോൾ പ്രവാചകത്വ പദവിയും ഭരണാധികാരവും ഒരേ വ്യക്തിയിൽ തന്നെ സമ്മേളിക്കുമെന്നാണ്. അവരുടെ ഭരണപരമായ പരമാധികാരത്വം ദൈവത്തിൽ നിന്നും നേരിട്ട് ലബ്ധമാവുന്നതാണ്.

മറ്റൊരു രീതിയിലുള്ള പരമാധികാരത്വം ഖുർആനിൽ പ്രതിപാദിച്ചത് പ്രവാചകത്വം മുഖേന ലഭിക്കുന്നതാണ്. താഴെ പറയുന്ന വചനത്തിൽ ഇക്കാര്യം വ്യക്തമാവുന്നു.

"വിശ്വസിച്ചവരെ, അല്ലാഹുവിനെ അനുസരിക്കുക (അവന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള അധികാരസ്ഥരേയും അനുസരിക്കുക. പിന്നെ നിങ്ങൾ ഏതെങ്കിലും ഒരു കാര്യത്തിൽ

അന്യോന്യം ഭിന്നിച്ചാൽ അത് അല്ലാഹുവിങ്കലേക്കും (അവന്റെ) ദൂതങ്കലേക്കും (തീരുമാനത്തിനായി) ഏല്പിക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ. അതാണ് ഏറ്റവും ഉത്തമമായതും ഏറ്റവും നല്ല ഗുണപര്യവസായിയും (4:60)

ഈ ഖുർആൻ വചനങ്ങൾ നാം തിരഞ്ഞെടുത്തത് ഭരണാധികാരികളുടെ തരംതിരിവിന് വേണ്ടി മാത്രമല്ല. ഖുർആന്റെ അടിസ്ഥാനത്തിൽ ജനാധിപത്യ സമ്പ്രദായം എല്ലായ്പ്പോഴും ശരിയായിരിക്കണമെന്നില്ല എന്ന് സമർത്ഥിക്കാൻ കൂടിയാണ്. ജനങ്ങളുടെ മൃഗീയ ഭൂരിപക്ഷത്തിന് ചിലപ്പോൾ ഒരു വ്യക്തിയിലെ മഹത്വമാർന്ന നേതൃത്വ ഗുണങ്ങൾ കണ്ടെത്തുവാൻ സാധ്യമായില്ല എന്ന് വരും. നേതൃഗുണമുള്ള ഒരാൾ ഒരാൾ ഭരണാധികാരിയായി സ്വയം അധികാരസ്ഥനായാൽ തന്നെ ജനങ്ങൾ ആ നിയമനത്തിലൂള്ള പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്യും. എല്ലാ രാഷ്ട്രീയ മാനദണ്ഡവുമനുസരിച്ച് അദ്ദേഹത്തിന്റെ നിയമനം ഏകാധിപത്യമാണെന്ന് മുറവിളിയുയരും. ഇത്തരം തീരുമാനങ്ങൾ ജനഹിതത്തിനെതിരായിരിക്കാം. പക്ഷേ ജനങ്ങളുടെ താല്പര്യത്തിനെതിരാകണമെന്നില്ല. ജനകീയ ജനാധിപത്യത്തിന്റെ ഒരു ആന്തര ദൗർബല്യമെന്താണെന്ന് വെച്ചാൽ, ജനങ്ങൾ അവരുടെ അഭിപ്രായങ്ങൾ രൂപീകരിക്കുന്നത് ബഹിർഭാഗസ്ഥമായ പുറംമോടികളിൽ ആകൃഷ്ടരായും, തൊട്ടടുത്ത് നടന്ന സംഭവങ്ങളെ വിലയിരുത്തിക്കൊണ്ടുമാണ്. അവരുടെ ആത്യന്തികമായ നന്മക്ക് യോജിച്ച രീതിയിൽ തികച്ചും യോഗ്യനായ ഒരാളെ കണ്ടെത്തുന്നതിൽ അവരുടെ വിധിയെഴുത്ത് പരാജയപ്പെടുകയും ചെയ്യുന്നു. ദൈവത്തിന്റെ സ്നേഹത്തിന് പാത്രമായ ജനങ്ങളുടെ ചരിത്രം പരിശോധിച്ചാൽ നമുക്ക് ബോദ്ധ്യമാവുന്ന ഒരു കാര്യം. ആ ജനതയ്ക്ക് രാഷ്ട്രീയ അതിജീവനത്തിന്റെ സമയം ആഗതമായാൽ ദൈവികമായ ഇടപെടലുകൾ ഉണ്ടാവുന്നു. അത്തരം സന്ദർഭങ്ങളിൽ ദൈവം തന്റെ അഭീഷ്ടത്തിനനുസരിച്ചുള്ള ഒരു ഭരണാധികാരിയെ അല്ലെങ്കിൽ നേതാവിനെ അവന്റെ, കരങ്ങളാൽ തന്നെ നിയോഗിക്കുന്നു. ഇതിൽ നിന്നും എല്ലാ ഭരണാധികാരികളും നേതാക്കന്മാരും ദിവ്യമായ രീതിയിൽ അധികാരമുള്ളവരാണെന്ന് അർത്ഥമില്ല. ഇത് മധ്യകാലഘട്ടത്തിലെ ഒരു ക്രിസ്തീയ ദുർധാരണയാണ്. ഖുർആനുമായി അതിന്നു ബന്ധമില്ല. ഉദാഹരണത്തിന് റിച്ചാർഡ് രാജാവിന്റെ വിലാപം ഷേക്സ്പിയർ വർണ്ണിച്ചത് കേൾക്കുക.

Not all waters of rough rade seas can wash the balm of am anointed king (Shakespear)

"പ്രക്ഷുബ്ധമായ ഈ സമുദ്രജല മഖിലം കൊണ്ടും ദൈവത്താൽ അഭിഷിക്തനായ രാജാവിന്റെ ലേപന തൈലം കഴുകിക്കളയാൻ പറ്റില്ല" (ഷേക് സ്പിയർ)

## ജനാധിപത്യത്തിന്റെ നിർവ്വചനം

ഗ്രീക്ക് മൂലാർത്ഥം കൂടാതെ ജനാധിപത്യ സങ്കൽപത്തെ സംബന്ധിച്ചുള്ള അബ്രഹാം ലിങ്കന്റെ നിർവ്വചനം ഇപ്രകാരമാണ്. "ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ ഗവൺമെന്റ്" എന്നാണ്. ഈ നിർവ്വചനം ആവർത്തനം കൊണ്ട് വിരസമാണെങ്കിലും അപൂർവ്വമായി മാത്രമേ പൂർണാർത്ഥത്തിൽ ലോകത്ത് ജനാധിപത്യം പ്രയുക്തമായിട്ടുള്ളൂ. ഈ നിർവ്വചനത്തിലെ 'ജനങ്ങൾക്ക് വേണ്ടി' എന്ന ഭാഗം അവ്യക്തവും സാർവ്വത്രികമായി അപകടം നിറഞ്ഞതുമാണ്. പൂർണമായ ആത്മവിശ്വാസത്തോടെ ജനങ്ങൾക്ക് വേണ്ടിയുള്ള' ഗവൺമെന്റ് എന്ന് നമുക്ക് എങ്ങിനെ പറയാൻ കഴിയും? ഭൂരിപക്ഷത്തിന്റേതായ ഭരണസമ്പ്രദായത്തിൽ 'ജനങ്ങൾക്ക് വേണ്ടി' എന്ന സങ്കൽപം വളരെ അപൂർവ്വമായി മാത്രമേ പ്രായോഗികമാവാറുള്ളൂ. ഭൂരിപക്ഷത്തിനുവേണ്ടിയുള്ളതാണ് ആ ഭരണ സമ്പ്രദായം. അവശേഷിക്കുന്ന ന്യൂനപക്ഷത്തിന് വേണ്ടിയുള്ളതല്ല.

ഒരു ജനാധിപത്യക്രമത്തിൽ കേവല ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ ഒരു നിർണ്ണായക തീരുമാനമെടുക്കാൻ സാധ്യമാണ്. എന്നാൽ കണക്കുകളും വസ്തുതകളും വെച്ച് തലനാരിഴ കീറി വിശകലനം ചെയ്താൽ ആ തീരുമാനങ്ങൾ ജനാധിപത്യപരമായി അംഗീകാരമുള്ളതും ഭൂരിപക്ഷത്തിനുമേൽ അടിച്ചേൽപ്പിക്കപ്പെടുന്നതുമായ ന്യൂനപക്ഷത്തിന്റെ അഭിപ്രായമായിരിക്കുമെന്ന് നിങ്ങൾക്ക് കണ്ടെത്താൻ സാധിക്കും. ജനാധിപത്യത്തിലെ അനേകം സംഭവ്യതകളിലൊന്ന് ഭരിക്കുന്ന പാർട്ടി മിക്ക നിയോജകമണ്ഡലങ്ങളിലും നേരിയ ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പിൽ ജയിച്ചുകൊണ്ട് അധികാരത്തിലേറുന്നു എന്നതാണ്. മറ്റൊന്ന് വോട്ടെടുപ്പ് ദിവസം വോട്ടവകാശം രേഖപ്പെടുത്തിയവർ മൊത്തം വോട്ടർമാരേക്കാൾ വളരെ കുറച്ചുപേരായിരിക്കാം. ഈ വസ്തുതകൾ ഭരണത്തിലേറിയ കക്ഷിക്ക് യഥാർത്ഥത്തിൽ ഭൂരിപക്ഷം ഉണ്ടോ എന്ന കാര്യത്തെ സംബന്ധിച്ച് സംശയം ജനിപ്പിക്കുന്നു. തിരഞ്ഞെടുപ്പിൽ ഒരു പാർട്ടിക്ക് ഭൂരിപക്ഷം ലഭിച്ചെങ്കിൽ തന്നെ അവരുടെ ഭരണ കാലയളവിൽ മറ്റു പല കാര്യങ്ങളും സംഭവിക്കാം. പൊതുജനാഭിപ്രായം പെട്ടെന്ന് ഭരണത്തിനെതിരായി മാറുകയാണെങ്കിൽ നിലവിലുള്ള ഭരണകൂടം ജനങ്ങളുടെ യഥാർത്ഥ പ്രതിനിധിയാണെന്ന് വരുന്നില്ല. അതായത് ഗവൺമെന്റിന്റെ മാറ്റം സ്വയംതന്നെ ജനങ്ങളുടെ അഭിപ്രായ മാറ്റത്തിന്റെ പ്രകടനമാണല്ലോ. അപ്പോൾ അഭിപ്രായമാറ്റമുണ്ടായ ജനതയുടെ പ്രാതിനിധ്യം ഭരണകൂടത്തിനില്ല എന്നു വരുന്നു. സർക്കാർ അതിന്റെ വോട്ടർമാരുടെ ജനകീയ സമ്മതിയിൽ നിൽക്കുമ്പോൾപോലും ഗവൺമെന്റ് എടുക്കുന്ന ചില നിർണ്ണായക തീരുമാനങ്ങൾക്ക് ഭരിക്കുന്ന പാർട്ടിയുടെ ഭൂരിപക്ഷ സമ്മതി ഉണ്ടായിരിക്കണമെന്നില്ല. ഭരിക്കുന്ന പാർട്ടിയിലെ മിക്ക അംഗ

ങ്ങളും ഭൂരിപക്ഷാഭിപ്രായവുമായി എല്ലായ്പ്പോഴും ഹൃദയാത്മനാ യോജിപ്പുള്ളവരായിരിക്കില്ല. അവർ പാർട്ടിയോടുള്ള വിധേയത്വത്തിന് എതിരായി വോട്ട് രേഖപ്പെടുത്തിയെന്നും വരാം. ഭരിക്കുന്ന പാർട്ടിയിലെ അഭിപ്രായ വ്യത്യാസം അധികരിച്ച് പ്രതിപക്ഷ പാർട്ടിയേക്കാൾ അധികമാവുമ്പോൾ ഭൂരിപക്ഷ അഭിപ്രായം എന്ന് പറയപ്പെടുന്നത് വാസ്തവത്തിൽ ന്യൂനപക്ഷാഭിപ്രായമായി മാറുന്നു. അത്തരം അഭിപ്രായങ്ങൾ ജനങ്ങളിൽ അടിച്ചേൽപ്പിക്കപ്പെടുകയും ചെയ്യുന്നു.

ജനങ്ങൾക്ക് വേണ്ടി നല്ലതാണെന്ന് കരുതപ്പെടുന്ന സങ്കൽപങ്ങൾ കാലാകാലങ്ങളിലായി മാറ്റത്തിന് വിധേയമാണെന്ന കാര്യവും നാം കണക്കിലെടുക്കേണ്ടതുണ്ട്. ചില കേവലമായ ധാർമ്മിക മൂല്യങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ ജനങ്ങൾക്ക് വേണ്ടി ഒരു കാര്യം നല്ലതാണെന്ന് കരുതി തീരുമാനമെടുക്കുകയോ അതല്ല ചുരുങ്ങിയത് പാർട്ടിയുടെ അഭിപ്രായമനുസരിച്ച് നല്ലതേതാണെന്ന് തീരുമാനിക്കുകയോ ചെയ്യുമ്പോൾ നയരൂപീകരണങ്ങൾ സ്ഥിരമായി മാറ്റേണ്ടി വരും. ഇന്ന് നല്ലതാണെന്ന് കാണുന്നത് നാളെ ചീത്തയാണെന്ന് വരാം. അതിന്റെ പിറ്റേന്ന് വീണ്ടും നല്ലതാണെന്നും കാണാം.

ഇത്രവിപുലമായ തോതിൽ അര നൂറ്റാണ്ടുകാലം കമ്മ്യൂണിസം പരീക്ഷണം നടത്തിയത് ആത്യന്തികമായി 'ജനങ്ങൾക്ക് വേണ്ടി' എന്ന മുദ്രാവാക്യം മുഴക്കിയായിരുന്നു. എല്ലാ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും ഏകാധിപതികളായിരുന്നില്ല എന്ന് നാമോർക്കണം.

സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും ജനാധിപത്യ രാഷ്ട്രങ്ങളും തമ്മിലുള്ള വേർതിരിവ് രേഖ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റ് എന്നതാണെങ്കിൽ അത് വളരെ നേരിയതും ചിലപ്പോൾ നിലനിൽക്കാത്തതുമാണ്. ലോകത്തിലെ എല്ലാ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിലുമുള്ള ഭരണകൂടങ്ങളും ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടിട്ടില്ല. അധികാരത്തിൽ വന്നത് എന്ന് പറഞ്ഞ് ആർക്കെങ്കിലും അതിനെ കുറ്റപ്പെടുത്താൻ കഴിയുമോ? തീർച്ചയായും ഏകാധിപത്യ രാജ്യങ്ങളിൽ സ്ഥാനാർത്ഥികളിൽ നിന്നും പൊതുജനങ്ങൾക്ക് ഇഷ്ടാനുസരണം തിരഞ്ഞെടുക്കാനാവും. പക്ഷേ അവരാഗ്രഹിക്കുന്ന ആളുകളെ തിരഞ്ഞെടുക്കാനുള്ള അവസരം വളരെ പരിമിതമായിരിക്കും. ചുരുക്കും ചില രാജ്യങ്ങളൊഴിച്ച് പാശ്ചാത്യ ജനാധിപത്യ രാജ്യങ്ങളിലും ഇത്തരത്തിൽ ജനങ്ങൾക്ക് സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തിക്കൊണ്ട് ചില തന്ത്രങ്ങളും ചരടുവലികളും നടക്കാറുണ്ട്.

ചുരുക്കത്തിൽ ലോകത്തിലെ മിക്ക ദേശങ്ങളിലും ജനാധിപത്യത്തിന് സർവ്വത്ര സ്വാതന്ത്ര്യം നൽകപ്പെട്ടിട്ടില്ല. 'ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന ഗവൺമെന്റ്' എന്ന സങ്കൽപം വളരെ പരിമിതമായ തോതിലെ സാക്ഷാത്ക്കരിക്കപ്പെടുന്നുള്ളൂ. തിരഞ്ഞെടുപ്പ് കൃത്രിമം, കുതിരക്കച്ചവടം, പോലീസിനെ ഉപയോഗിച്ച് ഭീതിപരത്തിയുള്ള ഭരണം മുതലായ അഴിമതികളിലൂടെ ജനാധിപത്യത്തിന്റെ സത്തയും ചൈതന്യവും ശോഷിച്ചു പോയിരിക്കുന്നു. അന്തിമ വിശകലനത്തിൽ വളരെ കുറഞ്ഞ തോതിലേ ജനാധിപത്യം പ്രാവർത്തികമാകുന്നുള്ളൂ എന്ന് പറയാം.

**ഭൂരിപക്ഷത്തിന്റേതായ ഭരണസമ്പ്രദായത്തിൽ 'ജനങ്ങൾക്ക് വേണ്ടി' എന്ന സങ്കൽപം വളരെ അപൂർവ്വമായി മാത്രമേ പ്രായോഗികമാവാറുള്ളൂ. ഭൂരിപക്ഷത്തിനുവേണ്ടിയുള്ളതാണ് ആ ഭരണ സമ്പ്രദായം. അവശേഷിക്കുന്ന ന്യൂനപക്ഷത്തിന് വേണ്ടിയുള്ളതല്ല.**

## ജനാധിപത്യത്തിന്റെ ഇസ്‌ലാമിക നിർവ്വചനം

വിശുദ്ധ ഖുർആന്റെ അഭിപ്രായ പ്രകാരം ജനങ്ങൾക്ക് അവർക്ക് അനുയോജ്യമായ ഏതൊരു രാഷ്ട്രീയ വ്യവസ്ഥയും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ജനാധിപത്യം, ഏകാധിപത്യം, ഭരണം, ഗോത്രിയ ഭരണം, ഫ്യൂഡലിസം മുതലായവ ജനങ്ങളുടെ പാരമ്പര്യമനുസരിച്ച് അവരുടെ സമ്മത പ്രകാരം അനുവദിക്കപ്പെടേണ്ടതാണ്.

എന്നിരുന്നാലും വിശുദ്ധഖുർആൻ ജനാധിപത്യ സമ്പ്രദായമാണ് ഇഷ്ടപ്പെടുന്നതും ശുപാർശ ചെയ്യുന്നതുമെന്ന് കാണാം. മുസ്‌ലിംകൾക്ക് ഒരു ജനാധിപത്യവ്യവസ്ഥയാണ് ഖുർആൻ ഉപദേശിക്കുന്നത്. അതാകട്ടെ ഇന്നത്തെ പാശ്ചാത്യ രീതിയിലുള്ളതല്ല.

ജനാധിപത്യത്തിന് ഇസ്‌ലാം പൊള്ളയായ നിർവ്വചനം നൽകുന്നില്ല. അത് പരമപ്രധാനമായ ആദർശങ്ങൾക്കാണ് ഊന്നൽ നൽകുന്നത്. ബാക്കി ജനങ്ങൾക്ക് വിടുകയും ചെയ്യുന്നു. അത് പിന്തുടർന്നാൽ അവർക്ക് ഗുണകരമാണ്. അതിൽ നിന്നും അകന്ന് പോയാൽ സർവ്വ നാശവും.

## ഇസ്‌ലാമിക ജനാധിപത്യത്തിന്റെ രണ്ട് നെടും തൂണുകൾ

1. ജനാധിപത്യ പ്രക്രിയകൾ വിശ്വസ്തതയുടേയും സത്യസന്ധതയുടെയും അടിസ്ഥാനത്തിലായിരിക്കണം.

നിങ്ങൾ നിങ്ങളുടെ വോട്ടവകാശം രേഖപ്പെടുത്തുമ്പോൾ നിങ്ങളെ ദൈവം നോക്കി പാർത്തുകൊണ്ടിരിക്കുവെന്നും, നിങ്ങൾ നിങ്ങളുടെ വോട്ട

*(ശേഷം പേജ് 29 ൽ)*

# ദ്വിതീയ പ്രഭാവത്തിന്റെ പഞ്ചമ പ്രതിഭ

മുഹമ്മദ് ഉമർ

## നുബുവ്വത്തിനെത്തുടർന്നുള്ള രണ്ടാമത്തെ ദിവ്യാത്ഭുതമാണ് ഖിലാഫത്ത്. അഹ്മദിയ്യാ ഖിലാഫത്തിന്റെ അഞ്ചാം പ്രതിനിധിയായ ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിനെപ്പറ്റി

മുസ്ലിംകൾക്ക് ഖിലാഫത്ത് ഒരു നഷ്ട സ്മൃതിയാണ്. വർത്തമാനകാലത്തിന്റെ വേദനാജനകമായ അനുഭവങ്ങൾ ഗൃഹാതുരത്വത്തോടെ ഖിലാഫത്തിനെ പറ്റിയുള്ള ഗതകാലസ്മരണകളിലേക്ക് അവരെ നയിക്കുന്നു. നെടുവീർപ്പുകളും തപ്ത നിശ്വാസങ്ങളുമായി ദു:ഖമയമായ ആ ചിന്തകൾ അവരെ അസ്വസ്തമാക്കുന്നു. സോളമന്റെ കാലത്തെ പ്രതാപങ്ങളെ ഓർത്ത് ഭിത്തിയിൽ തലയിട്ടടിക്കുന്ന യഹൂദികളെ പോലെ മുസ്ലിം സമുദായത്തിന്റെ ഖിലാഫത്തിനെക്കുറിച്ചുള്ള ഈ ആർത്തനാദങ്ങൾ മുസ്ലിം പ്രസിദ്ധീകരണങ്ങളിൽ ഇടക്കിടെ തല പൊക്കാറുണ്ട് - അത്തരത്തിലൊരു പരാമർശമിങ്ങനെയാണ്.

"ആഭ്യന്തരമായ ഐക്യപ്പെടലിന് ഏക പോംവഴി രാഷ്ട്രീയമായ ഖിലാഫത്ത് പോലുള്ള ഒരു സംവിധാനമുണ്ടാവുകയെന്നത് മാത്രമാണ്. ഖിലാഫത്തിന് പുതിയ സാഹചര്യത്തിൽ ഒരു പ്രായോഗിക മാർഗ്ഗം ആലോചിച്ചും ഗവേഷണത്തിലൂടെ കണ്ടെത്തിയും യാഥാർത്ഥ്യമാക്കുക. ഇത് തടയാൻ ശത്രുക്കൾ എല്ലാ അടവുകളും പയറ്റുമെന്ന് മുൻകൂട്ടി കണ്ടു തന്നെ ശ്രമിക്കുക. അന്താരാഷ്ട്ര മുസ് ലിം സമൂഹത്തെ മാത്രമല്ല. സാമ്രാജ്യത്വത്തിന്റെ ക്രൂരമായ ചൂഷണത്തിനും അടിച്ചമർത്തലിനും വിധേയമാകുന്ന ദരിദ്ര ജന കോടികളെയും ദരിദ്ര നാടുകളെയും രക്ഷിക്കാൻ മുസ്ലിം കളുടെ മുന്നിൽ ഇതൊന്നു മാത്രമാണ് പോംവഴി" എന്ന് ശബാബ് വാരികയുടെ അഭിപ്രായത്തെപ്പറ്റി (2003 ഏപ്രിൽ 11) ആരാഞ്ഞപ്പോൾ ജമാഅത്തെ ഇസ്ലാമി മാസികയായ പ്രബോധനത്തിന്റെ പ്രതികരണം നോ കമന്റ് (10 മെയ് 2003) എന്നാണ്.

മുജാഹിദുകളുടെ വഴിവിട്ടുള്ള രാഷ്ട്രീയ മോഡൽ ഖിലാഫത്ത് മോഹങ്ങൾ കരഞ്ഞ് തീർക്കുന്നത് കണ്ടാണ് മറ്റൊരു ഭരണകൂട ഖിലാഫത്ത് കാമുകനായ ജമാഅത്തെ ഇസ്ലാമിക്കാരൻ കമന്റൊന്നും പറയാതെ പിന്തുണച്ചത്. പ്രബോധനത്തിന്റെ 'നോ കമന്റ്' വായിച്ചാൽ തോന്നും ഇക്കാര്യങ്ങൾ ഈ രണ്ടു മഹാപ്രസ്ഥാനങ്ങൾക്ക് ഇതുവരെ അഭിപ്രായ ഐക്യമില്ലാത്തത് കൊണ്ടാണ് ഖിലാഫത്ത് വരാത്തതെന്ന്. ഖിലാഫത്ത് ഉണ്ടാക്കാൻ ശ്രമിച്ചാൽ തടയാൻ എല്ലാ അടവുകളും ശത്രുക്കൾ പയറ്റുമെന്നാണ് മുജാഹിദുകാരന്റെ പേടി. അപ്പോൾ പിന്നെ അറബികൾ നൽകിയ പണവും സ്വത്തും അന്യോന്യം പിടിച്ചു പറിക്കാൻ വേണ്ടി സ്വന്തം സംഘടനയായ കേരള നദ്‌വത്തുൽ മുജാഹിദീൻ പിളർത്തിയത് ആരാണ്? ആഗോള ഇസ്ലാമിക ശത്രുക്കളായ അമേരിക്കയും, ബ്രിട്ടനും, യഹൂദികളുമാണോ? കെട്ടുനാറുന്ന മുസ്ലിം കക്ഷികളുടെ സ്വന്തം വൃത്തികേടുകൾ വ്രണമായി പൊട്ടിയൊലിക്കുമ്പോഴും ഇത്തരം വങ്കൻ ചിന്തകൾ വായനക്കാർക്ക് വിളമ്പുന്നതിൽ ഇക്കൂട്ടർക്ക് ലജ്ജയില്ലേ? ഒരു സംഘടനയായി നിൽക്കാൻ പോലും നിങ്ങൾക്ക് യോഗ്യതയില്ല. എന്നിട്ടല്ലേ ദൈവ ലബ്ധമായ ഖിലാഫത്തിന്റെ പ്രാതിനിധ്യം വഹിക്കൽ.

ബാഗ്ദാദിലെ നാമമാത്രമായ ഖിലാ

ഫത്തിനെക്കുറിച്ച് ശബാബിന്റെ അഭിപ്രായം അതു "ഖിലാഫത്തിന്റെ ഒരു സമാനരൂപം മാത്രമായിരുന്നു; അതും സ്വയം ഖലീഫയെന്ന് വിളിക്കുവാൻ മടി കാണിച്ചിരുന്ന ഒരു രൂപവും യൂറോപ്പിലെ ഒരു രോഗിയും" ആയിരുന്നുവെന്നാണ്. മൃതദേഹങ്ങളെ എഴുന്നേൽപ്പിച്ച് നടത്തുമെന്ന് അവകാശപ്പെട്ട് ആഭിചാരകർമ്മങ്ങളിലേർപ്പെടുന്ന ആഫ്രിക്കൻ കൂടോത്രക്കാരെപ്പോലെ പ്രേത സമാനമായ തുർക്കി ഖിലാഫത്തിനെ പുനഃസ്ഥാപിക്കാൻ ലോക മുസ്‌ലിംകളുടെ പണ്ഡിതന്മാരും ഭരണാധികാരികളും ശ്രമിക്കുകയുണ്ടായി. എന്നാൽ നിരാശരായി അവർ പിൻമാറുകയാണുണ്ടായത്.

കുറച്ച് മുമ്പ് കൈറോവിൽ സമ്മേളിച്ച മുസ്‌ലിം ഭരണകർത്താക്കളുടെ ഉച്ചകോടി സമ്മേളനത്തിൽ ഖിലാഫത്ത് പുനഃസ്ഥാപനത്തെക്കുറിച്ച് ചർച്ചകൾ നടത്തി താഴെപ്പറയുന്ന ഒരു പ്രമേയം പാസ്സാക്കി.

ഇന്നൽ ഖിലാഫത്ത ശ്ശറഹിയ്യത്തൽ മുജ്തമിഅത്ത് ലിശുറിത്തിഹാ

ലാ യുംകിനു തഹ്ഖുഖഹാ ബിന്നിസ്ബത്തി ലിൽ ഹാലത്തില്ലത്തീ അലൈഹൽ

മുസ്‌ലിമൂനൽആൻ

അതായത് ഇന്നത്തെ മുസ്‌ലിംകളുടെ അവസ്ഥ വെച്ച് നോക്കുമ്പോൾ ഇസ്‌ലാമിക ശരീഅത്തിൽ അധിഷ്ഠിതമായ ഒരു ഖിലാഫത്ത് അതിന്റെ എല്ലാ നിബന്ധനകളോടും കൂടി സ്ഥാപിക്കുക അസംഭവ്യമാണ്.

ഈ ദുരവസ്ഥയെക്കുറിച്ച് സുപ്രസിദ്ധ മത പണ്ഡിതനും തത്വചിന്തകനും ആയിരുന്ന മൗലാനാ അബ്ദുൽ മാജിദു സാഹിബ് ദർയാബാദി തന്റെ 'സിദ്ഖ് ജദീദ്' എന്ന പത്രത്തിലെഴുതുന്നു.

"ഇത്രയധികം ഭിന്നതകളും അന്തഃഛിദ്രങ്ങളും ഉണ്ടായിട്ടും, ഇറാഖിന്റെ മുഖം ഏത് ഭാഗത്താണ്, ശാം ഏത് ദിശയിലാണ്, ഈജിപ്ത് എങ്ങോട്ടാണ് ഹിജാസിന്റെയും യമന്റെയും ലബനാനിന്റെയും ഉദ്ദിഷ്ട ലക്ഷ്യം എന്താണെന്ന കാര്യത്തിൽ ആരുടെയും ചിന്ത പോകുന്നില്ല എന്ന കാര്യം വളരെ വേദനാജനകമാണ്. ഒരു ഖിലാഫത്തെ ഇസ്‌ലാമിയ ഇന്നുണ്ടായിരുന്നുവെങ്കിൽ മുസ്‌ലിം സമുദായവും അവരുടെ ഭരണകൂടങ്ങളും ഈ രീതിയിൽ തുണ്ടംതുണ്ടമായി ചിന്നിച്ചിതറുമായിരുന്നില്ല. തുർക്കിയും ഇതര മുസ്‌ലിം ഭരണകർത്താക്കളും ഖിലാഫത്തിന്റെ പതനത്തിനുള്ള ശിക്ഷ അനുഭവിച്ച് കൊണ്ടിരിക്കുകയാണ്. ഖിലാഫത്തിനെ ഉപേക്ഷിച്ച് കൊണ്ട് ചെറിയ ചെറിയ വിഭാഗങ്ങളും അന്തർവിഭാഗങ്ങളും ആയിത്തീരാനുള്ള ശൈത്താന്റെ മന്ത്രം ഇന്നും ഇവരുടെ മസ്തിഷ്കത്തിൽ പതിഞ്ഞിരിക്കുകയാണ്. (സിദ്ഖ് ജദീദ് 1. 3. 74)

ഈ അടുത്തു ഇറാഖിനു നേരെ നടന്ന അമേരിക്കയുടെ അധിനിവേശത്തെക്കുറിച്ച് പ്രബോധനം മാസിക എഴുതുന്നു.

" കെയ്റോവിൽ സമ്മേളിച്ച അറബ് ലീഗ് വിദേശ കാര്യ മന്ത്രിമാരുടെ യോഗം ഇറാഖിനെ സഹായിക്കുന്ന കാര്യത്തിൽ ഒരു യോജിപ്പിലും എത്താതെ പിരിയുകയായിരുന്നു. ചുരുങ്ങിയത്, സഹോദര രാജ്യത്തെ ആക്രമിക്കുന്നതിന് സ്വന്തം മണ്ണു താവളമാക്കാൻ ഒരു അയൽനാടും അനുവദിക്കരുതെന്ന നിർദ്ദേശം പോലും സ്വീകരിക്കപ്പെടാതെ പോയി..... ആദർശപരമായും ധാർമ്മികമായും ദുഷിച്ച ശിഥിലരും ബലഹീനരും ആയിത്തീർന്ന മുസ്‌ലിം ലോകത്തെ നൂറ്റാണ്ടുകളോളം അടക്കി ഭരിച്ച കോളനി വാഴ്ചക്കാർ ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടെ തിരിച്ചുപോയശേഷം മുസ്‌ലിം നാടുകളുടെ അധികാര പീഠങ്ങളിൽ പ്രതിഷ്ഠിക്കപ്പെട്ടത് തനി സാമ്രാജ്യത്വപാവകളും പാശ്ചാത്യ സംസ്കാരത്തിന്റെ ഉൽപന്നങ്ങളും ഇസ്‌ലാമിന്റെ ശത്രുക്കളുമായിരുന്നു എന്ന വിവരം പുതിയതല്ല. അങ്ങനെ പ്രതികരണശേഷി നശിച്ച സാമ്രാജ്യത്വത്തിന്റെയും പുത്തൻ ജാഹിലിയത്തിന്റെയും കുടില തന്ത്രങ്ങളെക്കുറിച്ച് ബോധ്യമേയില്ലാത്ത തലമുറകൾ വളർന്നുവന്നു. വിനാശകരമായ ഈ പോക്കിന് തടയിടേണ്ട മതപണ്ഡിതന്മാർ ദീനാറിന്നും ദിർഹമിന്നും വേണ്ടി ദീനിനെ വിററു. ......... ഗൾഫ് യുദ്ധം സൃഷ്ടിച്ചെടുത്ത അമേരിക്ക, സഊദി അറേബ്യയിലും കുവൈത്തിലും, ഖത്തറിലും ബഹറൈനിലും സൈനികത്താവളങ്ങൾ സ്ഥാപിച്ചതോടെ ഇനിയൊരിക്കലും ഒരു തിരിച്ചുപോക്കു യാങ്കികളുടെ അജണ്ടയിലില്ലെന്നു വ്യക്തമായി.

*(പ്രബോധനം 10, മെയ് 2003 പേജ് 28)*

ഈ സമുദായം ഇന്ന് അസ്ഫലുസ്സാലിഫീനിൽ എത്തിച്ചേർന്നിരിക്കുകയാണ്. ഖിലാഫത്ത് എന്ന അനുഗൃഹീത നേതൃത്വമില്ലാത്ത കഴിഞ്ഞ എട്ട് പതിറ്റാണ്ടുകൾ ആഗോള മുസ്‌ലിം സമുദായത്തെ പാശ്ചാത്യ നാഗരികതയുടെ അടിമകളാക്കി മാറ്റിയിരിക്കുന്നു. സമൂഹത്തിന്റെ നേതൃത്വത്തിനും സംഘബോധത്തിനും ഇസ്‌ലാം നൽകിയത്ര പ്രാധാന്യം മറ്റൊരു മതവും നല്കിയിട്ടില്ല. പക്ഷേ ഖിലാഫത്ത് പുനഃസ്ഥാപനത്തിന്റെ ഇസ്‌ലാമിക മാർഗ്ഗമെന്താണെന്ന് മുസ്‌ലിംകൾ ചിന്തിക്കുന്നില്ല. ഇക്കാര്യത്തിൽ അവർ മറ്റു ഭൗതിക പ്രസ്ഥാനങ്ങളെ അനുകരിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണ് ഖിലാഫത്ത് അവർക്ക് ഒരിക്കലും സാക്ഷാൽക്കരിക്കാൻ കഴിയാത്ത മരീചികയായി മാറുന്നത്.

ഒരു കാര്യം ഇവിടെ വ്യക്തമാക്കാതെ നിർവ്വാഹമില്ല. അതായത് മുസ്‌ലിം സമുദായത്തിന്ന് തങ്ങളുടെതായ ഒരു ഖിലാഫത്ത് സ്ഥാപിക്കുവാനുള്ള ആഗ്രഹം ഒരിക്കലും സാക്ഷാത്ക്കരിക്കപ്പെടുന്നതല്ല. കാരണം, ഹസ്റത്ത് റസൂൽ തിരുമേനി (സ) വളരെ സ്പഷ്ടമായ നിലയിൽ ഖിലാഫത്തിനു മുമ്പ് നുബുവ്വത്തുണ്ടാകണമെന്ന് നിർദ്ദേശിച്ചിരുന്നു.

## ഖിലാഫത്തിനു മുമ്പ് നുബുവ്വത്ത് ഉണ്ടായിരിക്കണം

മാ കാനത്ത് നുബുവ്വത്ത ഖത്തു

ഇല്ലാതബി അത്ത്ഹാ ഖിലാഫത്തുൻ

ഓരോ നുബുവ്വത്തിനും ശേഷം ഖിലാഫത്ത് ഉണ്ടായിരിക്കുന്നതാണ്. (കൻസുൽ ഉമ്മാൽ വാല്യം 3. പേജ് 119)

അതായത്, ഒരു ഖിലാഫത്തിന്റെ കാലഘട്ടം അവസാനിച്ചാൽ മറ്റൊരു

ഖിലാഫത്ത് പുന:സ്ഥാപിക്കണമെങ്കിൽ അതിനു മുമ്പ് നുബുവ്വത്തിന്റെ ആവശ്യമുണ്ട്.

ഹസ്റത്ത് റസൂൽ തിരുമേനി (സ) യുടെ പ്രവചനങ്ങളനുസരിച്ച് അദ്ദേഹത്തിന്റെ പ്രതിച്ഛായയിൽ അദ്ദേഹത്തിന്റെ തന്നെ ദാസത്വം സ്വീകരിച്ച് വാഗ്ദത്ത മഹ്ദി മസീഹായും ഒരു ശിഷ്യ പ്രവാചകനുമായും അവതീർണ്ണരായ ഹസ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ വിയോഗാനന്തരം അല്ലാഹു ആയത്തെ ഇസ്തിഖ്ലാഫിൽ ചെയ്ത വാഗ്ദാനമനുസരിച്ച് 1908 മെയ് 27-ാം തീയതി അഹ്മദിയാ ജമാഅത്തിൽ ഖിലാഫത്ത് സംസ്ഥാപിതമായി.

ഹസ്റത്ത് മൗലാനാ ഹക്കിം നുറുദ്ദീൻ(റ)യുടെ ഖിലാഫത്ത് കാലം അദ്ദേഹത്തിന്റെ വിയോഗത്തോടുകൂടി അവസാനിക്കുകയും 1914 മാർച്ച് 14-ാം തീയതി ഖിലാഫത്തിന്റെ രണ്ടാമത്തെ കാലഘട്ടം ആരംഭിക്കുകയും ചെയ്തു. ഹസ്റത്ത് മിർസാ ബശിറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് (റ) ന്റെ 52 വർഷക്കാലത്തെ സുദീർഘവും വിജയസമ്പൂർണ്ണവും ആയ ഖിലാഫത്തിനു ശേഷം 1965 നവംബർ 8-ാം തീയതി ഹസ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബിന്റെ ഖിലാഫത്ത് സമാരംഭിച്ചു. 17 വർഷക്കാലത്തെ സംഭവ ബഹുലമായ ഖിലാഫത്തിനു ശേഷം 1982 ജൂൺ 9-ാം തീയതി ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബിന്റെ ഖിലാഫത്ത് സമാരംഭിക്കുകയും 21 വർഷക്കാലത്തിനകം അഹ്മദിയാ ജമാഅത്തിന് ആഗോളാടിസ്ഥാനത്തിൽ ശക്തമായ രൂപം നൽകിക്കൊണ്ട് 2003 ഏപ്രിൽ 19-ാം നുതന്റെ നാഥനിലേക്ക് യാത്രയാവുകയും ചെയ്തു. അതിനുശേഷം ഏപ്രിൽ 23 ന് ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് (അയ്യദഹുല്ലാഹു ത്ത ആല ബിനസ്റിഹിൽ അസീസ്) ഹസ്റത്ത് മസീഹ് മൗഊദിന്റെ അഞ്ചാം ഖലീഫയായി സ്ഥാനാരോഹണം ചെയ്യപ്പെട്ടു.

അങ്ങിനെ കാലപ്രവാഹത്തിന്റെ കുത്തൊഴുക്കിൽ യാതൊരു അപകടവും സംഭവിക്കാതെ ഖിലാഫത്തിന്റെ കെടാവിളക്കിന് രമ്യമനോഹരമായ സംക്രമണവും നവ്യശോഭയും കൈവന്നിരിക്കുന്നു.

## ഇന്നീ മഅക്ക യാ മസ്റൂർ

അവസാനകാലത്ത് മുസ്ലിം സമുദായത്തിൽ നിന്നും ഈമാൻ കാർത്തിക നക്ഷത്രത്തോളം ഉയർന്നുപോകുന്ന സ്ഥിതി സംജാതമാകുമ്പോൾ അതിനെ ഫാർസി വംശജരായ ചില പുരുഷൻമാർ വീണ്ടും ഹൃദയങ്ങളിൽ പുന:സ്ഥാപിക്കുകയും രൂഢമൂലമാക്കുകയും ചെയ്യുന്നതാണെന്ന് ഹസ്റത്ത് റസൂൽ കരിം (സ) പ്രവചിച്ചിരിക്കുന്നു.

ലൗകാനൽ ഈമാനു ഇന്തസ്സുരയ്യാ ലനാലഹു റജ്ലുൻ ഔരിജാലുൻ മിൻ അബ്നാഇൽഫാരിസ് ''ഈമാൻ കാർത്തികാ നക്ഷത്രം വരെ ഉയർന്നുപോയാൽ അതിനെ ഫാർസി വംശജനായ ഒരാളോ ചിലരോ വീണ്ടും കൊണ്ടുവരുന്നതാണ്."

ഫാർസി വംശജനായ വാഗ്ദത്ത മസീഹിന്റെ വഫാത്തിനുശേഷം ആഗതരായ അദ്ദേഹത്തിന്റെ ഖലീഫമാരിൽ ഹ: മുസ്ലിഹ് മൗഊദുതൊട്ടു വന്ന ഖലീഫമാരെല്ലാം തന്നെ ഫാർസി വംശജരായിരുന്നു.

ഇത് സംബന്ധിച്ച് രണ്ടാം ഖലീഫ ഹസ്റത്ത് മുസ്ലിഹ് മൗഊദ് (റ) അരുൾ ചെയ്യുന്നു.

"ഏതൊരുദ്ദേശ്യ നിർവ്വഹണത്തിന് വേണ്ടിയാണോ അല്ലാഹു ഹസ്റത്ത് വാഗ്ദത്ത മഹ്ദി മസീഹിനെ നിയുക്തനാക്കിയിരിക്കുന്നതു ആ ഉദ്ദേശ്യ നിർവഹണത്തിന് മുമ്പിൽ ലോകത്തുള്ള ഒരു ശക്തിക്കും സുശക്ത ഭരണകൂടത്തിനും നിൽക്കുവാൻ സാധിക്കുന്നതല്ല..... ഇസ്ലാം മതത്തിന് അപായമുണ്ടാകുമ്പോൾ അതിന്റെ സംരക്ഷണത്തിനായി അഹ്ലെ ഫാരിസിൽ (ഫാർസി കുടുംബത്തിൽ) നിന്നും ചിലരെ അല്ലാഹു എഴുന്നേൽപ്പിക്കുന്നതാണ് എന്ന് ഹസ്റത്ത് റസൂൽ തിരുമേനി (സ) പ്രവചിക്കുകയുണ്ടായി. ഹസ്റത്ത് വാഗ്ദത്ത മസീഹ് (അ) അവരിൽപെട്ട ഒരാളായിരുന്നു. ഒരാൾ ഞാനാണ്. റിജാലുൻ എന്ന വാക്കിൽ നിന്ന് മനസ്സിലാവുന്നത് ഇസ്ലാമിന്റെ മഹത്വത്തെ നിലനിറുത്തുന്നതിനും അതിന്റെ അസ്തിവാരങ്ങളെ സുദൃഢമാക്കുന്നതിനുമായി ഫാർസി വംശത്തിൽ നിന്നും ചിലർ എഴുന്നേൽപ്പിക്കപ്പെടുന്നതാണെന്നാണ്. (അൽഫസൽ 8-3-1950)

ഈ പ്രഭാഷണം നടത്തി ഒരാഴ്ച പൂർത്തിയായപ്പോൾ അഹ്മദിയാ ജമാഅത്തിൽ ഇപ്പോൾ അഞ്ചാം ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ട ഫാർസി വംശജനായ ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് 15-3-1950 ൽ ഭൂജാതനായി.

ഹസ്റത്ത് വാഗ്ദത്ത മസീഹിന്റെ ഈ അഞ്ചാം ഖലീഫയെപ്പറ്റി അല്ലാഹു അദ്ദേഹത്തിനു പല സുവിശേഷങ്ങളടങ്ങിയ ദിവ്യവെളിപാടുകൾ എത്രയോ വർഷങ്ങൾക്കു മുമ്പുതന്നെ നൽകുകയുണ്ടായി. അവയിൽ ചിലത് ചുവടെ ചേർക്കുന്നു.

ഇന്നീ മഅക്ക യാ മസ്റൂർ അല്ലയോ മസ്റൂർ, ഞാൻ നിന്റെ കൂടെയുണ്ട്.

മൈ തേരേസാഥ് ഔർ തേരെ
തമാം പ്യാരോൻ കെ സാഥ് ഹും

ഞാൻ നിന്റെ കൂടെയുണ്ട്. നിന്റെ എല്ലാ പ്രിയപ്പെട്ടവരുടെ കൂടെയുമുണ്ട്.

ഇന്നീ മഅക്ക വമഅ അഹ്ലിക്ക
അഹ്മിലു അവ്സാറക്ക

ഞാൻ നിന്റെ കൂടെയുണ്ട്. നിന്റെ കുടുംബത്തിന്റെ കൂടെയുണ്ട്. നിന്റെ ഭാരങ്ങൾ ഞാൻ ചുമക്കുന്നതാണ്.

'വളഅ്നന്നാസ തഹ്ത്ത അഖ്ദാമിക്ക' ഞാൻ ജനങ്ങളെ നിന്റെ കാലടിക്കീഴിലാക്കും. 'വഖഅവാഖിഉൻ വഹലക്ക ഹാലിക്കുൻ'. ഒരു സംഭവം നടക്കുന്നതാണ്. (അതിൽ) നശിക്കുന്നവൻ നശിക്കുന്നതായിരിക്കും. ഈ ദിവ്യവെളിപാടുകളൊക്കെ 1907 ൽ വാഗ്ദത്ത മസീഹിന്നുണ്ടായതാണ്. ഇവയൊക്കെ അതത് സന്ദർഭങ്ങളിൽ പുലരുന്നതായിരിക്കും.

ഹസ്റത്ത് വാഗ്ദത്ത മസീഹിന്ന് തന്റെ മകൻ ഹസ്റത്ത് മിർസാ ശരീഫ് അഹ്മദു സാഹിബിനെ ക്കറിച്ച് ഒരു ദിവ്യവെളിപാടുണ്ടായി.

അബ് തു ഹമാരീ ജഗഹ് ബൈട്ട്
ഔർ ഹം ചൽ തേ ഹൈ (ൻ)

അതായത് ഇപ്പോൾ നീ നമ്മുടെ

സ്ഥാനത്തിരിക്കുക. നാം ഇതാ പോകുന്നു.

ഈ പ്രവചനം ഹസ്റത്ത് മിർസാ ശരീഫ് അഹ്മദ് (റ) ന്റെ പൗത്രൻ ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദിൽ പൂർത്തിയായിരിക്കുന്നു.

പ്രവചനങ്ങളുടെ അത്ഭുത പ്രതിഭാസങ്ങളിൽ ഒന്ന് പ്രവചിക്കപ്പെട്ട കാര്യം പ്രവചിക്കപ്പെട്ട ആൾക്ക് പകരമായി അദ്ദേഹത്തിന്റെ പുത്രനിലോ പൗത്രനിലോ അതല്ല കുടുംബത്തിൽപെട്ട മറ്റേതെങ്കിലും വ്യക്തിയിലോ സാക്ഷാൽക്കരിക്കപ്പെടുന്നു എന്നതാണ്.

ഹസ്റത്ത് മഹ്ദി ഇമാം (അ) തന്റെ ആഗമനോദ്ദേശ്യത്തെക്കുറിച്ച് അരുൾ ചെയ്യുന്നു.

"ഭൂമിയുടെ വ്യത്യസ്ത പ്രവാസ കേന്ദ്രങ്ങളിൽ വസിക്കുന്നവർ, അവർ യൂറോപ്പിലോ ഏഷ്യയിലോ ഉള്ളവരായിരുന്നാലും അവർ സൽപ്രകൃതരാണെങ്കിൽ അവരെയെല്ലാം തൗഹീദിലേക്കു കൊണ്ടുവരാനും തന്റെ ദാസന്മാരെ ഏകമതത്തിൽ ഒരുമിച്ചു കൂട്ടുവാനുമാണ് അല്ലാഹു ഇച്ഛിക്കുന്നത്. ഈ ഉദ്ദേശ്യ സാഫല്യത്തിനു വേണ്ടിയാണ് ഞാൻ ലോകത്ത് അയക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് നിങ്ങൾ ഈ ലക്ഷ്യപ്രാപ്തിക്കായി പരിശ്രമിക്കുവിൻ. എന്നാൽ അതു സൗമ്യതയോടും ഉൽകൃഷ്ടഗുണങ്ങളോടും പ്രാർത്ഥനയോടും കൂടിയായിരിക്കണം."

"നോക്കുക, ഞാൻ അല്ലാഹുവിന്റെ ഇച്ഛക്കനുസൃതമായി പറയട്ടെ, നിങ്ങൾ അല്ലാഹുവിന്റെ ഒരു വരിഷ്ട സമുദായമായിത്തീരുന്നതാണ്. അല്ലാഹുവിന്റെ മഹത്വം നിങ്ങളുടെ ഹൃദയത്തിൽ പ്രതിഷ്ഠിക്കുക. അവന്റെ തൗഹിദ് നാവിലൂടെ മാത്രമല്ല കർമ്മത്തിലൂടെയും പ്രഖ്യാപിക്കുവിൻ. അങ്ങനെയാണെങ്കിൽ അല്ലാഹുവും കർമ്മത്തിലൂടെ തന്റെ സ്നേഹവും ഔദാര്യവും നിങ്ങളിൽ ചൊരിയുന്നതാണ്. മനസ്സിൽ വിദ്വേഷം വെച്ചുപുലർത്തുന്നതിൽ നിന്നും പരിശുദ്ധരായിരിക്കുക. യഥാർത്ഥ സഹാനുഭൂതിയോടുകൂടി മനുഷ്യകുലത്തോടു പെരുമാറുക. ഏതുവഴിയിൽ കൂടിയാണ് നിങ്ങൾ സ്വീകരിക്കപ്പെടുകയെന്നത് അറിയാത്തതു കൊണ്ട് നന്മയുടെ ഓരോ വഴിയും സ്വായത്തമാക്കാൻ ശ്രമിക്കുക."

"അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുവാനുള്ള മൈതാനം ഒഴിഞ്ഞു കിടക്കുന്നുവെന്ന സുവാർത്ത നിങ്ങളെ അറിയിക്കട്ടെ. ഓരോ സമുദായവും ദുൻയാവിനെയാണ് സ്നേഹിക്കുന്നത്. ഏതൊന്നിലാണോ ദൈവം തൃപ്തനായിരിക്കുന്നത് അതിലേക്ക് ശ്രദ്ധിക്കുന്നില്ല. പൂർണ്ണ ശക്തിയോടുകൂടി ഈ കവാടത്തിൽ കൂടി കടക്കുവാനാഗ്രഹിക്കുന്നവന് തങ്ങളുടെ കഴിവു കാണിക്കുവാനും അല്ലാഹുവിൽ നിന്നു പ്രത്യേക സമ്മാനം ആർജ്ജിക്കുവാനുമുള്ള അവസരമാണിത്. അല്ലാഹു നിങ്ങളെ വ്യർത്ഥമാക്കിത്തീർക്കുമെന്ന് നിങ്ങൾ കരുതരുത്. നിങ്ങൾ അല്ലാഹുവിന്റെ കൈകളാൽ ഭൂമിയിൽ നടപ്പെട്ട ബീജമാണ്. ഈ ബീജം മുളക്കുകയും വലുതാവുകയും പുഷ്പിക്കുകയും നാനാഭാഗങ്ങളിലും അതിന്റെ ശാഖകൾ പടരുകയും ഒരു വൻ വൃക്ഷമായിത്തീരുകയും ചെയ്യുന്നതാണെന്ന് അല്ലാഹു അരുൾ ചെയ്യുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ വാക്കിൽ വിശ്വാസമർപ്പിക്കുകയും ഇടക്കുവെച്ചുണ്ടാകുന്ന പരീക്ഷണങ്ങളിൽ ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവർ അനുഗൃഹീതരാണ്. തങ്ങളുടെ വിശ്വാസ പ്രതിജ്ഞ (ബൈഅത്ത്) യിൽ ആരൊക്കെയാണ് സത്യവാന്മാരെന്നും ആരൊക്കെയാണ് കപടന്മാരെന്നും വേർതിരിക്കപ്പെടുന്നതിന്നായി പരീക്ഷണങ്ങൾ വരേണ്ടതും ആവശ്യമാണ്. ഏതെങ്കിലും പരീക്ഷണത്തിൽ കാലിടറിപ്പോകുന്നവർ അല്ലാഹുവിനു ഒരു നഷ്ടവും വരുത്തുവാൻ സാധിക്കുന്നതല്ല. ദൗർഭാഗ്യം അവനെ നരകത്തിലെക്കെത്തിക്കുന്നു. അവൻ ജനിച്ചില്ലായിരുന്നെങ്കിൽ അവന് എത്ര നന്നായിരുന്നേനെ! എന്നാൽ അവസാനം വരെ സഹനം കൈക്കൊള്ളുന്നവരെല്ലാം, അവർക്ക് ആപത്തുകളുടെ പ്രകമ്പനങ്ങൾ തന്നെ നേരിടേണ്ടിവന്നാലും വിപത്തുകളുടെ കൊടുങ്കാറ്റുകൾ തന്നെ ആഞ്ഞടിച്ചാലും ജനങ്ങളിൽ നിന്നു പരിഹാസങ്ങളും അവഹേളനങ്ങളും അനുഭവിക്കേണ്ടിവന്നാലും ജനങ്ങൾ അവരോട് കഠിനമായ വെറുപ്പോടെ പെരുമാറിയാലും അവസാനം അവർ വിജയശ്രീലാളിതരായിത്തീരും. അനുഗ്രഹങ്ങളുടെ കവാടങ്ങൾ അവർക്കായി തുറക്കപ്പെടും. (അൽവസിയത്ത് പേജ് 6, 8, 9)

ഹസ്റത്ത് ഇമാം മഹ്ദിയുടെ അൽവസിയത്ത് എന്ന ഗ്രന്ഥത്തിൽ നിന്നെടുത്ത ഉദ്ധരണിയാണിവിടെ കൊടുത്തിരിക്കുന്നത്. പ്രസ്തുത ഗ്രന്ഥത്തിൽ നുബുവത്തിനെ അല്ലാഹുവിന്റെ ഖുദ്റത്തെ ഊലാ (ഒന്നാം ശക്തി പ്രഭാവം) എന്നും ഖിലാഫത്തിനെ അല്ലാഹുവിന്റെ ഖുദ്റത്തെ സാനിയ (രണ്ടാം ശക്തിപ്രഭാവം) എന്നും ചിത്രീകരിച്ച് കൊണ്ട് ഇസ്ലാമിന്റെ ആഗോളവിജയം ഈ ദ്വിതീയ ശക്തിപ്രഭാവമായ ഖിലാഫത്ത് മൂലമാണുണ്ടാവുക എന്ന സുവാർത്ത അറിയിച്ചിരിക്കുന്നു.

അതെ, ഹസ്റത്ത് മഹ്ദീ മസീഹിനാൽ നടപ്പെട്ട ഈ വിത്ത് വലുതായി, വളർന്ന് ഒരു വൻ വൃക്ഷമായി അതിന്റെ ശാഖകൾ ലോകത്ത് 178 രാഷ്ട്രങ്ങളിലായി പടർന്നു പന്തലിച്ച് കൊണ്ടിരിക്കുകയാണ്. ആ വൻവൃക്ഷത്തിന്റെ ശീതളഛായയിൽ 20കോടി പരിശുദ്ധാത്മാക്കൾ അഭയം തേടിയിരിക്കുന്നു. ദ്വിതീയ ശക്തി പ്രഭാവം എന്ന ആ സുശക്തമായ കോട്ടക്കകത്ത് 20 കോടി മനുഷ്യാത്മാക്കൾ സുരക്ഷിതരായി നിർഭയം ജീവിതം നയിക്കുകയാണ്. അവർക്ക് ഒരു ഭൗതിക ശക്തിയെയും ഭയപ്പെടേണ്ടുന്ന ആവശ്യമില്ല.

ഈ ശീതളച്ഛായയിലേക്ക്, ഈ സുശക്തമായ കോട്ടയിലേക്ക് അഭയം തേടുന്നവർക്ക് മാത്രമെ ഇന്നു ലോകത്ത് സുരക്ഷിതത്വം കാംക്ഷിക്കുവാൻ സാധിക്കുകയുള്ളൂ. കാരണം 'ഇന്നീ മഅക്ക യാ മസ്റൂർ'- അല്ലയോ മസ്റൂർ ഞാൻ നിന്റെ കൂടെയുണ്ട് എന്ന ദൈവിക വാഗ്ദാനം ഈ അഞ്ചാമത്തെ ഖിലാഫത്തിനുണ്ട്.

***അൽഹം ദുലില്ലാഹ്***

ലേഖനം

# ജറുസലേം - സമാധാനത്തിന്റെ നഗരം

സയ്യിദ് മൻസൂർ അഹ്മദ് ഷാ

## യഹൂദ, ക്രൈസ്തവ, ഇസ്‌ലാം മതങ്ങളുടെ പുണ്യഭൂമിയായ ജറുസലേം ലോകസമാധാനത്തിന്റെ പ്രതിഫലന ഭൂമിക കൂടിയാണ്.

ആധുനിക ജറൂസലേം ജൂതന്മാരുടെ ദേശീയാഭിലാഷങ്ങളുടെ പര്യായമായി മാറിയിട്ടുണ്ടെങ്കിലും മറ്റേതു മതസ്ഥരേക്കാളും ആ നഗരത്തിന്റെ വിശുദ്ധിക്ക് ബഹുമാനാദരവുകൾ അർപ്പിച്ചത് മുസ്‌ലിംകളായിരുന്നു.

''തന്റെ ദാസനെ 'മസ്ജിദുൽ ഹറാമി'ൽ നിന്ന് 'മസ്ജിദുൽ അഖ്സ'യിലേക്ക് - അതിന്റെ പരിസരങ്ങളെ നാം അനുഗൃഹീതമാക്കിയിരിക്കുന്നു - രാത്രിയിൽ പ്രയാണം ചെയ്യിച്ചവൻ എത്രയും പരിശുദ്ധൻ; നമ്മുടെ ദൃഷ്ടാന്തങ്ങളിൽ ചിലത് അദ്ദേഹത്തിന്ന് കാണിച്ചുകൊടുക്കുന്നതിന് വേണ്ടി: തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും എല്ലാം കാണുന്നവനുമാകുന്നു. (വിശുദ്ധഖുർആൻ 17:2)

ജറൂസലേമിലെ മസ്ജിദ് അഖ്സയിൽ നിന്ന് താൻ ആകാശത്തേക്ക് കരേറിപ്പോയതായി നബിതിരുമേനി (സ) രണ്ടു പ്രാവശ്യം ദർശനത്തിൽ കാണുകയുണ്ടായി. (ഇത് ജഡികമായ കരേറ്റമായിരുന്നുവെന്ന് ചില മുസ്‌ലിംകൾ വിശ്വസിക്കുന്നു). അവിശ്വാസികൾ തിരുനബി (സ) യെ പരിഹസിച്ചു. പക്ഷെ അല്ലാഹു ഈ യാത്ര ഒരു യാഥാർത്ഥ്യമായിരുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്നു. (വി. ഖുർആൻ 53:7-19)

ജറൂസലേം മക്കയിൽ നിന്ന് 800 ഉം മദീനയിൽ നിന്ന് 650 ഉം മദ്ധ്യധാരണ്യാഴി തീരത്തുനിന്ന് 40 ഉം നാഴികകൾക്കപ്പുറം സ്ഥിതിചെയ്യുന്നു. സമുദ്രനിരപ്പിൽ നിന്ന് 2700 അടി ഉയരത്തിൽ നിൽക്കുന്ന ജറൂസലം ചാവുകടലിന്റെ താണുകിടക്കുന്ന തീരങ്ങളിലെ സമാന്തര അക്ഷാംശരേഖയിലാണ്. അതിനെ വേർതിരിക്കുന്നത്. ഭൂഗർഭ ശാസ്ത്രപരമായി വിള്ളലുള്ള താഴ്‌വരയും ജനവാസയോഗ്യമല്ലാത്ത ജൂഡിയയുമാണ്. പെട്ടെന്നു മാറ്റമുണ്ടാവാത്ത മെഡിറ്ററേനിയൻ രീതിയിലുള്ള കാലാവസ്ഥയാണവിടെ. ഇളം ചുവപ്പു കലർന്ന മഞ്ഞനിറത്തിലുള്ള ശിലകൊണ്ടുള്ള കെട്ടിടങ്ങൾ സൂര്യാസ്തമയത്തിലും പകൽ സമയത്തും പ്രദീപ്തമാകുന്നു. ഇളംമഞ്ഞ കലർന്നു തവിട്ടുനിറത്തിലുള്ള പരുക്കൻ കുന്നുകളുടെ പ്രകൃതി ദൃശ്യം പ്രകൃതിയിലെ അരുവികൾ മുഖേന വളരുന്ന പച്ചനിറമുള്ള നേർത്ത സൈപ്രസ് മരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ലോകത്തിലെ ഏറ്റവും വലിയ മൂന്നുമതങ്ങൾ, വേദാനുസാരികളായ ജൂതമതവും, ക്രിസ്തുമതവും ഇസ്‌ലാമും ജറുസലേമിൽ പാദമുറപ്പിക്കുകയും തങ്ങളുടെ മതപരമായ ജീവിത വ്യവസ്ഥയുടെയും സംസ്ക്കാരത്തിന്റെയും മായാത്ത മുദ്രകൾ അവിടുത്തെ പൗരന്മാരിൽ പതിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജൂതന്മാർ നഗരവുമായി ഒട്ടിനിൽക്കുന്നത് ദാവീദിന്റെയും സോളമന്റേയും ബന്ധം മുഖേനയാണ്. യേശു പഠിപ്പിക്കുകയും യാതനകളനുഭവിക്കുകയും ചെയ്ത സ്ഥലങ്ങളുമായാണ് ക്രിസ്ത്യാനികളുടെ ബന്ധം. നബി തിരുമേനി(സ)ക്കുണ്ടായ ദർശനങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് ജറുസലേമിനെ മുസ്‌ലിംകൾ പുണ്യഭൂമിയായി കണക്കാക്കുന്നത്. ചെറിയ ഇടവേളകളൊഴിച്ചാൽ ഏകദേശം 13 നൂറ്റാണ്ടുകൾ മുസ്‌ലിംകൾ ജറൂസലേം ഭരിക്കുകയും ചെയ്തു.

ഈജിപ്തിലെ ചിത്രമെഴുത്തിൽ, 'ഉറുഷമെം', അക്കാഡ്യൻ ഭാഷയിൽ 'ഉറുസലിം' എന്നും ഹിബ്രുവിൽ 'യെറുശലായിം' എന്നുമാണ് ജറൂസലെം അറിയപ്പെടുന്നത്. അതിന്റെ അർത്ഥം 'സമാധാനത്തിന്റെ നഗരം', അതായത് സമാധാനത്തിന്റെ ദൈവം

സ്ഥാപിച്ചത് എന്നാണ്. എന്നാൽ ഈ നഗരത്തിന്റെ ചരിത്രമാവട്ടെ രക്തരൂക്ഷിതങ്ങളായ യുദ്ധങ്ങളാലും അന്ത്യമില്ലാത്ത ഉപരോധങ്ങളാലും നിറഞ്ഞതാണ്. അന്തിമ വിശകലനത്തിൽ മനുഷ്യരുടെ സുഖലോലുപതയാണ്. ദൈവ ശിക്ഷക്ക് കാരണമായതെന്ന് കാണാം.

പഴയ ജറൂസലേം നഗരത്തിലാണ് പാറയിലുള്ള രണ്ടു വിശുദ്ധ ഗോപുരങ്ങളുള്ള ഹറം ശരീഫും മസ്ജിദ് അഖ്സയും സ്ഥിതിചെയ്യുന്നത്. മുസ്‌ലിംകളെ ആകർഷിക്കുന്നത് ഇവയാണ്. ഹെറോദ് വീണ്ടെടുത്ത സോളമന്റെ ക്ഷേത്രത്തിന്റെ തിരുശേഷിപ്പെന്ന് ജൂതന്മാർ വിശ്വസിക്കുന്ന വിലാപമതിൽ ഇതിനടുത്താണ്. നഗരത്തിൽ ജൂതന്മാർ പ്രവേശിക്കുന്നത് തടയാൻ റോമാക്കാർ ഏർപ്പെടുത്തിയ നിരോധനം നീക്കുകയും അതിന്റെ കല്ലുകളിൽ കരയാൻ അനുവദിക്കുകയും ചെയ്തതിനാലാണ് ഇതിന് വിലാപമതിൽ എന്ന പേർ ലഭിച്ചത്. ക്രിസ്ത്യാനികളുടെ നിരവധി ചർച്ചുകൾ അവിടെയുണ്ട്. അതിൽ പ്രാധാനപ്പെട്ടത് വിശുദ്ധ ശവകുടീര ചർച്ചാണ്. പഴയ നഗരത്തിന് നിരവധി പ്രവേശന ഗേറ്റുകളുള്ള ഭിത്തിയുണ്ട്.

ജറുസലേമിന്റേയും പലസ്തീനിന്റേയും പ്രാധാന്യം മനസ്സിലാക്കണമെങ്കിൽ ജറൂസലേമിന്റെ ചരിത്രം പഠിക്കേണ്ടതുണ്ട്. ചില മുഖ്യമായ സവിശേഷതകൾ വിവരിക്കാൻ ഞാൻ ശ്രമിക്കാം. ഏതെങ്കിലും കാര്യങ്ങൾ വിട്ടുപോകയാണെങ്കിൽ വായനക്കാർ പൊറുക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ലോകത്തിന്റെ ഈ ഭാഗത്ത് നിന്ന് പാലിലിത്തിക്ക്, മൊസോറലിത്തിക്ക്, നിയോലിത്തിക്, കാൽക്കോലിത്തിക് സംസ്ക്കാരങ്ങളുടെ അവശിഷ്ടങ്ങൾ പുരാവസ്തു ഗവേഷകർ തേടിപ്പിടിച്ചിട്ടുണ്ട്.

ജറൂസലേമിൽ ആ നാഗരികതയുടെ സ്ഥാപനത്തിലേക്ക് നയിച്ച കാരണങ്ങൾ കണ്ടെത്തുക ദുഷ്കരമാണ്. ശിലായുഗത്തിലെ മനുഷ്യർ ഇവിടെ ജീവിക്കുകയും പ്രകൃതിയെ ആരാധിക്കുകയും ചെയ്തു. ഗലീലി, ചാർമുക്ക്, ശബുല്ലൻ സംസ്ക്കാരങ്ങളുടെ അടയാളങ്ങളുടെ ബന്ധങ്ങൾ ഈജിപ്ത്, മൊസൊപ്പൊട്ടേമിയ, അനത്തോളിയ, സൈപ്രസ് എന്നിവിടങ്ങളിൽ നിന്നായിരുന്നു. ജെറുസലേമിന്റെ ചരിത്രത്തിൽ ആദ്യകാലത്ത് തന്നെ രേഖപ്പെടുത്തപ്പെട്ട ജനത കാനാൻ നിവാസികളായിരുന്നു. ഇന്ന് സാർവ്വത്രികമായി പലസ്തീൻ എന്നു പറയപ്പെടുന്ന ദേശം കാനാൻ ആയിരുന്നു. വടക്ക് ഭാഗത്ത് നിന്ന് ഹിക്സോസും തെക്ക് ഭാഗത്ത് നിന്ന് ഈജിപ്തുകാരും കാനാനെ ആക്രമിച്ചിരുന്നു.

കുലപതിയായ അബ്രഹാം, സുവി

Z

**ജെറുസലമിന്റെ ചരിത്രത്തിൽ ആദ്യകാലത്ത് തന്നെ രേഖപ്പെടുത്തപ്പെട്ട ജനത കാനാൻ നിവാസികളായിരുന്നു. ഇന്ന് സാർവ്വത്രികമായി പലസ്തീൻ എന്നു പറയപ്പെടുന്ന ദേശം കാനാൻ ആയിരുന്നു.**

Z

ശേഷത്തിൽ രേഖപ്പെടുത്തപ്പെട്ട പ്രകാരം ഊർ അഥവാ കാൽദിയ എന്ന സ്ഥലത്താണ് ജനിച്ചത്. അദ്ദേഹം പിതാവിനോടൊപ്പം, സമതലങ്ങളും പർവ്വതങ്ങളും താഴ്‌വരകളും നിറഞ്ഞ കാനാനിലേക്ക് കുടിയേറിപ്പാർത്തു. തന്റെ ദേശത്ത് ആദ്യമായി ദൈവത്തിന്റെ ഏകത്വം പ്രബോധിച്ച വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ പിതാവ് തുർക്കിയിലുള്ള ഹാറാനിൽ വെച്ച് ചരമമടഞ്ഞു. പിതാവിന്റെ ചരമത്തെ തുടർന്ന് ദൈവ കല്പനയാൽ അബ്രഹാം ഹാറാൻ വിട്ടു കാനാനിലേക്ക് പോയി. അദ്ദേഹത്തിന്റെ പുത്രന്മാരായ ഇസ്മായിലിനോടും ഇസ്ഹാഖിനോടും അവരുടെ സന്തതികളോടും ആ ഭൂമിയുടെ നിയന്ത്രണം അല്ലാഹു വാഗ്ദാനം നൽകി. ഈ വാഗ്ദാനം പൂർത്തികരിക്കപ്പെട്ടതായി ചരിത്രം രേഖപ്പെടുത്തുന്നു. ഇസ്മായീൽ അറേബ്യയിലെ വിജനമായ സ്ഥലത്ത് പാർത്തു. ഇസ്ഹാഖ് തെക്കൻ കാനാനിലും താമസിച്ചു. പിന്നീട് ഇസ്റായിൽ (ദൈവത്തോട് കൂടെ കഠിനയത്നം ചെയ്തവൻ എന്നാണർത്ഥം) എന്നറിയപ്പെട്ട ഇസ്ഹാഖിന്റെ പുത്രന് പന്ത്രണ്ട് സന്താനങ്ങളുണ്ടായി. അവരുടെ കുടുംബങ്ങൾ ബനീ ഇസ്രായിൽ എന്നറിയപ്പെട്ടു. യാക്കൂബിന്റെ പ്രിയ പുത്രൻ യൂസുഫ് ഈജിപ്തിൽ അടിമയായി വിൽക്കപ്പെട്ടു. എന്നാൽ അദ്ദേഹം വേഗം തന്നെ ഈജിപ്ത് ഭരിക്കാൻ അവകാശം നേടി. കാനാനിൽ ക്ഷാമം ബാധിച്ചപ്പോൾ അദ്ദേഹത്തിന്റെ പിതാവിനേയും സഹോദരങ്ങളേയും യൂസുഫ് ഈജിപ്തിലേക്ക് ക്ഷണിച്ചു. അവർക്ക് ഈജിപ്തിൽ ഭൂമി നൽകി. യൂസുഫിന്റെ മരണശേഷം പുതിയ ഫിർഔൻ ജൂതന്മാരെ അടിമകളാക്കണമെന്ന കല്പന പുറപ്പെടുവിച്ചു. ഈ അടിമത്ത കാലത്തായിരുന്നു മോശെ ഇസ്രായീല്യരെ വീണ്ടും കാനാനിലേക്ക് നയിച്ചത്. പുറപ്പാടിന്റെ അവസാന വിഭാഗത്തെ നയിച്ചിരുന്നത് ജോഷ്വാ ആയിരുന്നു. അദ്ദേഹം കാനാന്റെ മിക്കവാറും ഭാഗം കീഴടക്കുകയും പന്ത്രണ്ട് ഗോത്രങ്ങൾക്കായി വിഭജിച്ചു നല്കുകയും ചെയ്തു. അപ്പോഴേക്കും ഹിക്സോകളിൽ നിന്നും ഫില്ലിസ്റ്റീനയിലേക്ക് (ഇനി മുതൽ നമുക്കവരെ പലസ്തീൻകാരെന്ന് വിളിക്കാം). പുതിയ കുടിയേറ്റക്കാരുണ്ടായി. അവരുടെ ആദ്യത്തെ രണ്ടു നൂറ്റാണ്ടുകളിൽ ഇസ്രായീല്യരെ ഭരിച്ചിരുന്നത് 'ന്യായാധിപന്മാരാ'യിരുന്നു. അവരിൽ ഏറ്റവും പ്രസിദ്ധൻ സംസർ ആയിരുന്നു. ഈജിപ്റ്റുകാരുടെയും ഹിക്സോകളുടേയും സമ്മർദ്ദത്തോടെയുള്ള ആക്രമണം കാരണം ശൗൽ രാജാവിന്റെ കീ

ഴിൽ ശക്തി സംഭരിച്ചു. അദ്ദേഹ ത്തെ തുടർന്ന് വന്നത് ദാവീദായിരുന്നു.

ജറൂസലേമിൽ അക്കാലത്ത് ജീവിച്ചിരുന്നത് ജെബുസ്യർ ആയിരുന്നു. അതുവരെ ജൂതന്മാർക്ക് ജെബുസ്യറുമായി ഒരു ബന്ധവുമില്ലായിരുന്നു. ദാവീദ് തന്റെ രാജ്യത്തിന്റെ തലസ്ഥാനമാക്കിയത് ജറൂസലേമിനെയായിരുന്നു. എന്തെന്നാൽ കുന്നിൻ പുറത്തുള്ള ഈ പട്ടണത്തെ എളുപ്പത്തിൽ പ്രതിരോധിക്കാൻ സാധിക്കും. അദ്ദേഹം ജറൂസലേം കീഴടക്കിയത് ഏകദേശം 1000 ബി. സി. യോടടുത്തായിരുന്നു. പക്ഷെ ഇസ്രായിലിലെ ഏകീകൃതമായ ഗോത്രങ്ങൾക്ക് ക്ഷേമാഭിവൃദ്ധിയുണ്ടായത് ദാവീദിന്റെ പുത്രൻ സോളമന്റെ ഭരണകാലത്തായിരുന്നു. സോളമൻ ഫിനീഷ്യയിൽ നിന്നും ശില്പികളേയും കെട്ടിട നിർമ്മാതാക്കളേയും കൊണ്ടുവന്നു. അദ്ദേഹത്തിന് വേണ്ടി കല്ലുകൊണ്ടും വിലപ്പിടിപ്പുള്ള ലോഹം കൊണ്ടും അപൂർവ്വ മരം കൊണ്ടും ഒരു ക്ഷേത്രം പണിതു. കപ്പലുകൾ വിദൂര ദേശങ്ങളിലേക്ക് സഞ്ചരിച്ചു വിലപിടിച്ച ചരക്കുകൾ കൊണ്ടുവന്നു. അങ്ങിനെ ജറൂസലേമിൽ ഒരു വാണിജ്യ സമൂഹം രൂപം കൊണ്ടു.

മറ്റു സങ്കരലോഹങ്ങൾ ഉരുക്കുന്ന വിദ്യ അദ്ദേഹത്തിന്റെ കാലത്താണ് ആരംഭിച്ചത്. ജൂത വിശ്വാസ പ്രകാരം മോശക്ക് നൽകപ്പെട്ട വിശുദ്ധ ശിലകൾ സംഭരിച്ചുവെച്ചിരുന്നത് കരാറിന്റെ പേടകത്തിലായിരുന്നു. സോളമൻ നിരവധി കൊട്ടാരങ്ങളും റോഡുകളും ജല സംഭരണികളും രാജ്യത്താകെ നിർമ്മിച്ചു.

സോളമന്റെ ചരമശേഷം, അദ്ദേഹത്തിന് വെളിപാടറിയിക്കപ്പെട്ടപോലെ തന്നെ, അദ്ദേഹത്തിന്റെ ദുർബ്ബലനായ പുത്രൻ റെഹാബെയെമിന് ഇസ്രായീൽ ഗോത്രങ്ങളെ ഒരു ഏകീകൃത രാഷ്ട്രമായി നിലനിർത്താനായില്ല. വടക്കുഭാഗത്തുള്ള പത്ത് ഗോത്രങ്ങൾ വിപ്ലവം നടത്തി തങ്ങൾക്കായി ഒരു രാജാവിനെ തിരഞ്ഞെടുത്തു. പിന്നീട് അവർ അസ്സീറിയൻ പട്ടാളത്തിന് കീഴടങ്ങി. അവർ നഷ്ടപ്പെട്ട ഗോത്രങ്ങൾ എന്ന പേരിലറിയപ്പെട്ടു. ആധുനിക കാലത്ത് തിബത്ത്, കാശ്മീർ, അഫ്ഗാനിസ്ഥാൻ എന്നീ വിദൂര സ്ഥലങ്ങളിൽ കാണുന്ന ജനങ്ങൾ ഈ നഷ്ടപ്പെട്ട ഗോത്രങ്ങളാണ്. തെക്കൻ ഭാഗത്ത് അവശേഷിച്ച രണ്ടു ഗോത്രങ്ങൾ തങ്ങളുടെ തലസ്ഥാനമായി തിരഞ്ഞെടുത്തത് ജറൂസലേമായിരുന്നു. അവിടുത്തെ രാജ്യത്തെ അവർ ജൂദാ എന്ന പേർ നൽകി. (ജൂതൻ എന്ന പദം ജൂദാ എന്നതിൽ നിന്ന് വന്നതാണ്). ബാബിലോണിയൻ രാജാവായ നെബൂക്കദ് നസറിന്റെ ആക്രമണം നടക്കുകയും അദ്ദേഹം ദാവീദ് നിർമ്മിച്ച ഭിത്തികൾ പൊളിച്ചു മാറ്റുകയും ചെയ്തു. സോളമൻ നിർമ്മിച്ച ക്ഷേത്രം അഗ്നിക്കിരയാക്കി. യെശയ്യാ പ്രവാചകൻ ഇതേക്കുറിച്ച് ജൂതന്മാർക്ക് താക്കീത് നൽകിയിരുന്നു. അതിനാൽ അവർ ശിക്ഷക്കിരയായി. അരനൂറ്റാണ്ടിന് ശേഷം ബാബിലോൺ പേർഷ്യക്ക് കീഴടങ്ങി. സൈറസ് രാജാവ് ജൂതന്മാർക്ക് ജറൂസലേമിലേക്ക് മടങ്ങാനും ക്ഷേത്രം പുനർ നിർമ്മിക്കാനും അനുമതി നൽകി. പിന്നെ നിരവധി സൈന്യങ്ങൾ ജറൂസലെം ആക്രമിക്കുകയും ഹ്രസ്വകാലം ഭരണം നടത്തുകയും ചെയ്തു. അലക്സാണ്ടർ തന്റെ മാസിഡോണിയക്കാരോടും സിറിയിക്കാരോടും റോമാക്കാരുമായി ചേർന്ന് ജൂദായെ ഒരു ഉപഗ്രഹ രാഷ്ട്രമാക്കി. റോമിലെ ഒരു ഉപരാജാവിന് 'ജൂതന്മാരുടെ രാജാവ്' എന്ന പദവി നൽകി. അദ്ദേഹം ക്ഷേത്രം കുറെക്കൂടി വിപുലപ്പെടുത്തുകയും പുനരുദ്ധരിക്കുകയും ചെയ്തു. ആ ചുവരുകളുടെ സ്ഥാനത്തെ സംബന്ധിച്ച് ഇന്നും വിവാദം തുടരുകയാണ്. പിന്നീട് തന്റെ അധികാരത്തിനും ജീവനുതന്നെയും വെല്ലുവിളിയായിത്തീരുമെന്ന ഭയത്താൽ, യേശുവിന്റെ ജനന സ്ഥലമായ ബത്ലഹേമിന് ചുറ്റുമുള്ള രണ്ടുവയസ്സിൽ കുറവുള്ള എല്ലാ ജൂത ശിശുക്കളേയും വധിക്കുവാൻ അദ്ദേഹം കല്പന പുറപ്പെടുവിച്ചു. ഇസ്രായീല്യർക്കായി അയക്കപ്പെട്ട മഹാനായ ഒരു പ്രവാചകനായിരുന്നു യേശു. ജൂതന്മാർ അദ്ദേഹത്തെ സ്വീകരിച്ചില്ല. താൻ ജനിച്ച് മുപ്പത് വർഷങ്ങൾക്കുശേഷം യേശു ജറുസലേമിൽ വന്നു. അദ്ദേഹത്തെ വിചാരണ ചെയ്യപ്പെടുകയും ക്രൂശിച്ചു കൊല്ലുവാൻ ശ്രമിക്കുകയുമുണ്ടായി. അദ്ദേഹം യാത്ര ചെയ്ത വഴികൾ ഇന്ന് ചർച്ചുകളാൽ നിബിഢമാണ്. അദ്ദേഹത്തെ ക്രൂശിക്കാൻ തിരഞ്ഞെടുത്ത സ്ഥലത്തേക്കുള്ള യാത്രയുമായി ബന്ധപ്പെട്ട് നിരവധി വിശുദ്ധ സ്ഥലങ്ങൾ ഉണ്ട്.

ദൈവത്തിന്റെ പദ്ധതിയനുസരിച്ച് അദ്ദേഹം കുരിശു മരണത്തിൽ നിന്ന് രക്ഷപ്പെട്ടു. പിന്നീടദ്ദേഹം കിഴക്കോട്ടേക്ക് യാത്ര ചെയ്തു. നഷ്ടപ്പെട്ട ഇസ്രായീലി ഗോത്രങ്ങൾ സന്ദർശിച്ചു. അവസാനമായി കാശ്മീരിലെത്തി അവിടെ വെച്ച് പ്രകൃതി സാധാരണമായ നിലയിൽ ചരമമടയുകയും ചെയ്തു. ഇതിനിടയിൽ ജൂതന്മാർ ഈ മസീഹിന്റെ മേൽ വിജയം വരിച്ചതായി അവകാശപ്പെട്ടു. എന്നാൽ ക്രിസ്ത്യാനികൾ അദ്ദേഹത്തെ യഥാർത്ഥ 'ദൈവപുത്രനാ'യി പ്രഖ്യാപിച്ചു കൊണ്ട് ഒരു വിചിത്ര വിശ്വാസത്തിലെത്തുകയാണുണ്ടായത്. ക്രിസ്ത്യാനികൾ ഒരു പടി കൂടി മുന്നോട്ടുപോയി തങ്ങളുടെ സിദ്ധാന്തത്തെ റോമൻ ഭരണാധികാരികളുടെ സിദ്ധാന്തങ്ങളുമായി കൂട്ടിക്കുഴച്ച് ജറൂസലേമിലും മറ്റിടങ്ങളിലും സൗമ്യശീലമുള്ള ഒരു ക്രിസ്തീയ സമുദായം സ്ഥാപിച്ചു.

എ. ഡി. 66 ൽ ജൂദായിലെ ജൂതന്മാർ വിപ്ലവമാരംഭിച്ചു. റോമക്കാർ പട്ടാളത്തെ അയച്ചു പലസ്തീനിലെ കലാപം അടിച്ചമർത്തി. നാലുവർഷങ്ങൾക്ക് ശേഷം റോമാചക്രവർത്തി ടൈറ്റസ് ജറുസലെം കീഴടക്കി സോളമൻ ക്ഷേത്രം അഗ്നിക്കിരയാക്കി. ജൂതന്മാരെ പീഡിപ്പിച്ചു. നിരവധി പേരെ അടിമകളാക്കി വിറ്റു. പിന്നെ മറ്റൊരു വിപ്ലവത്തെ തുടർന്ന് ജൂതന്മാർ മുഴുവൻ ചിതറിപ്പോയി. പിന്നീടുള്ള ഭൂപടങ്ങളിൽ ജൂദിയക്ക് പകരം സിറിയ പലസ്തീന എന്ന പേർ വന്നു. പലസ്തീനിൽ ജൂതന്മാരുടെ അവസാനത്തെ നില ഇതായിരുന്നു.

570 എ. ഡി യിൽ ഏറ്റവും മഹാ

നായ ഒരു ദൈവദൂതൻ മുഹമ്മദ് (സ. അ) മക്കയിൽ ഭൂജാതനായി. അദ്ദേഹം ഇസ്ലാം ലോകത്തവതരിപ്പിച്ചു. അദ്ദേഹത്തിന്റെ ദൗത്യത്തിന്റെ ആദ്യകാലത്ത് മുസ്ലിംകളുടെ ഖിബ്ല ജറൂസലേമായിരുന്നു (ബൈത്തുൽ മുഖദ്ദസ്) എന്നാൽ വിശുദ്ധ കഅ്ബയെ ഖിബ്ലയാക്കാൻ അല്ലാഹു മുസ്ലിംകളോട് കല്പിച്ചു.

“നിന്റെ മുഖം (ശ്രദ്ധ) കൂടെ കൂടെ ആകാശത്തേക്ക് തിരിയുന്നത് നാം കാണുന്നുണ്ട്. തൻമൂലം നീ തൃപ്തിപ്പെടുന്ന ഒരു ഖിബ്ലയുടെ നേർക്ക് തീർച്ചയായും നാം നിന്നെ തിരിക്കുന്നതാണ്. അതുകൊണ്ട് നിന്റെ മുഖം പരിശുദ്ധമായ മസ്ജിദുൽ ഹറാമിന് നേരെ തിരിക്കുക. (മുസ്ലിംകളെ), നിങ്ങൾ എവിടെയായിരുന്നാലും അതിന്റെ നേർക്ക് നിങ്ങളുടെ മുഖങ്ങൾ തിരിക്കുക. ഇത് (ഖിബ്ല മാറ്റുന്നതിനുള്ള കല്പന) തങ്ങളുടെ നാഥനിൽ നിന്നുള്ള സത്യം തന്നെയാണെന്ന് ഗ്രന്ഥം (തൌറാത്ത്) നൽകപ്പെട്ടവർക്ക് നന്നായി അറിയാം. അവർ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു ഒരിക്കലും അശ്രദ്ധനല്ല. (2:114)

നബി തിരുമേനി (സ) യുടെ ആഗമനത്തെക്കുറിച്ച് ജൂത ക്രൈസ്തവ വേദ ഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ടിരുന്നു. എന്നിട്ടും അവരിൽ മിക്കവരും അവിശ്വസിച്ചു. അറേബ്യക്ക് അപ്പുറത്തേക്ക് ഇസ്ലാം ശീഘ്രഗതിയിൽ വ്യാപിച്ചു. അന്നറിയപ്പെട്ടിരുന്ന ലോകം മുഴുവനും എത്തി. ജറൂസലമിന്റെ വാതിൽ പടികളിലും അത് എത്തി. അതുവരെ ജറൂസലം ബൈസാൻതിയൻ സാമ്രാജ്യത്തിന്റേയും റോമൻ ആക്രമണത്തിന്റേയും ഇടയിൽ കിടന്നു ഊഞ്ഞാലാടുകയായിരുന്നു.

രണ്ടാം ഖലീഫ (തിരുനബിയുടെ പിൻഗാമി)യായ ഉമർ (റ) യുടെ കാലത്ത് ജറുസലെം കീഴടങ്ങാൻ സന്നദ്ധമായിരുന്നു. അതിനുള്ള ഉപാധിയായി വെച്ചിരുന്നത് ഖലീഫ നേരിൽ വന്ന് നിബന്ധനകൾ ഉണ്ടാക്കുകയും നഗരം ഏറ്റെടുക്കുകയും വേണമെന്നായിരുന്നു. ഉമർ (റ) മദീനയിൽ നിന്നും ഒരു യുദ്ധത്തടവുകാരനോടൊപ്പം ജറൂസലമിലേക്ക് പുറപ്പെട്ടു. അവരുടെ സാധനങ്ങൾ എത്തിക്കാൻ ഒരൊട്ടകവും കൂടെയുണ്ടായിരുന്നു. മൃഗത്തിന് ഭാരമാവരുതെന്ന് വെച്ച് ഇടവിട്ട് ഉമറും (റ) യുദ്ധത്തടവുകാരനും മാറിമാറി ഒട്ടകപ്പുറത്ത് സഞ്ചരിച്ചു. അവസാനഘട്ടമെത്തിയപ്പോൾ ഉമർ (റ) തന്നെ ഒട്ടകപ്പുറത്ത് ഇരിക്കണമെന്ന് യുദ്ധത്തടവുകാരൻ ആവശ്യപ്പെട്ടു. പക്ഷെ ഉമർ (റ) സമ്മതിച്ചില്ല. അങ്ങിനെ അവർ ജറൂസലേമിൽ എത്തി. മഹാനായ ഖലീഫയെ സ്വീകരിക്കാൻ സാധാരണ ജനങ്ങളും പൗരപ്രധാനികളും സന്നിഹിതരായിരുന്നു. എന്നാൽ ഒരു അടിമ ഏകനായി ഒട്ടകപ്പുറത്ത് കയറിവരുന്ന കാഴ്ചയാണ് അവർ കണ്ടത്. ഒരു ചടങ്ങും ആർഭാടവും ഉണ്ടായിരുന്നില്ല. അവിടെ കൂടി

**എ. ഡി. 66 ൽ ജൂദായിലെ ജൂതന്മാർ വിപ്ലവമാരംഭിച്ചു. റോമക്കാർ പട്ടാളത്തെ അയച്ചു പലസ്തീനിലെ കലാപം അടിച്ചമർത്തി. നാലുവർഷങ്ങൾക്ക് ശേഷം റോമാചക്രവർത്തി ടൈറ്റസ് ജറുസലെം കീഴടക്കി സോളമൻ ക്ഷേത്രം അഗ്നിക്കിരയാക്കി. ജൂതന്മാരെ പീഡിപ്പിച്ചു.**

യിരുന്ന ജനങ്ങൾ ആ അടിമയെ എതിരേൽക്കുമ്പോൾ യഥാർത്ഥ ഖലീഫ അവരുടെ ശ്രദ്ധയിൽ പെടാതെ ഇപ്പോഴത്തെ മസ്ജിദ് അഖ്സയുടെ അടുത്തേക്ക് നീങ്ങി ‘മസ്ജിദ് അഖ്സ’യിൽ നമസ്കാരമനുഷ്ഠിച്ചു. ഇതിന് സമാന്തരമായ ഒരു ചരിത്രമുണ്ടോ? ഒരു തുള്ളിരക്തം പോലും ചിന്തിയില്ല. ഒരു മതവിഭാഗത്തെയും പീഢിപ്പിച്ചില്ല. ഒരുകോട്ടയും, ജൂതപ്പള്ളിയും ചർച്ചും നശിപ്പിക്കപ്പെട്ടില്ല. ഒരിക്കൽ കൂടി അബ്രഹാമിന്റെ സന്തതികൾ വിശുദ്ധ ഭൂമിയിൽ സ്ഥാപിക്കപ്പെട്ടു. ജൂതക്ഷേത്രത്തിന്റെ പതനം കണ്ട ഉമർ (റ) നടുങ്ങിപ്പോയി. ക്രിസ്ത്യാനികൾ അതിനെ ഉപേക്ഷിക്കപ്പെട്ട നിലയിലാക്കിയിരുന്നു. അദ്ദേഹം മരം കൊണ്ട് ഒരു പള്ളി നിർമ്മിച്ചു. ആ പ്രദേശത്ത് നിന്നു കുംഭഗോപുരത്തോടുകൂടിയ കെട്ടിടത്തിന് തെറ്റായ നിലയിൽ അദ്ദേഹത്തിന്റെ പേർ നൽകി (ഉമറിന്റെ പള്ളി അഥവാ പാറയിലുള്ള കുംഭഗോപുരം) എന്നാൽ യഥാർത്ഥത്തിൽ നബി (സ) ദർശനത്തിൽ ബുറാഖിന്റെ പുറത്ത് ആകാശത്തേക്ക് കരേറിയ സ്ഥലമായിരുന്നു അത്. ഇസ്ഹാഖ് (അ) നെ ബലികഴിച്ചതായി ചിലർ വിശ്വസിക്കുന്ന തട്ടിക്കൂട്ടി നിർമ്മിച്ച അൾത്താര അവിടെയുണ്ടായിരുന്നു. പാറയിലുള്ള കുംഭ ഗോപുരം 7–ാം നൂറ്റാണ്ടിൽ അബ്ദുൽ മലിക്കിന്റെ കീഴിലുള്ള ബൈസാന്റിയൻ ശില്പികൾ നിർമ്മിച്ചതായിരുന്നു. അതിന് കാര്യമായ അറ്റകുറ്റപ്പണിയും അലങ്കാര മാറ്റങ്ങളും നടന്നു.

മുസ്ലിം ഭരണകാലത്ത് ജറുസലെം നിവാസികൾ പരിപൂർണ്ണ സുരക്ഷയിലായിരുന്നു. അതിനാൽ ജറൂസലെമിന് നല്ല പുരോഗതിയുണ്ടായി. ഇസ്ലാമിന്റെ ബദ്ധ വൈരികൾ കൂടി സമ്മതിക്കുന്ന ഒരു യാഥാർത്ഥ്യമാണിത്.

റോമക്കാർ മുഖേനയും പിന്നീട് ക്രിസ്ത്യാനികൾ മുഖേനയും എങ്ങനെയാണ് ജൂതന്മാർ ലോകം മുഴുവനും ചിതറിപ്പോയത് എന്ന് നാം കണ്ടുകഴിഞ്ഞു. മദ്ധ്യ നൂറ്റാണ്ടുകളിൽ ഇംഗ്ലണ്ട്, ഫ്രാൻസ്, സ്പെയിൻ, പോർച്ചുഗൽ എന്നിവിടങ്ങളിൽ നിന്നെല്ലാം ജൂതന്മാർ പുറത്താക്കപ്പെട്ടു. മറ്റിടങ്ങളിൽ അവർക്കെതിരിൽ നിയമനിർമ്മാണമുണ്ടായി. ജനങ്ങൾ തിങ്ങിനിറഞ്ഞ

സ്ഥലങ്ങളിൽ താമസിക്കാൻ നിർബന്ധിക്കപ്പെട്ടു. അടിസ്ഥാനപരമായ പൗരാവകാശങ്ങൾ നിഷേധിക്കപ്പെട്ടു. നിർബന്ധമായി മതപരിവർത്തനം ചെയ്യപ്പെട്ടു. ഇതും ജറുസലേമിൽ ജൂതന്മാർക്കുണ്ടായ അവസ്ഥയും തമ്മിൽ താരതമ്യപ്പെടുത്തി നോക്കൂ. നികുതി നൽകിയതിന് പകരമായി അവർ സുരക്ഷിതത്വം നൽകപ്പെട്ടു. അവരെ ഒരു യുദ്ധത്തിലും പങ്കെടുക്കുവാൻ നിർബന്ധിച്ചില്ല. യഥാർത്ഥത്തിൽ കുരിശു യുദ്ധക്കാലത്ത് ജറൂസലേമിലെ ജനങ്ങളുടെ പേരിൽ ഭരണാധികാരികൾക്ക് നിയന്ത്രണം കൈവിടേണ്ടി വന്നപ്പോൾ അടച്ച നികുതി മടക്കിക്കൊടുക്കാൻ പോലും ഭരണാധികാരികൾ സന്നദ്ധരായി.

കുരിശുയുദ്ധക്കാർ കുറഞ്ഞ കാലം മാത്രമാണ് ജറൂസലെമിൽ ഭരിച്ചിരുന്നത്. അപ്പോൾ വളരെ കുറഞ്ഞ പുരോഗതിയാണുണ്ടായിരുന്നത്. പിന്നെ താർത്താരികൾ നിയന്ത്രണമേറ്റെടുത്തപ്പോൾ ജൂതന്മാർ ആട്ടിയോടിക്കപ്പെട്ടു. ഒരു പരിശുദ്ധ യുദ്ധം എന്നതിലുപരി വാണിജ്യപരമായ പര്യവേഷണങ്ങളായിരുന്നു കുരിശുയുദ്ധങ്ങൾ. അന്തിമമായി വിദേശികൾ ജറുസലെം വിട്ടുപോയപ്പോൾ അവിടത്തെ പൗരന്മാർ കൃതജ്ഞരായിരുന്നു. 1517 ൽ ജറുസലമിന്റെ നിയന്ത്രണം ഉസ്മാനിയ തുർക്കികളുടെ കയ്യിലായി. വിലാപ മതിലിന്റെയടുത്ത് ജൂതന്മാർക്ക് പ്രാർത്ഥിക്കാൻ അനുമതി നൽകി. യഥാർത്ഥത്തിൽ രോഗികളും മരണം കാത്തു കഴിയുന്ന വരുമായിരുന്നു പ്രധാനമായും മതിലിന്നടുത്തുണ്ടാവേണ്ടിയിരുന്നത്. ഉസ്മാനിയാ ഖിലാഫത്തിന്റെ കീഴിൽ പിന്നീടുള്ള ഭരണാധികാരികൾ വളരെ ദുർബ്ബലരായിരുന്നു. അവരുടെ പ്രജകളോടവർ മോശമായി പെരുമാറി. അതിനാൽ ജനങ്ങൾ ഭരണാധികാരികൾക്കെതിരിൽ വിപ്ലവം നടത്തി. ഈ സമയത്തായിരുന്നു ബ്രിട്ടീഷ് ഫ്രഞ്ച് താല്പര്യങ്ങൾ വർദ്ധിച്ചു വന്നത് ആശയക്കുഴപ്പം ബാധിച്ച ഭരണാധികാരികൾ ഇവർ രണ്ടുകൂട്ടരോടും വ്യത്യസ്തമായ നിലയിൽ കുറുപുലർത്തി.

യൂറോപ്യൻ ശക്തികൾക്ക് കീഴിൽ ജൂതന്മാർ കഠിനമായ യാതനകൾ അനുഭവിക്കുന്നത് തുടർന്നു. ഒരു ജൂത ഗേഹത്തിനുള്ള ആവശ്യം വളർന്നുവന്നു. ഒരു പകരമെന്ന നിലയിൽ കിഴക്കെ ആഫ്രിക്ക അവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്നു. എന്നാൽ ജറൂസലേമിലേക്ക് മടങ്ങമെന്നാണ് ജൂത

Z

**യൂറോപ്യൻ ശക്തികൾക്ക് കീഴിൽ ജൂതന്മാർ കഠിനമായ യാതനകൾ അനുഭവിക്കുന്നത് തുടർന്നു. ഒരു ജൂത ഗേഹത്തിനുള്ള ആവശ്യം വളർന്നുവന്നു. ഒരു പകരമെന്ന നിലയിൽ കിഴക്കെ ആഫ്രിക്ക അവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്നു. എന്നാൽ ജറൂസലേമിലേക്ക് മടങ്ങണമെന്നാണ് ജൂതന്മാർ ആഗ്രഹിച്ചത്.**

Z

ന്മാർ ആഗ്രഹിച്ചത്. 1917 ൽ ബ്രിട്ടീഷ് ഗവർമ്മെണ്ട് നടത്തിയ ഫലപ്രഖ്യാപനം ഇങ്ങിനെയായിരുന്നു.

''പലസ്തീനിൽ ജൂതന്മാർക്ക് ദേശീയ ഗേഹം അനുവദിക്കുന്നതിന് ഈ ഗവർമ്മെണ്ടു അനുകൂലമാണ്. ഈ ലക്ഷ്യം നേടുന്നതിനെ ത്വരിതപ്പെടുത്താൻ അവർ കഠിനയത്നം നടത്തുന്നതാണ്. പലസ്തീനിലെ ജൂതന്മാരല്ലാത്ത സമുദായങ്ങളുടെ പൗരാവകാശങ്ങൾക്കും മതപരമായ അവകാശങ്ങൾക്കും പ്രതികൂലമായോ മറ്റു രാജ്യങ്ങളിലുള്ള ജൂതന്മാർ അനുവദിക്കുന്ന അവകാശങ്ങളുമായോ രാഷ്ട്രീയ പദവിയേയോ പ്രതികൂലമായി ബാധിക്കുന്ന ഒന്നും തന്നെ ചെയ്യുന്നതല്ല''.

ഈ പ്രമാണമാണ് പലസ്തീനിലെ അറബികൾക്കും ജൂതന്മാർക്കും തമ്മിലുള്ള എല്ലാ പ്രശ്നങ്ങൾക്കും കാരണം. ബ്രിട്ടീഷുകാർ ജറൂസലേമിൽ തുർക്കികളെ പരാജയപ്പെടുത്തി. 1920 ൽ പലസ്തീനുള്ള ലീഗ് ഓഫ് നേഷൻസിന്റെ മാൻഡേറ്റ് ഗ്രേറ്റ് ബ്രിട്ടന് നൽകി. 1904 നും ഒന്നാം ലോക മഹായുദ്ധത്തിന്റെ തുടക്കത്തിനുമിടയിൽ പലസ്തീനിലുള്ള ജൂത ജനസംഖ്യ കൂടുതലാക്കാൻ വേണ്ടിയുള്ള നയത്തിന്റെ ഭാഗമായി 50000 യൂറോപ്യൻ ജൂതന്മാർ പലസ്തീനിലേക്ക് കുടിയേറിപ്പാർത്തു. അങ്ങിനെ മതത്തോട് കുറഞ്ഞ ആഭിമുഖ്യമുള്ള ഒരു അപരിചിതനായി കൊണ്ട് ജെറുസലേമിലെ അറബി ജൂതൻ പാശ്ചാത്യ ജൂതനെ ഫലസ്തീനിൽ കണ്ടുമുട്ടി.

1929 ലും 1936 ലും ജൂതന്മാരുടെ പ്രവാഹത്തിന്നെതിരിൽ അറബികൾ വിപ്ലവമുയർത്തി. പക്ഷെ, ക്രമസമാധാനം വീണ്ടെടുത്ത ബ്രിട്ടീഷുകാർ മദ്ധ്യ പൗരസ്ത്യ ദേശത്ത് നിന്നും പട്ടാള ട്രൂപ്പുകളുമായി കുതിച്ചു. എന്നിരിക്കലും രണ്ടാം ലോക മഹായുദ്ധക്കാലത്തെ നാസികളുടെ കൂട്ടക്കൊല കാരണം ജൂതന്മാർ യൂറോപ്യൻ കോൺസൻട്രേഷൻ കേമ്പുകളിൽ നിന്നും കൂട്ടമായി പലസ്തീനിലേക്ക് പ്രവഹിച്ചു. അതിന്റെ ഫലമായി ബ്രിട്ടീഷുകാർ യുണൈറ്റഡ് നേഷൻസിന്റെ സഹായഭ്യർത്ഥിച്ചു. ഒരു പ്രത്യേക കമ്മിറ്റിയുടെ ശുപാർശപ്രകാരം പലസ്തീനെ അറബ് സ്റ്റേറ്റ്, ജൂത സ്റ്റേറ്റ്, യു. എൻ. ഭരണ ജറൂസലെം എന്നിങ്ങിനെ വിഭജിച്ചു. ഇതിനെ അറബികളും ബ്രിട്ടനും എതിർത്തു. എന്നാൽ യു. എൻ. മീറ്റിംഗിങ്ങിൽ നിന്ന് അറബികൾ മാറിനിന്നത് കാരണം 13 നെതിരിൽ 33 വോട്ടുകൾക്ക് യു. എൻ. വിഭജനത്തെ അംഗീകരിച്ചു. എട്ട് മാസങ്ങൾക്കുശേഷം ബ്രിട്ടീഷുകാർ വിടവാങ്ങി. അങ്ങിനെ ജറൂസലം തലസ്ഥനമായി ഇസ്രായീൽ എന്ന ജൂതരാഷ്ട്രം സ്ഥാപിതമായി. ജെറുസലം പഴയ പട്ടണവും അറബ് പ്രദേ

*(ശേഷം പേജ് 33 ൽ)*

Christianity- A Journey from Facts to Fiction
എന്ന പുസ്തകത്തിൽ നിന്ന്

# 'മരണം' എന്ന പദത്തിന് യേശുവിനെ സംബന്ധിച്ച അർത്ഥം

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് IV

ദൈവത്തിനും മനുഷ്യനും യേശുവിലുള്ള സ്ഥാനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമായി മന ണെന്ന് വ്യക്തമായി മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ മരണം എന്ന പദത്തിന്റെ പ്രയോഗവും യേശുവിന് അതുമായുള്ള ബന്ധത്തെസംബന്ധിച്ചും നാം നല്ലതുപോലെ ഗ്രഹിക്കേണ്ടതുണ്ട്.

മൂന്ന് രാവും മൂന്ന് പകലും അദ്ദേഹം മരിച്ചിരുന്നുവെങ്കിൽ ശരീരത്തിൽ നിന്ന് ആത്മാവ് വിട്ട് പിരിഞ്ഞ് പോയതായി നാം കണക്കാക്കണം. അതിനർത്ഥം ശരീരത്തിൽ നിന്ന് എല്ലാ ബന്ധങ്ങളും വിഛേദിച്ചുകൊണ്ട് മൃതശരീരത്തെ ബാക്കിയാക്കി ആത്മാവ് പിരിഞ്ഞു പോയി എന്നാണ്. അത്രയും നല്ലത്. അതായത് അവസാനമെങ്കിലും മനുഷ്യന്റെ ലൗകിക ശരീരത്തിൽ ബന്ധനസ്ഥനായ യേശുവിന് മോചനം ലഭിച്ചല്ലോ. എങ്ങനെയായിരുന്നാലും ബന്ധനത്തിൽ നിന്നുമുള്ള ഈ മോചനം ഒരിക്കലും ഒരു ശിക്ഷയായി കണക്കാക്കാനാവില്ല. പുത്രന്റെ ദിവ്യാത്മാവ് അതേ പരിശുദ്ധാസ്തിത്വത്തിലേക്ക് തന്നെ തിരിച്ചു വരിക എന്നത് യാതൊരർത്ഥത്തിലും സാധാരണ രീതിയിലുള്ള ഒരു മനുഷ്യമരണമല്ല. മനുഷ്യന്റെ മരണം ഭയജനകമാകുന്നത് അവന്റെ ആത്മാവ് ശരീരത്തിൽ നിന്ന് വേർപ്പെട്ടു പുതിയൊരു ബോധത്തിൽ പ്രവേശിക്കുന്നത് കൊണ്ടല്ല. മറിച്ച് മരണം മനുഷ്യനെ ഭയചകിതനാക്കുന്നതിന് കാരണം അവന്റെ പ്രിയപ്പെട്ട വസ്തുക്കളെല്ലാം ഭൂമിയിൽ ഉപേക്ഷിച്ചുകൊണ്ട് കാലാകാലത്തേക്കുമായി വേർപിരിയുന്നു എന്നതുകൊണ്ടാണ്. ഇഷ്ടപ്പെടുവാൻ ഒന്നുമില്ലാതെ ജീവിതം ശൂന്യമാവുന്ന സമയത്ത് മരണം വരിക്കാൻ ഒരാൾ ആഗ്രഹിക്കുന്നതായി കാണാം.

യേശുവിന്റെ കാര്യത്തിൽ പശ്ചാത്താപം പ്രകടമാവാൻ സാധ്യതയില്ല. അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം മരണത്തിന്റെ വാതായനങ്ങൾ ഒരേയൊരു ദിശയിലേക്ക് മാത്രം തുറന്ന് വെക്കപ്പെട്ടതാണ്. അത് നേട്ടത്തിന്റേതാണ്. ഒരിക്കലും നഷ്ടത്തിന്റേതല്ല. അപ്പോൾ അദ്ദേഹത്തിന്റെ ശരീരത്തിൽനിന്നും ആത്മാവിന്റെ വേർപാട് എന്തുകൊണ്ട് അതീവ ദുഃഖകരവും യാതനാ നിർഭരവുമായിരുന്നുവെന്ന് കരുതണം? ക്രിസ്ത്യാനികൾ നമ്മെ പറഞ്ഞ് വിശ്വസിപ്പിക്കുന്നത്പോലെ യേശു ആലങ്കാരികാർത്ഥത്തിലല്ല, അക്ഷരാർത്ഥത്തിൽ തന്നെ ആത്മാവ് ഉപേക്ഷിച്ച് മരിച്ചിരുന്നുവെങ്കിൽ അതേ ശരീരത്തിൽ തന്നെ അദ്ദേഹത്തിന്റെ ആത്മാവ് തിരിച്ചു വരിക എന്നത് യേശുവിനെ സംബന്ധിച്ചേടത്തോളം ഏറ്റവും ബുദ്ധിശൂന്യമായ ഒരു വിശേഷണമാണ്. മരണസമയത്ത് വേർപ്പെട്ടുപോയ ആത്മാവ് വീണ്ടും ശരീരത്തിലേക്ക് തിരിച്ചുവന്നപ്പോൾ അദ്ദേഹം പുനർജ്ജനിച്ചതായിരുന്നുവോ? ഈ പ്രതിഭാസത്തെ യേശുവിന്റെ പുനരുജ്ജീവനമെന്നോ പുനരുത്ഥാനമെന്നോ വിളിക്കുകയാണെങ്കിൽ ശരീരവും കാലാകാലത്തേക്കായി ശാശ്വതീകരിക്കപ്പെടേണ്ടതുണ്ട്. എന്നാൽ ബൈബിളിൽ നാം വായിക്കുന്നത് തികച്ചും വ്യത്യസ്തമായ മറ്റൊരു കഥയാണ്. ബൈബിൾ കഥ പ്രകാരം യേശു മരിച്ചവർക്കിടയിൽ നിന്നും ഉയിർത്തെഴുന്നേറ്റു എന്നാണ്. അതായത് ക്രൂശീകരിക്കപ്പെട്ട അതേ ശരീരത്തിൽ തന്നെ അദ്ദേഹം വീണ്ടും പ്രവേശിച്ചു. ഇതിനെയാണ് വീണ്ടും ജീവനിലേക്ക് വന്നു എന്ന് പറയുന്നത്. അതങ്ങനെയാണെന്നു തന്നെ കരുതുക. അപ്പോൾ അദ്ദേഹത്തിന്റെ ആത്മാവ് ശരീരത്തെ ഒരിക്കൽകൂടി ഉപേക്ഷിക്കുകയാണെങ്കിൽ അതിന്റെ അർത്ഥം എന്തായിരിക്കണം? അത് രണ്ടാം മരണത്തിന് തുല്യമായിരിക്കില്ലേ? ശരീരത്തിൽ നിന്നും ആത്മാവ് ഒന്നാം തവണ വേർപിരിയലാണ് മരണമെങ്കിൽ തീർച്ചയായും രണ്ടാം തവണയെങ്കിലും അദ്ദേഹത്തിന്റെ ആത്മാവ് വേർപിരിയുമ്പോൾ അദ്ദേഹം ശാശ്വതമായി മരിച്ചവനായി പ്രഖ്യാപിക്കണം. ആത്മാവ് ശരീരത്തെ ആദ്യ തവണ ഉപേക്ഷിക്കുമ്പോൾ നിങ്ങൾ അതിനെ മരണമെന്ന് വിളിക്കുന്നു. അതേ ശരീരത്തിലേക്ക് തന്നെ ആത്മാവ് തിരിച്ചുവരുമ്പോൾ മരണാനന്തര ജീവിതം എന്നു വിളിക്കുന്നു. എന്നാൽ ആത്മാവ് അതേ ശരീരത്തെ ഒരിക്കലും തിരിച്ചുവരാത്തവിധം എന്നെന്നക്കുമായി വിട്ടുപിരിയുമ്പോൾ നിങ്ങൾ അതിനെ എന്ത് വിളിക്കും? ക്രിസ്ത്യാനികളുടെ നിത്യജീവൻ എന്ന പദപ്രയോഗം പോലെ നിത്യ മരണം എന്ന് വിളിക്കുമോ? നിത്യമരണമെന്നല്ലാതെ മറ്റെന്താണ് അതിനെ വിളിക്കുക? വൈരുദ്ധ്യങ്ങൾക്ക് മേൽ വൈരുദ്ധ്യങ്ങൾ കുമിഞ്ഞു കൂടുകയാണിവിടെ. തീർച്ചയായും ഇത് ഞരമ്പുരോഗമുണ്ടാക്കുന്ന ഒരു അനുഭവം തന്നെയാണ്. രണ്ടാം തവണ യേശുവിന്റെ ആത്മാവ് ശരീരം ഉപേക്ഷിക്കുന്നില്ല എന്നു കരുതുകയാണെങ്കിൽ മറ്റൊരു വിചിത്ര രംഗം നമുക്ക് ദർശിക്കേണ്ടി വരും. അതായത് പിതാവായ ദൈവം അനന്തവും അലൗകികവുമായ ഒരു ആത്മീയസത്വമായി നിലനിൽക്കുമ്പോൾ പുത്രൻ പരിമിതവും നശ്വരവുമായ ശരീരത്തിൽ കുടുങ്ങിക്കിടക്കുന്ന ഒരു അവസ്ഥയാണത്.

# ഹസ്റത്ത് ഉമർ(റ)നെതിരെയുള്ള ഗൂഢാലോചന

മൗലാനാ ശൈഖ് മുബാറക്ക് അഹ്മദ്

## യഹൂദികളും ക്രിസ്ത്യാനികളും നടത്തിയ ഒരു ഗൂഢാലോചനയായിരുന്നു ഹസ്റത്ത് ഉമറി(റ)ന്റെ നിഷ്ഠൂരവധം

ഹസ്റത്ത് ഉമറി(റ)ന്റെ കാലത്ത് മുസ്ലിംങ്ങൾ നാനാവിധത്തിലും പുരോഗമിക്കുകയുണ്ടായി. ഇസ്ലാമിന്റെ ശത്രുക്കൾക്ക് ഈ ചരിത്ര വിജയങ്ങൾ ഹൃദയത്തിൽ അസൂയ ജനിപ്പിച്ചിരുന്നു. ഈ നവീന മതം ഇല്ലാതാക്കാൻ അവർ അവരുടെ സകല കഴിവുകളും വിനിയോഗിച്ചു. സച്ചരിതരായ ഖലീഫമാരുടെ സൽഭരണം അട്ടിമറിക്കാൻ അവർ ആവുന്നതെല്ലാം ചെയ്തു. ഉമർ(റ)ന്റെ ഭരണത്തിന്റെ അവസാനവർഷത്തിൽ ഹജ്ജിന് എത്തിയ തീർത്ഥാടകരിൽ ഒരാൾ 'ഉമർ(റ)മരിക്കുകയാണെങ്കിൽ ഇന്നയാളെ ഖലീഫയായി ഞാൻ അനുസരണ പ്രതിജ്ഞ ചെയ്യുന്നതാണ്' എന്ന് പറഞ്ഞതായുള്ള റിപ്പോർട്ട് ഉമറി(റ)വിന് കിട്ടി. അബൂബക്കർ ഖലിഫയായത് പെട്ടെന്നുള്ള ഒരു സംഭവമായിരുന്നു വെന്നും അദ്ദേഹത്തിന്റെ ഖിലാഫത്ത് ഒരു വിജയമായിരുന്നുവെന്നും അപ്പോൾ അയാൾ കൂട്ടിചേർത്തു പറഞ്ഞു. ഉമർ (റ)ഇത് കേട്ട ഉടൻ തന്നെ തനിക്കെതിരെ ഒരു ഗൂഢാലോചന അരങ്ങേറുന്നതായി മനസ്സിലാക്കുകയുണ്ടായി. ഈ ഗൂഢാലോചനക്കെതിരെ താൻ ഉടൻ തന്നെ മുസ്ലിംകൾക്ക് താക്കീത് നൽകുന്നതാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

### ഉമറിന്റെ വിശദീകരണം

മദീനയിൽ തിരിച്ചെത്തിയ ശേഷം ഉമർ(റ) ചെയ്ത പ്രസംഗത്തിൽ ആദ്യത്തെ ഖലീഫയെ തിരഞ്ഞെടുത്ത രീതിയും ആ അസാധാരണമായ അവസ്ഥയിൽ കൈകൊണ്ട പ്രത്യേക രീതിയെ സംബന്ധിച്ചും വിശദീകരിച്ച് സംസാരിക്കുകയുണ്ടായി. ഒരു പ്രത്യേക അവസ്ഥയായത് കാരണമായിരുന്നു അബൂബക്കർ(റ) വിനെ നിർദ്ദേശിച്ചതും അദ്ദേഹംതന്നെ ആദ്യമായി അനുസരണ പ്രതിജ്ഞ ചെയ്തതും. അദ്ദേഹത്തിന്റെ പ്രസംഗം ഇപ്രകാരമായിരുന്നു "അത്തരമൊരു നീക്കം ഞാൻ നടത്താതിരിക്കുകയും അവസാന തീരുമാനമെടുക്കാതെ ആലസ്യത്തിലാവുകയും ചെയ്തെങ്കിൽ നമ്മുടെ സഹോദരന്മാർ വഴിതെറ്റിപ്പോവുകയും ഇത് നമ്മെ ഏറ്റവും വിഷമകരമായ ഒരു അവസ്ഥയിൽ എത്തിക്കുകയും ചെയ്യുമായിരുന്നു. നാം അപ്പോൾ എന്ത് ചെയ്യണമെന്നറിയാതെ പകച്ചു നിന്നു പോയേനെ. നമുക്ക് ഒരു തെറ്റായ തീരുമാനം എടുക്കാനാവുമായിരുന്നില്ല. അത്തരം ഒരു തെറ്റായ തീരുമാനം എടുത്തുകഴിഞ്ഞാൽ അത് മാറ്റാൻ സാധ്യമാവുമായിരുന്നില്ല. അബൂബക്കറിനെ പോലെ യോഗ്യതയുള്ള ഒരാളും നമ്മുടെ കൂട്ടത്തിലില്ലായിരുന്നു. പൊതുജനസമ്മതിയില്ലാതെ ആരെങ്കിലും മുന്നോട്ടുവന്ന് മറ്റാർക്കെങ്കിലും അനുസരണ പ്രതിജ്ഞ ചെയ്യുകയാണെങ്കിൽ അനുസരണ പ്രതിജ്ഞ എടുത്തവർക്കും പ്രതിജ്ഞയേൽക്കപ്പെട്ടവർക്കും രണ്ടുക്കൂട്ടർ ക്കും വമ്പിച്ച വിപത്തുകൾ ക്ഷണിച്ചുവരുത്തുന്ന ഒരു കൃത്യമായിരിക്കുമത് എന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു. (ബുഖാരി, കിതാബുൽ മുഹറബീൻ മുസ്നദ് അഹ്മദ് വാല്യം 1. പേജ്: 391)

മുസ്നദ് അഹ്മദ് ഉമർ(റ)ന്റെ താഴെകാണുന്ന വചനങ്ങൾ നിവേദനം ചെയ്യുന്നു.

"പൊതുജന സമ്മതിയില്ലാത്ത

ആർക്കെങ്കിലും ഒരാൾ അനുസരണ പ്രതിജ്ഞ എടുക്കുന്നത് നിയമവിരുദ്ധ മാണ്. അത്തരത്തിലുള്ള അനുസരണ പ്രതിജ്ഞ സ്വീകരിക്കുന്നതും നിയമ വിരുദ്ധമാണ്." മറ്റൊരു നിവേദനത്തിൽ ഇപ്രകാരമാണ് "പൊതുജനസമ്മതി യുടെ അഭാവത്തിൽ അനുസരണ പ്രതിജ്ഞ സ്വീകരിക്കുന്നത് നിയമ വിരുദ്ധമാണ്." (ഇബ്നുഹജർ-ഫത് ഹുൽബാരി. വാല്യം 2 : പേജ് 25)

ഉമറി(റ)ന്റെ കാലഘട്ടം ഇസ്ലാ മിന്റെ അത്യുജ്ജ്വലമായ പുരോഗതി യുടെ കാലഘട്ടമായിരുന്നു. ദിനേന തലസ്ഥാനത്ത് ലഭിക്കുന്ന വിജയ വാർത്തകൾ ഇസ്ലാമിന്റെ ശത്രു ക്കളിൽ കൊടും പക സൃഷ്ടിച്ചു. അവർ സച്ചരിതരായ ഖലീഫമാരുടെ അനുഗൃഹീതമായ ഖിലാഫത്തിനെ തകർക്കാൻ തിരക്കിട്ട ഗൂഢാലോചന കളിൽ മുഴുകി. ഈ ഇസ്ലാമിക വിരു ദ്ധപ്രവർത്തനങ്ങളുമായി ഉമർ(റ)ന്റെ വധം അഭേദ്യമായി ബന്ധപ്പെട്ടുകിടക്കു ന്നു. ചരിത്രത്തിൽ ഈ സംഭവ പര മ്പരകളുടെ പൂർണ രേഖകൾ ലഭ്യ മാണ്.

## ഉമറി(റ)ന്റെ വധം

തബരിയും അതുപോലെയുള്ള മറ്റു ചരിത്രകാരന്മാരും ഈ സംഭവം ഇപ്രകാരമാണ് വിവരിച്ചിട്ടുള്ളത് "മൻസൂർ ഇബ്നു മക്റമയിൽ നിന്നും നിവേദനം : ഒരു ദിവസം സാധാരണ പോലെ ഉമർ(റ) സുബഹി നമസ്കാ രത്തിന് പള്ളിയിൽ വരികയുണ്ടായി. നമസ്കാരത്തിന് അണിനിരന്നവരുടെ നിര അദ്ദേഹം പരിശോധിച്ചു. 'അല്ലാഹുഅക്ബർ' എന്ന് പറഞ്ഞു കൊണ്ട് അദ്ദേഹം നമസ്കാരം ആരം ഭിച്ചു. അബു ലുലു എന്ന് വിളിക്കപ്പെ ടുന്ന മുഗീറ ഇബ്നുസാബയുടെ അടിമ മുൻനിരയിൽ തന്നെ നില യുറപ്പിച്ചിരുന്നു. അയാൾ പൊടു ന്നനെ ഒരടി മുന്നോട്ടുചെന്ന് ഇരുത ലയും മൂർച്ചയുള്ള ഒരു കഠാരികൊണ്ട് ഉമർ(റ)നെ ആറ്യതവണ കുത്തി. അതിലൊന്ന് നാഭിയുടെ തൊട്ട് അടി ഭാഗത്തായിരുന്നു. ഉമർ(റ) തറയിൽ പതിച്ചു. ആക്രമണം അതിവേഗത യിലായിരുന്നു. അതുകൊണ്ട് ആർക്കും തടയാനായില്ല. കൊലയാളി രക്ഷപ്പെ ടാൻ നോക്കിയെങ്കിലും അയാളുടെ ഇടവും വലവും നിന്നിരുന്നവർ അതി ശക്തമായി മർദ്ദിച്ചു പതിമൂന്ന് മറ്റുള്ള വർക്കും പരിക്കേൽക്കുകയുണ്ടായി. അവസാനം ഒരാൾ പുതപ്പ് കൊലയാ ളിയുടെ (അബൂ ലുലുവിന്റെ) തലയിൽ ഇടുകയും അവനെകീഴ്പ്പെടുത്തുകയും ചെയ്തു. രക്ഷപ്പെടാൻ സാധ്യമല്ല എന്നു തീർച്ചയായ അബൂ ലുലു കഠാ രകൊണ്ട് സ്വയം കുത്തി ആത്മഹത്യ ചെയ്തു.

ഉമർ(റ) അബ്ദുറഹ്മാനുബ്നു ഔഫിനോട് നേതൃത്വമേറ്റടുക്കാൻ ആവശ്യപ്പെട്ടു. നമസ്കാരം അവസാ നിച്ച പ്പോൾ ഉമർ(റ)നെ അദ്ദേഹ ത്തിന്റെ വസതിയിലേക്ക് കൊണ്ടുവ ന്നു. അവിടെ കൂടിയിരുന്നവരെല്ലാം. ദുഃഖം സഹിക്കവയ്യാതെ കണ്ണീരൊഴു ക്കി. അവരുടെ ഹൃദയം വിങ്ങിപ്പൊട്ടി.

## അബു ലുലുവും അയാളുടെ ദൗത്യവും

ഇറാനിലെ നിഹാവൻദ് സ്വദേശി യായിരുന്ന അബുലുലു ഒരു അടിമയാ യിരുന്നു. അയാളുടെ യജമാനൻ മുഗീറ ഇബ്നുസാബ കൂടുതൽ നികുതിഭാരം ചുമത്തുന്നു എന്നു പരാ തിപറയാൻ ഏതാനും ദിവസം മുമ്പ് അയാൾ ഉമറി(റ)നെ സന്ദർശിച്ചിരുന്നു. ഉമർ അദ്ദേഹത്തോട് ചോദിച്ചു. 'താങ്കൾ യജമാനന് എത്ര പണം നൽകുന്നു? ദിവസവും രണ്ട് ദിർഹം! ലുലു മറുപടി പറഞ്ഞു 'താങ്കളുടെ ഉപ ജീവനമാർഗ്ഗമെന്താണ്' എന്ന ഖലീഫ യുടെ ചോദ്യത്തിന് താനൊരു ആശാ രിയാണ് ചായം അടിക്കുന്ന പണിയു മുണ്ട് കൂടാതെ ഞാൻ വിദഗ്ധനായ കൊല്ലനുമാണ്.' അപ്പോൾ ഉമർ(റ)പ റഞ്ഞു. താങ്കൾ മൂന്ന് വിദഗ്ധമായ ജോലികളുടെ യജമാനനാണ്. എന്നി ട്ടും താങ്കൾ പരാതി പറയുന്നു. എന്റെ അഭിപ്രായത്തിൽ താങ്കൾ താങ്കളുടെ യജമാനന് നൽകുന്ന തുക അത്ര അധികമൊന്നുമല്ല. അയാളു മായുള്ള സംഭാഷണമദ്ധ്യേ ഉമർ അയാളോട്. ധാന്യം പൊടിക്കുന്ന യന്ത്രം നിർമ്മി ക്കാനറിയുമോ എന്ന് ചോദിച്ചപ്പോൾ, അതെയെന്ന സമ്മതഭാവത്തിൽ തല യാട്ടി. ഉമർ(റ)പറഞ്ഞു. 'ദയവ് ചെയ്ത് താങ്കൾ എനിക്ക് അത്തരത്തിലുള്ള ഒരു യന്ത്രം ഉണ്ടാക്കുക' അബുലുലു സമ്മതിച്ചുകൊണ്ടു പറഞ്ഞു. 'ഞാൻ താങ്കൾക്ക് ഭംഗിയുള്ള ഒരു ധാന്യ പൊടിയന്ത്രം ഉണ്ടാക്കിത്തരാം. അതി ന്റെ പ്രശസ്തി കിഴക്കും പടിഞ്ഞാറും വ്യാപിക്കും' ഇത് പറഞ്ഞുകൊണ്ട് അയാൾ നടന്നുപോയി. ഉമർ(റ)അ യാൾ കണ്ണിൽ നിന്നും അപ്രത്യക്ഷനാ വുന്നത് വരെ നോക്കിനിന്നു. ഉമർ(റ) ആത്മഗതമായി പറഞ്ഞു. 'ഇത് വിചിത്രമായിരിക്കുന്നു. ഈ മനുഷ്യൻ എന്നെ ഭീഷണിപ്പെടുത്തിയിരിക്കുന്നു'.

ഹസ്റത്ത് ഉമറി(റ)ന്റെ വധം നട ക്കുന്നതിന് തലേ ദിവസം രാത്രി ഇറാൻകാരനായ ഹർമുസാൻ ക്രിസ്താനിയായ ജഫീന എന്നിവരു മായി തെരുവിൽവെച്ച് രഹസ്യസംഭാ ഷണം നടത്തുന്നത് കണ്ടതായി അബ്ദുറഹ്മാൻ ബിനു അബൂബക്കർ പ്രസ്താവിച്ചിരുന്നു. അദ്ദേഹത്തെ കണ്ടപ്പോൾ അവർ ഭ്രമിക്കുകയും അവ രുടെ കൈയ്യിൽ നിന്ന് ഇരുതല മൂർച്ച യുള്ള ഒരു കഠാര താഴെവീഴുകയും ചെയ്തു. വിശ്വാസികളുടെ നേതാ വായ അമീറുൻ മുഅ്മിനീനെ കുത്തി ക്കൊലപ്പെടുത്തിയ അതേ കഠാര യോടു സാമ്യമുള്ള ഒരു ആയുധമായി രുന്നു അത്.

മേൽ പ്രസ്താവന ഈ മൂന്നു പേരും ഈ ഹീനമായ ഗൂഢാലോചന യിൽ പങ്കാളിയായിക്കാമെന്ന ഗുരുത രമായ സംശയമുയർത്തുന്നു. ഒരു ഇറാൻകാരനും ഒരു അറബ് ക്രിസ് ത്യാനിയുമായും ചേർന്ന് അബുലുലു വുമായി രാത്രിയുടെ അന്ധകാരത്തിൽ കൂടിയിരുന്ന് നടത്തിയ സംഭാഷണം ഒരു ഗൂഢാലോചനയാണെന്ന കാര്യം പ്രകടമാവുന്നു. ഇറാനിൽവെച്ച് സഅദ് ബ്നു അബി വക്കാസിനാൽ പരാജി തനായ ഒരു ഇറാനിയൻ പട്ടാള ജനറ ലായിരുന്നു ഹർമുസാൻ. ഇറാഖിലെ ഗ്രാമീണ ജനതയേയും കർഷകരെയും മുസ്ലിംങ്ങൾക്കെതിരെ ആയുധമെടു ക്കാൻ വമ്പിച്ച പ്രേരണ ചെലുത്തിയ

വ്യക്തിയായിരുന്നു ഹർ മുസാൻ. പിന്നീട് ഇസ്‌ലാം മതം സ്വീകരിക്കു കയാണുണ്ടായത്. അയാളുടെ രാഷ്ട്രീയ കുറ്റങ്ങൾക്ക് വധശിക്ഷ കിട്ടുമെന്ന് ഉറപ്പായപ്പോഴാണ് അദ്ദേഹം മതം മാറിയത്. ഇസ്‌ലാം മതം സ്വീക രിക്കുക മാത്രമായിരുന്നു അദ്ദേഹ ത്തിന് വധശിക്ഷയിൽ നിന്നും രക്ഷ പ്പെടാനുള്ള ഒരേയൊരുപോംവഴി. ഇറാ നിയൻ സൈന്യത്തിന്റെ കമാണ്ട റായിരുന്നപ്പോൾ ഹർമുസാൻ മുസ്‌ലിം സൈന്യവുമായി സമാധാന അനാക്ര മണസന്ധിയിൽ ഒപ്പുവെക്കുകയുണ്ടാ യി. പക്ഷേ എല്ലാ കരാറും അയാൾ ലംഘിക്കുകയും മുസ്‌ലിംകളുമായി വീണ്ടും വീണ്ടും യുദ്ധം ചെയ്യുകയു മുണ്ടായി. ശക്തമായ ഇറാനിയൻ സാമ്രാജ്യം തകർത്തതിന്റെ പേരിൽ ഹർമുസാനും അത് പോലെയുള്ള മറ്റു പലരും അറബികളോട് തീർത്താൽ തീരാത്ത പക മനസ്സിൽ വെച്ച് നടക്കു കയായിരുന്നു.

ജഫീന എന്നയാൾ നജ്റാനിലെ ഒരു ക്രിസ്ത്യാനിയായിരുന്നു. സഅ ദ്ബിൻ അബി വഖാസ് അമുസ്‌ലിംക ളെ പഠിപ്പിക്കാൻ അദ്ദേഹത്തോടൊപ്പം ജഫീനയെ കൊണ്ടുവന്നു. ഉമർ(റ) പേർസ്യക്കാരോടും റോമാക്കാരോടും ഒരേ സമയം പട പൊരുതിയിരുന്ന പ്പോൾ മുഴുവൻ നഷ്ടപരിഹാര തുക യും നൽകിക്കൊണ്ട് നജ്റാനി ക്രിസ്ത്യാനികളെ സിറിയയിലും ഇറാ ഖിലും പുനരധിവസിപ്പിക്കാൻ അദ്ദേ ഹം കൽപന പുറപ്പെടുവിക്കുകയുണ്ടാ യി. ഇത് അദ്ദേഹത്തിന്റെ ഒരു രാഷ്ട്രീ യ തന്ത്രമായിരുന്നു. ക്രിസ്തീയ റോമൻ സാമ്രാജ്യവു മായി യുദ്ധം ചെയ്യുമ്പോൾ നജ്റാനിൽ ക്രിസ്ത്യാ നികളുടെ സാന്നിധ്യം അദ്ദേഹത്തിനും യുക്തമായിതോന്നിയില്ല. അതുകൊ ണ്ട് നജ്റാനിലെ ക്രിസ്ത്യാനികൾക്ക് ഉമറിനോട് ഒടുങ്ങാത്ത വിദ്വേഷമുണ്ടാ യിരുന്നുവെന്നതിൽ സംശയമില്ല. നജ്റാനിൽ നിന്നും കുടിയൊഴിപ്പിക്ക പ്പെട്ട ജഫീനയും പരാജിതനായ പേർ ഷ്യൻ ജനറൽ ഹർമുസാനും തമ്മിൽ സഖ്യം ചേർന്ന് ഉമർ(റ)നെ കൊലപ്പെ ടുത്തുവാൻ ഗൂഢാലോചന ചെയ്ത തിൽ അത്ഭുതപ്പെടാനൊന്നുമില്ല.

ഹസ്റത്ത് ഉമറി(റ)ന്റെ വധവുമായി ബന്ധപ്പെട്ട മറ്റൊരു വ്യക്തി കാബ അൽഅഹ്ബാർ ആണ്. ചില ചരിത്ര കാരന്മാർ ഈ ക്രൂരകൃത്യം നടന്നതിനു പിന്നിൽ കാബിനെ സംശയിക്കുന്നു. ഹസ്റത്ത് ഉമർ(റ) വധിക്കപ്പെടുന്ന തിന് മൂന്ന് ദിവസം മുമ്പ് കാബഅൽ അഹ്ബാർ അദ്ദേഹത്തിന്റെ അരികിൽ വന്നു. 'അമീറുൽ മുഅ്മിനീൻ താങ്കൾ അടുത്ത മൂന്ന് ദിവസത്തിന്നുള്ളിൽ വധിക്കപ്പെടും' എന്ന് പറഞ്ഞു. ഉമർ അദ്ദേഹത്തോട് പ്രതിവചിച്ചു: 'താങ്കൾക്ക് ഇതെങ്ങിനെ അറിയാം? കാബ മറുപടി പറഞ്ഞു. ഞാനിത് തൗറാത്തിൽ നിന്നും മനസ്സിലാക്കിയ താണ്. ഉമർപറഞ്ഞു; എന്നെപറ്റി തൗറാത്തിൽ പരാമർശമുണ്ടെന്ന കാര്യത്തിൽ ഞാൻ അത്ഭുതപ്പെടുന്നു. കാബമറുപടി പറഞ്ഞു. താങ്കളുടെ രൂപവും ഭാവവും സ്വഭാവഗുണങ്ങളും നിസ്സംശ്ശയം അതിൽ രേഖപ്പെട്ടുകിട ക്കുന്നു.'

അടുത്തദിവസം കാബ വീണ്ടും ഖലീഫയെ കാണാൻവന്നു. അമീറുൽ മുഅ്മിനൂൻ താങ്കൾ ഇനി രണ്ട് ദിവസം കൂടി മാത്രമേ ജീവിച്ചിരിക്കു! അതിന്നടുത്ത ദിവസം അയാൾ വന്നു പറഞ്ഞു: 'അമീറുൽ മുഅ്മിൻ നിർണാ യകമായ രണ്ട് ദിവസങ്ങൾ കഴിഞ്ഞു പോയിരിക്കുന്നു. ഇനി ഒരു രാത്രി മാത്രമേ താങ്കളുടെ ജീവിതം അവശേ ഷിക്കുന്നുള്ളൂ. നാളെ താങ്കളുടെ മരണം ഉറപ്പാണ്'.

## മറ്റൊരു കൂട്ടാളി

കാബ അൽ അഹ്ബാർ ഇസ്‌ലാ മിനോട് കഠിനമായ വിദ്വേഷമുള്ള ആളായിരുന്നു. ഇസ്‌ലാം വളരെയേറെ പുരോഗമിക്കാൻ വിധിക്കപ്പെട്ടിരി ക്കുന്നു എന്ന് അയാൾക്ക് ബോധ്യ മുണ്ടായിരുന്നു. മുസ്‌ലിംകൾ പ്രദർശി പ്പിച്ച അടങ്ങാത്ത ആവേശവും ധീര തയും തുല്യതയില്ലാത്ത ത്യാ ഗമനോഭാവവും നിസ്സ്വാർത്ഥതയും മഹത്വഗുണവും അവരെ ഉജ്ജ്വലമായ വിജയങ്ങളുടെ ഉച്ചിയിലെത്തിച്ചു. അവർ ലോകം മുഴവനും കീഴടക്കു മെന്ന് ഉറപ്പിക്കപ്പെട്ടിരുന്നു. അതു കൊണ്ട് കാബയും ഇസ്‌ലാം മതം സ്വീകരിച്ചു. ഉദിച്ചുയരുന്ന ഈ പുതുവിശ്വാസത്തെ നശിപ്പിക്കാൻ ഇത് മാത്രമാണ് വഴിയെന്ന് അയാൾ കരുതി. ഹിബ്രു ഭാഷയിൽ അഗാധ പാണ്ഡി ത്യമുള്ള ഒരാളായിരുന്നു കാബ. ചുരുക്കം ചില അറബികൾക്ക് മാത്രം ഗ്രഹിക്കാൻ കഴിയുന്ന കഠിനവും ദുർ ഗ്രഹവുമായ വചനങ്ങൾ തൗറാത്തിലു ണ്ടായിരുന്നു. ഈ അവസ്ഥ മുതലെ ടുത്തുകൊണ്ട് കാബ വളരെ സമർത്ഥ മായി പല കൃതിപ്പുകളും നടത്തി ഇസ്‌ലാമിക അദ്ധ്യാപനങ്ങളെ അയാ ൾ വികലമാക്കാൻ ശ്രമിക്കുകയുണ്ടാ യി. പിന്നീട് മുസ്‌ലീം വിദ്യാഭ്യാസ ത്തിന്റെ ഭാഗമായി മാറിയ പല അന്ധ വിശ്വാസങ്ങളും ഇയാളുടെ സൃഷ്ടിയാ യിരുന്നു.

ഈ വസ്തുതകൾ വെളിവാക്കു ന്നത് ഉമറി(റ)ന്റെ മരണത്തെ കുറി ച്ചുള്ള കാബയുടെ പ്രവചനം അബു ലുലുവിന്റെ ഗൂഢാലോചനയിൽ അയാൾ ഭാഗഭാക്കായിരുന്നു എന്നാ ണ്. എന്തുകൊണ്ടാണ് അയാൾ ഉമ റി(റ)നെ സമീപിച്ച് അദ്ദേഹത്തിന്റെ ആസന്നമായ മരണത്തെ കുറിച്ച് സൂചന നൽകിയത് എന്ന കാര്യം നമുക്ക് മനസ്സിലാക്കാവുന്നതാണ്. അതായത് ഇങ്ങിനെ മുൻകൂട്ടി പ്രവചി ച്ചാൽ താൻ ഒരു വിശുദ്ധജ്ഞാനി യായി അംഗീകരിക്കപ്പെടുമെന്നും ആത്മീയ ശക്തിയുള്ള ഒരാളായി വാഴ് ത്തപ്പെടുമെന്നും അയാൾ കണക്ക് കൂട്ടി. മുസ്‌ലിംകൾക്കിടയിൽ കുഴപ്പ ങ്ങൾ പ്രചരിപ്പിക്കാനും ഇതുവഴി മഹ ത്തായ ഖിലാഫത്ത് വ്യവസ്ഥയെ അട്ടി മറിക്കാമെന്നുമായിരുന്നു അയാളുടെ കണക്ക് കൂട്ടൽ.

*(അടുത്ത ലക്കത്തിൽ 'ഹസ്റത്ത് ഉസ്മാൻ(റ)നെതിരായ ഗൂഢാലോചന യെപറ്റി)*

# യഅ്ജൂജ് മഅ്ജൂജ് അഥവാ ഗോഗ് മഗോഗ്

എ.പി. കുഞ്ഞാമു

## അതിവർണ്ണനയിലും അതിശയോക്തിയിലും പൊതിഞ്ഞ യഅ്ജൂജ് മഅ്ജൂജിന്റെ യഥാർത്ഥ വിവക്ഷയെന്ത്?

ഭാവിയുടെ ഗർഭഗൃഹത്തിൽ രൂപം കൊള്ളാനിരിക്കുന്ന സംഭവങ്ങൾ സർവ്വജ്ഞാനിയായ ദൈവം മുൻകൂട്ടി വെളിപാടുകളിലൂടെയോ, ദർശനങ്ങളിലൂടെയോ, ബോധനങ്ങളിലൂടെയോ പ്രവാചകന്മാർക്ക് അറിയിച്ചു കൊടുക്കുന്നതിനെയാണ് പ്രവചനങ്ങൾ എന്നു പറയുന്നത്. ആ പ്രവചനങ്ങൾ പൂർത്തിയാവുക എന്നത് ദൈവാസ്തിക്യത്തിനും പ്രവാചകന്റെ സത്യത്തിനും കാലം നൽകുന്ന സാക്ഷ്യങ്ങളാണ്. സത്യമതങ്ങൾക്ക് ഇത്തരം പ്രവചനപൂർത്തീകരണങ്ങൾ നൽകുന്ന ഉത്തേജനം വിശ്വാസികളുടെ ആത്മീയ വളർച്ചയിൽ വമ്പിച്ച സ്വാധീനങ്ങൾ ചെലുത്തുന്നു. പ്രവചനങ്ങൾ മിക്കതും പ്രവാചകന്മാരുടെ ദൗത്യവും അവരുടെ മതപ്രസ്ഥാനവുമായും പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടതായിരിക്കും. വിശുദ്ധ ഖുർആനിലും ഹദീസിലും മറ്റു മതഗ്രന്ഥങ്ങളിലും ഈ കാലഘട്ടത്തെപറ്റി നിരവധി പ്രവചനങ്ങൾ നമുക്ക് കാണാൻ സാധിക്കും.

പ്രവചനങ്ങളെ പറ്റി പറയുമ്പോൾ അതിലെ ഭാഷ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സാധാരണ വിജ്ഞാന വിനിമയങ്ങളിലുപയോഗിക്കുന്ന വിധത്തിലല്ല മിക്ക പ്രവചനങ്ങളിലെയും ഭാഷ. വളരെയേറെ പ്രതീകാത്മകവും ആലങ്കാരികവും പദനിരുക്തി ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കേണ്ടതുമാണ്. പ്രവചന ഭാഷ ആത്മീയ ജ്ഞാനികൾക്കാണ് എളുപ്പത്തിൽ ഉപദർശനം നൽകുന്നത് എന്നകാര്യവും ശ്രദ്ധേയമാണ്. പ്രവചനങ്ങളിലെ വചനപൊരുൾ ഭാവികാലങ്ങളിലാണ് പുലരുന്നത്. ഭാവിയിലുള്ള സ്ഥലകാലവുമായി ഒരു ബന്ധവുമില്ലാത്ത പ്രവാചകന്മാരാണ് ദൈവം അറിയിച്ചത് പ്രകാരം പ്രവചനങ്ങൾ നടത്തുന്നത്. അതുകൊണ്ടാണ് ചില പ്രവചനങ്ങളുടെ യാഥാർത്ഥ്യം പ്രവാചകന്മാർക്കുപോലും ഗ്രഹിക്കാൻ സാധിക്കാതെ വരുന്നത്. പ്രവചന ദൃഷ്ടാന്തങ്ങൾ അക്ഷരാർത്ഥത്തിൽ തന്നെ പുലരണമെന്ന് ശഠിക്കുന്നത് ബുദ്ധിശൂന്യരായ ആളുകളാണ്. ഖുർആൻ പറയുന്നു "എന്റെ വചനങ്ങൾ നിങ്ങൾക്ക് വായിച്ച് കേൾപ്പിക്കപ്പെട്ടാറുണ്ടായിരുന്നു. അപ്പോൾ നിങ്ങൾ പിന്തിരിഞ്ഞു കളയുകയായിരുന്നു. അതിനെ സംബന്ധിച്ച് അഹംഭാവം നടിച്ചു കൊണ്ടും രാക്കഥ പറഞ്ഞുകൊണ്ടും അസംബന്ധങ്ങൾ പുലമ്പുകയായിരുന്നു." (23:67/68)

### യഅ്ജൂജ് മഅ്ജൂജ് അഥവാ ഗോഗ് മഗോഗ്

ഈ കാലഘട്ടത്തെ പറ്റി നിരവധി പ്രവചനങ്ങൾ നമുക്ക് കാണാൻ സാധിക്കുന്നു. ആ പ്രവചനങ്ങളിൽ പലതും ഈ കാലഘട്ടത്തിൽ പൂർത്തിയായതായും നാം കാണുന്നു. ഇതിൽ നിന്ന് മറ്റൊരു കാര്യം കൂടി മനസ്സിലാകുന്നത് മതങ്ങൾക്കെല്ലാം ഒരു ഏകീ ഭാവമുണ്ടെന്നും, മതങ്ങളെല്ലാം ഒരേ സ്രോതസ്സിൽ നിന്നും നിർഗ്ഗളിച്ചതാണെന്നുമാണ്. ഏതെങ്കിലും ഒരു മതത്തിൽ മാത്രം നാം ഇത്തരം പ്രവചനങ്ങൾ കാണുകയും അതു പൂർത്തിയാവുകയും ചെയ്താൽ അത് 'യാദൃച്ഛിക' മെന്ന പല്ലവി വെച്ച് നിഷേധികൾ നിഷേധിച്ചേക്കാം. എന്നാൽ എല്ലാ മതങ്ങളിലും ഒരേ കാലഘട്ടത്തെ പറ്റി പറയുകയും അക്കാലത്ത് പൂർത്തിയാവേണ്ട സംഭവവികാസങ്ങൾ ഒരോന്നായി ഒരേ രൂപത്തിൽ പറയുകയും അതിൽ പറയപ്പെട്ട പ്രവചനങ്ങൾ പലതും സത്യമായി പൂർത്തിയായതായി കാണുകയും ചെയ്യുമ്പോൾ അതു ദൈവാസ്തിക്യത്തിനുള്ള വലിയൊരു അടയാളമായി മനസ്സിലാക്കേണ്ടതുണ്ട്. ചിന്തിക്കുന്നവർ അതിനോടു അനുബന്ധിതമായ മറ്റു പ്രവചനങ്ങളിൽ കൂടി ശ്രദ്ധ തിരിക്കുകയും ചെയ്യുന്നു.

ഇസ്‌ലാമിൽ ഇതു സംബന്ധിച്ചുള്ള പ്രവചനങ്ങളെ പറ്റി നമുക്ക് ഒന്നുപരിശോധിക്കാം. ഞാൻ ഏതാണ്ട് ഒരു അഹ്മദി അനുഭാവിയായായിരുന്ന കാലത്തു മഹ്ദീമസീഹിന്റെ ആവിർഭാവത്തെപ്പറ്റിയും ആ കാലത്ത് സംഭവിക്കേണ്ട സംഭവ വികാസങ്ങളെ പറ്റിയും മുസ്‌ലിം പണ്ഡിതന്മാർ അവരുടെ വയളുകളിൽ (മതപ്രസംഗങ്ങളിൽ) പ്രത്യേക വിഷയമായി എടുത്തുപറയുമായിരുന്നു. വാഗ്ദത്ത മഹ്ദീമസീഹിന്റെ ആവിർഭാവത്തോടു അനുബന്ധിച്ച് യഅ്ജൂജ് മഅ്ജൂജിന്റെ പുറപ്പാടുണ്ടാകുമെന്നും ആ ഭയങ്കര ആഗോളവിപത്തിനെ മഹ്ദി മസീഹ് നശിപ്പിക്കുമെന്നും പ്രസ്തുത മതപ്രസംഗങ്ങളിൽ മുസ്‌ലിം പണ്ഡിതന്മാർ പൊടി

പ്പും തൊങ്ങലും വെച്ചു അവതരിപ്പിക്കു മായിരുന്നു. ഇപ്പോൾ അവരുടെ പ്രസം ഗങ്ങളിൽ യഅ്ജൂജ് മ അ്ജൂജും ദജ്ജാ ലുമൊന്നും ഇല്ല. ഇക്കാലത്ത് വ്യക്ത മായി പുലർന്നു കഴിഞ്ഞ ഇവയെല്ലാം അവർ തമസ്കരിക്കാൻ ശ്രമിക്കുകയാ ണ്. ഇമാം മഹ്ദിയുമായി അഭേദ്യമായി ബന്ധമുള്ള ഈ വിഷയങ്ങൾ ഇപ്പോൾ അവതരിപ്പിച്ചാൽ അതൊരു പക്ഷെ ഖാദിയാനികൾക്ക് വളമായിപ്പോയാ ലോ? ഏതായാലും എനിക്ക് ആ കാല ഘട്ടത്തിലെ അവരുടെ പ്രസംഗങ്ങളിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചത് വാഗ് ദത്ത മഹ്ദി മസീഹ് വന്നാൽ അദ്ദേഹം യഅ്ജൂജ് മഅ്ജൂജ് ആരാണെന്നു ചൂണ്ടിക്കാണിച്ചുതരും എന്നാണ്. എന്നു വെച്ചാൽ യഅ്ജൂജ് മഅ്ജൂജി ന്റെ പുറപ്പാട് വാഗ്ദത്ത മഹ്ദീമസീ ഹിന്റെ ആവിർഭാവവുമായി ബന്ധപ്പെ ട്ടതാണ്. അവരുടെ വീക്ഷണത്തിൽ മ ഹ്ദി മസീഹ് രണ്ട് വ്യക്തിത്വങ്ങളാണ്.

ഏതായാലും യഅ്ജൂജ് മഅ്ജൂജ് ആരാണെന്നെതിനെപ്പറ്റി ഈ കാലഘ ട്ടത്തിൽ മഹ്ദീമസീഹാണെന്ന് അല്ലാ ഹുവിന്റെ നാമത്തിൽ വാദിച്ച ഹസ്റ ത്ത് അഹ്മദ്(അ) അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ വല്ലതും രേഖപ്പെടു ത്തിയിട്ടുണ്ടോ എന്ന കാര്യം അഹ്മദി കളോടു അന്വേഷിച്ചു നോക്കി. ഹസ്റ ത്ത് അഹ്മദ് (അ) തന്റെ സുപ്രസിദ്ധ ഗ്രന്ഥമായ 'ഇസാലയെ ഔഹാം' എന്ന കൃതിയിൽ ഭാഗം 599 ഇങ്ങനെ പ്രസ് താവിച്ചതായ ഒരു ഉദ്ധരണി എനിക്ക് കാണിച്ചുതന്നു. "അപ്രകാരം തന്നെ യഅ്ജൂജ് മഅ്ജൂജിന്റെ സ്ഥിതിയും അറിഞ്ഞുകൊൾക. രണ്ടു പൗരാണിക ജാതിക്കാരാണവർ. മുൻ കാലങ്ങളിൽ ഇവർക്ക് ഇതരജനങ്ങളുടെ മേൽ ജയം പ്രാപിക്കാൻ കഴിഞ്ഞിരുന്നില്ല. അവ രുടെ സ്ഥിതി ബലഹീനമായിരുന്നു. എന്നാൽ അല്ലാഹു പറയുന്നു. അവസാനകാലത്ത് ഈ രണ്ടുജാതി ക്കാരും പുറപ്പെട്ടു വരുന്നതാണ്. അതാ യത് അവർ ശക്തിപ്രതാപത്തോടെ പ്രത്യക്ഷപ്പെടുമെന്ന് താൽപര്യം. സൂറ:അൽ കഹ്ഫിൽ അല്ലാഹു പറയു ന്നു. അതായത് ഈ രണ്ടുജാതിക്കാരും മറ്റുള്ളവരെ കീഴ്പെടുത്തിക്കഴിഞ്ഞ ശേഷം പരസ്പരം അക്രമണം നടത്തു ന്നതാണ്. ഈ രണ്ടുജാതിക്കാർ ഇംഗ്ലീഷ്കാരും, റഷ്യക്കാരുമാണ്." ഹസ്റത്ത് അഹ്മദ്(അ)ന്റെ ഈ വിവ രണം എന്നെ വളരെ അധികം സ്വാധീ നിക്കുകയുണ്ടായി. 1400വർഷങ്ങൾക്ക് മുമ്പു പ്രവാചക പ്രഭു മുഹമ്മദ് മുസ്തഫാ (സ)മുഖേന മനുഷ്യ ലോക ത്തിന് അവതരിച്ച വിശുദ്ധഖുർ ആനിലും അതിന്റെ വിവരണങ്ങൾ കാ ണാം. ഹദീസിലും യഅ്ജൂജ് മഅ്ജൂജ് എന്ന രണ്ടുശാക്തികചേരികളുടെ പേര് പറയുകയും അവരുടെ ഗുണങ്ങളെക്കു റിച്ചും ഭാവിയിൽ അവർക്കു ണ്ടാകുന്ന സ്വാധീനത്തെക്കുറിച്ചും ഭൂമിയിലുള്ള എല്ലാ വരേയും കീഴടക്കുകയും എല്ലാ നിക്ഷേപങ്ങളും പുറത്തെടുത്ത ശേഷം അവർ ആകാശത്തെ കീഴടക്കാൻ ശ്രമി ക്കുകയും ആകാശത്തേക്ക് തീയമ്പു (റോക്കറ്റ്)കൾ വിക്ഷേപിക്കുമെന്ന് വിവ രിച്ചു പറഞ്ഞതായി കാണാം. ഈ രണ്ടു ശാക്തികചേരികൾ ഇംഗ്ലീഷ്കാ രും, റഷ്യക്കാരുമാണെന്നാണ് ഹസ്റ ത്ത് അഹ്മദ്(അ) ഇവിടെ പറഞ്ഞുത ന്നത്. ഹസ്റത്ത് അഹ്മദ്(അ) ഇത് പറ യുമ്പോൾ റഷ്യയിൽ സാർ ചക്ര വർത്തി ഭരിക്കുന്ന കാലഘട്ടമാണ്. ഈ രണ്ടുശാക്തികചേരികളെ ചൂണ്ടി ക്കാണിച്ചു തന്ന ഹസ്റത്ത് അഹ്മദ് (അ) വഫാത്തായി. അതിനുശേഷ മാണ് ഈ പറയപ്പെട്ട രണ്ടുകൂട്ടർ ആകാശത്തേക്കു റോക്കറ്റ് വിക്ഷേ പണം ആരംഭിച്ചത് അഥവാ ബഹിരാ കാശ യുഗം ആവിർഭവിച്ചത്. വാസ്ത വത്തിൽ ഈ ഒരൊറ്റപ്രവചനം മുഖേന മുഹമ്മദ് മുസ്തഫ(സ) യുടേയും ഹസ്റത്ത് അഹ്മദ്(അ)മിന്റെയും സത്യസാക്ഷ്യം വെളിപ്പെടുകയാണ് ചെയ്തത്.

മറ്റൊരു സംഗതി അവിടുന്നു സൂറ അൽകഹ്ഫിലെ ആയത്തുകളിലേക്കും വിരൽ ചൂണ്ടുകയുണ്ടായി. ആ ആയത്ത് പരിശോധിച്ചപ്പോൾ ദുൽഖർ നൈൻ രാജാവുമായി ബന്ധപ്പെട്ട ഒരു ചരിത്രസംഭവം അതിൽ കാണാൻ സാധിച്ചു.

"പിന്നീട് അദ്ദേഹം വേറൊരു മാർ ഗ്ഗം പിന്തുടർന്നു. അങ്ങനെ അദ്ദേഹം രണ്ടു മലകൾക്കിടയിലുള്ള സ്ഥലത്തെ ത്തിയപ്പോൾ അതിനപ്പുറം ഒരു ജന തയെ അദ്ദേഹം കണ്ടെത്തി. അവർക്ക് അദ്ദേഹത്തിന്റെ വാക്കുകൾ വളരെ പ്രയാസപ്പെട്ട് മാത്രമെ മനസ്സിലാക്കാൻ കഴിഞ്ഞിരുന്നുള്ളു. അവർ പറഞ്ഞു. ദുൽഖർനൈൻ തീർച്ചയായും യഅ്ജൂ ജും മഅ്ജൂജും നാട്ടിൽ കുഴപ്പമുണ്ടാ ക്കിക്കൊണ്ടിരിക്കുകയാണ്. താങ്കൾ ഞങ്ങൾക്കും അവർക്കുമിടയിൽ ഒരു മതിൽ നിർമ്മിക്കുമെന്ന വ്യവസ്ഥയിൽ ഞങ്ങൾ താങ്കൾക്ക് കരം നിശ്ചയിക്ക ട്ടെയോ? അദ്ദേഹം പറഞ്ഞു (ഇത്തരം പ്രവൃത്തികളുടെ കാര്യത്തിൽ) എന്റെ നാഥൻ എനിക്ക് പ്രദാനം ചെയ്തിട്ടുള്ള ശക്തിയും സ്വാധീനവും (എതിരാളി കൾക്കുള്ളതിനേക്കാൾ) വളരെ മികച്ച താണ്. അതിനാൽ പ്രയത്ന ശക്തികൊ ണ്ടുനിങ്ങളെന്നെ സഹായിക്കുവിൻ. നിങ്ങൾക്കും അവർക്കുമിടയിൽ ഞാൻ ഒരു ശക്തമായ ഭിത്തിനിർമ്മിച്ചുതരാം. നിങ്ങൾ എനിക്ക് ഇരുമ്പുകഷ്ണം കൊണ്ടുവരൂ. അങ്ങനെ രണ്ടുമല കൾക്കിടയിൽ അദ്ദേഹം വിടവ് സമമാ ക്കിയപ്പോൾ അദ്ദേഹം പറഞ്ഞു നിങ്ങ ൾ തീ ഊതിക്കത്തിക്കുവിൻ. തുടർന്നു അദ്ദേഹം അതിനെ അഗ്നിമയമാക്കിയ പ്പോൾ അദ്ദേഹം കൽപിച്ചുകൊണ്ടു വരിക, ഞാൻ അതിൻ മേൽ ഉരുക്കിയ ചെമ്പ് ഒഴിക്കാം. അങ്ങനെ അവർക്ക് അത് കയറി മറിയാനോ തുരന്നുകട ക്കാനോ കഴിഞ്ഞില്ല. അദ്ദേഹം പറ ഞ്ഞു: ഇത് എന്റെ നാഥനിൽ നിന്നുള്ള ഒരു കാരുണ്യമാണ്. എന്നാൽ എന്റെ നാഥൻ വാഗ്ദാനം നിറവേറ്റുന്ന നാൾ അവൻ അതിനെ തകർത്ത് നിരപ്പാ ക്കിക്കളയുന്നതാണ്. എന്റെ നാഥന്റെ വാഗ്ദാനം സത്യമാണ്.(18:90-99)

"സൂറഅൽകഹ്ഫി"നെ സംബ ന്ധിച്ചു പാശ്ചാത്യ വിവർത്തകനായ സെയിൽ (Sale) പറഞ്ഞ വാക്യമാണ് സ്മൃതി പഥത്തിൽ വരുന്നത്. It is a chapter of wonderful stories (അത്ഭു തകരങ്ങളായ കഥകളുടെ അദ്ധ്യായമാ ണെന്നാണ്) അതു മുഴുവനായും വായി ച്ചുനോക്കിയാൽ ഒരു കഥപോലെതോ ന്നും. പക്ഷെ അതിൽ അന്തർലീനങ്ങ ളായ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങ

ളേയും പ്രവചനങ്ങളേയും സാധാരണ വായനക്കാർക്ക് തിട്ടപ്പെടുത്താൻ സാധ്യമല്ല. വാഗ്ദത്തമഹ്ദിയും അദ്ദേഹത്തിന്റെ ഖലീഫമാരും ആ സാഗരത്തിൽ നിന്നും എടുത്ത പല ഗൂഢാർത്ഥത്തിലുളള ഉപമാ കഥകൾ ചരിത്ര സംഭവങ്ങളായി വ്യാഖ്യനിക്കുകയും പ്രവചനാത്മക വചനങ്ങൾ ഭാവിയിൽ പുലരേണ്ട ലോകസംഭവങ്ങളുമായി വിവരിച്ചുകൊണ്ടും ഖുർആന്റെ അത്ഭുതകരമായ ജ്ഞാനപ്രപഞ്ചം തുറന്നുകാട്ടിയിരിക്കുന്നു.

ഈ യഅ്ജൂജ് മഅ്ജൂജിനെ സംബന്ധിച്ചു മുസ്ലിംകൾ വെച്ചു പുലർത്തിയ വിശ്വാസം വളരെ രസകരമാണ്. ഭൂമി പരന്നതാണെന്നും അതിന് ചുറ്റും അതിർത്തികളിൽ ഖാഫ്മല എന്ന പേരുള്ള ഒരു പർവ്വതം ഉണ്ടെന്നും, ആ പർവ്വതത്താൽ വലയം ചെയ്യപ്പെട്ട മറ്റൊരു പർവ്വതമുണ്ടെന്നും അതിൽ നമ്മുടെ ഈ ഭൂമിയുടെ എൺപതിനായിരം മടങ്ങ് വിസ്തൃതമായ വേറൊരു ഭൂമിയുണ്ടെന്നും അവിടെയാണ് ഇപ്പോൾ യഅ്ജൂജ് മഅ്ജൂജ് കുടിയിരിക്കുന്നതെന്നും അവസാന നാൾ അടുത്താൽ അവർ പ്രസ്തുത പർവ്വതം അടിച്ചുടച്ചു ഈ ഭൂമിയിലേക്ക് പുറപ്പെട്ട് വൃക്ഷലതാദികളാകെ തിന്ന് നശിപ്പിക്കുകയും കടലിലേയും കായലിലേയും വെള്ളമെല്ലാം കുടിച്ചു വറ്റിക്കുകയും ചെയ്യുമെന്നുമൊക്കെയാണ് കഥകൾ. ഇങ്ങനെയുള്ള കെട്ടുകഥകളിലും ഊഹാപോഹങ്ങളിലും മുസ്ലിം സാധാരണ ജനങ്ങളെ പണ്ഡിതവർഗ്ഗം തളച്ചിട്ടിരിക്കുകയാണ്. യഅ്ജൂജ് മഅ്ജൂജ് മനുഷ്യരല്ലാത്ത ഏതോ സത്വങ്ങളായിട്ടാണ് വിശ്വസിച്ചുവരുന്നത്. ഇതൊന്നും ഇപ്പോഴത്തെ തലമുറയോടു പറയാൻ പറ്റാത്തതിനാൽ അവരതു പറയുന്നില്ല. ഭൂമി ഒരു ഗോളമാണെന്നും അതിനുചുറ്റും മലകൾ ഇല്ലെന്നും, അതിനപ്പുറം മറ്റൊരു ഭൂമി ഇല്ലെന്നും ഈ ശാസ്ത്രീയ യുഗത്തിൽ ചെറിയ കുട്ടികൾക്ക് പോലും അറിയുന്ന പരമാർത്ഥങ്ങളാണ്. അതു കൊണ്ടുതന്നെ ഈ 'യഅ്ജൂജ് മഅ്ജൂജിനേയും' ഈ ഭൂമിയിലുള്ള മനുഷ്യരിൽപ്പെട്ടവരിൽ നിന്നുതന്നെ കണ്ടെത്തേണ്ടിയിരിക്കുന്നു.

ഇനി നമുക്ക് മേൽപ്രസ്താവിച്ച വിശുദ്ധ ഖുർആൻവചനങ്ങൾ ഒന്നു പരിശോധിക്കാം. ഇവിടെ ദുൽഖർനൈൻ രാജാവ് യഅ്ജൂജ് മഅ്ജൂജിന്റെ ഉപദ്രവത്തിൽ നിന്ന് ഒരു ജനതയെ രക്ഷിച്ച വിവരണമാണ് നൽകുന്നത്. ഈ ആയത്തിനെ വിവരിക്കുന്നതിനു മുമ്പു ദുൽഖർനൈൻ രാജാവ് ആരാണെന്നും, യഅ്ജൂജ് മഅ്ജൂജ് ആരാണെന്നും മനസ്സിലാക്കുന്നത് നന്നായിരിക്കും. ദുൽഖർനൈൻ രാജാവ് അലക്സാണ്ടർ ചക്രവർത്തിയാണെന്നു പല ഖുർആൻ വ്യാഖ്യാതാക്കളും പറഞ്ഞുകാണുന്നു. എന്നാൽ ദുൽഖർനൈൻ മഹാനായ സൈറസ് ചക്രവർത്തിയാണെന്നാണ് അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫ രചിച്ച വിശുദ്ധ ഖുർആന്റെ തഫ്സീർ കബീറിൽ പല രേഖകൾ കൊണ്ടും സമർത്ഥിച്ചിട്ടുള്ളത്. അദ്ദേഹം പ്രവാചകനായ സൊറൊസ്റ്ററിൽ വിശ്വസിക്കുന്ന ആളാണ്. സൊറോസ്റ്റർ മതം ഇസ്ലാമിനെ പോലെ മരണാനന്തര ജീവിതം പ്രതിപാദിക്കുന്ന മതമാണ്. അതു കൊണ്ടുതന്നെ സൈറസ് രാജാവ് മരണാനന്തര ജീവിതത്തിൽ അടിയുറച്ചു വിശ്വസിക്കുകയും വളരെ പരിശുദ്ധ ജീവിതം നയിച്ചയാളും ദൈവിക ഭാഷണം ലഭിച്ച വ്യക്തിയുമായിരുന്നു. മാത്രമല്ല ഇത്ര വലിയ ഒരു മതിൽ പണിയണമെങ്കിൽ ഒരു ദീർഘ സമയം എടുത്തിരിക്കും. ഇതൊക്കെ കണക്കിലെടുക്കുമ്പോൾ അത് സൈറസ് ചക്രവർത്തിയാണെന്നതിലേക്ക് സൂചന നൽകുന്നു. അലക്സാണ്ടറുടെ ജീവിതം ഒരു പടയോട്ട ജീവിതമാണ്. ഏതെങ്കിലും ഒരു സ്ഥലത്ത് അദ്ദേഹം കൂടുതൽ സമയം ചിലവഴിച്ച ചരിത്രമില്ല. അദ്ദേഹം സൈറസിനെപോലെ ദിവ്യവെളിപാടു ലഭിച്ച ആളുമായിരുന്നില്ല. (കൂടുതൽ അറിയാൻ തഫ്സീർ കബീർ നോക്കുക)

ഇനി രണ്ടാമത്തെ കാര്യം യഅ്ജൂജ് മഅ്ജൂജ് ആരാണെന്നു കൂടി നാം മനസ്സിലാക്കണം. അറബി ഭാഷയുടെ ഏറ്റവും വലിയ കഴിവ് ഏതൊരു കൂട്ടരെക്കുറിച്ചോ സാധനങ്ങളെക്കുറിച്ചോ ഒരു വാക്ക് പ്രയുക്തമായാൽ ആ നാമത്തിന്റെ അർത്ഥത്തിൽ തന്നെ അതിന്റെ വിവരണം അന്തർലീനമായി കാണാവുന്നതാണ്. ഇവിടെ 'അജ്ജ്' അല്ലെങ്കിൽ 'ഔജ്' അതുമല്ലെങ്കിൽ 'മൗജ്' എന്നീ ധാതുക്കളിൽ നിന്നാണ് യഅ്ജൂജ് മഅ്ജൂജ് നിഷ്പന്നമായത് എന്നു മൂന്ന് വാദഗതികളുണ്ട്. ഏതർത്ഥത്തിലും ഈ ജനതയുടെ സ്വഭാവം അതിൽ കൂടി മനസ്സിലാക്കാം. കത്തിജ്ജ്വലിക്കുക, പ്രകാശിക്കുക, തീപ്പൊരിപാറുക, അത്യുഷ്ണമുള്ളതാവുക, കുതിച്ചോടുക, സമ്മിശ്രമാക്കുക, ഉപ്പുരസമുള്ളതാവുക, കയറുക, ഉയരുക, അതിശീഘ്രം ചലിക്കുക,കോളിളക്കമുണ്ടാവുക എന്നീ അർത്ഥങ്ങളെല്ലാം പ്രസ്തുത യഅ്ജൂജ് മഅ്ജൂജ് എന്ന വാക്കിൽ അന്തർലീനമായിട്ടുണ്ടു. അവർ അഗ്നിപ്രയോഗം നടത്തുന്ന ഒരു കൂട്ടരായിരിക്കുമെന്നും കരയിലും കടലിലും ശീഘ്രഗമനം ചെയ്യുന്നവരാണെന്നും ഇതിൽ നിന്നും മനസ്സിലാകുന്നു.

സൂറ:അൽകഹ്ഫിൽ അതിന്റെ തുടക്കത്തിൽ തന്നെ ഏകദൈവ വിശ്വാസത്തെ സംരക്ഷിക്കാൻ യേശുവിൽ വിശ്വസിച്ച ആദിമ ക്രിസ്ത്യാനി യുവാക്കൾ മുന്നൂറു കൊല്ലത്തോളം ഗുഹാവാസം അനുഷ്ഠിക്കേണ്ടിവന്ന ചരിത്രം വിവരിക്കുന്നു. പൊതു മുസ്ലിംകൾ ഈ ചരിത്ര സംഭവത്തെ മുന്നൂറ് കൊല്ലം അവർ ഗുഹയിൽ ഉറങ്ങിയവരായിട്ടാണ് വിശ്വസിക്കുന്നത്. യേശുവിന്നും അദ്ദേഹത്തിൽ വിശ്വസിച്ചവർക്കും ആരംഭത്തിൽ അനുഭവിക്കേണ്ടിവന്ന അതിരൂക്ഷമായ എതിർപ്പുകളിൽ നിന്ന് അവരുടെ വിശ്വാസത്തെ സംരക്ഷിക്കാനാണ് അവർ ഗുഹാവാസികളായി കഴിഞ്ഞത്. ഇതു സംബന്ധിച്ചും മുസ്ലിംതഫ്സീർ ഗ്രന്ഥങ്ങളിൽ ഒരു പാട് കെട്ടുകഥകൾ രേഖപ്പെട്ടുകിടക്കുന്നു. പ്രസ്തുത ഗുഹകൾ മൈലുകളോളം ദൈർഘ്യമുള്ള ഗുഹകളാണ്. ഈ ഗുഹകളിൽ റോമൻ അടിമകൾ ക്രൂരന്മാരായ അവരുടെ യജമാനരിൽ നിന്നു രക്ഷകിട്ടാൻ അഭയം പ്രാപിച്ചിരുന്ന ഒളിസങ്കേതങ്ങളാണ്. റോമിൽ ഇന്നും നില നിൽക്കുന്ന ഈ ഗുഹകൾ കേറ്റ കോംസ് എന്ന പേരിൽ

അറിയപ്പെടുന്നു. മുന്നൂറുകൊല്ലം ഈ ഗുഹാജീവിതം നയിക്കേണ്ടിവന്നപ്പോൾ അതിനകത്ത് കുടുംബസമേതം ജീവിക്കാനുള്ള അത്യാവശ്യ സൗകര്യങ്ങൾ അവർ ഒരുക്കിയതായും മനസ്സിലാകുന്നു. അതിനകത്ത് മതപാഠശാലകൾ ഉണ്ടായിരുന്നുവത്രെ. പ്രസ്തുത കേറ്റകോംസ് അഹ്മദിയ്യാ ഖലീഫമാരിൽ പലരും സന്ദർശിച്ചിട്ടുണ്ട്. തഫ്സീർ കബീർ രചിച്ച രണ്ടാം ഖലീഫ(റ) പ്രസ്തുത ഗുഹ സന്ദർശിച്ചിട്ടുണ്ട്. ഈ ക്രിസ്ത്യൻ സമൂഹം മുന്നൂറ് കൊല്ലങ്ങൾക്ക് ശേഷം കോൺസ്റ്റന്റയിൻ രാജാവ് ക്രിസ്തുമതം വിശ്വസിച്ചതിന് ശേഷമാണ് സ്വതന്ത്രരായത്. പിന്നീട് ക്രിസ്തുമതത്തിന് വളർച്ചയുണ്ടായി. അതു ഏതാണ്ടു ഇസ്ലാമിന്റെ ആവിർഭാവം വരെ നീണ്ടുനിന്നു. ഇസ്ലാമിന്റെ ആവിർഭാവ ശേഷം കിസ്ര കൈസറെപ്പോലെയുള്ള വൻ രാഷ്ട്രങ്ങൾ ഇസ്ലാമിന്ന് എതിരിൽവന്നു. ദൈവിക സഹായം മുഖേന രണ്ടാം ഖലീഫ ഉമർ ഫാറൂഖ് (റ)ന്റെ കാലത്ത് അവരും ഇസ്ലാമിന് അടിയറ പറഞ്ഞു. പിന്നീട് ഇസ്ലാമിന്റെ ജൈത്രയാത്രയായിരുന്നു. എന്നാൽ ഭാവിയിൽ ഇസ്ലാമിന്റെ പേരും ഖുർആന്റെ ലിപിയും മാത്രം ശേഷിക്കുകയും ഈമാൻ സുരയ്യാ നക്ഷത്രത്തിൽ കരേറിപ്പോകുകയും മുസ്ലിംകൾ കക്ഷി പ്രതികക്ഷികളായി അധഃപതിക്കുകയും അവരുടെ പണ്ഡിതന്മാർ ആകാശത്തിൻ കീഴിൽ നികൃഷ്ട ജീവികളായിത്തീരുമെന്നും ആ കാലഘട്ടത്തിൽ ഇസ്ലാമിന് എല്ലാ നിലയിലുള്ള അധഃപതനവും ഉണ്ടാകുമെന്നും അല്ലാഹുവിന്റെ അറിയിപ്പനുസരിച്ചു റസൂൽ തിരുമേനി (സ) തന്റെ സമൂഹത്തെ തെര്യപ്പെടുത്തുകയുണ്ടായി. ഈ സന്ദർഭത്തിൽ മുസ്ലിംകളുടെ രക്ഷകനായി വാഗ്ദത്ത മഹ്ദീമസീഹ് വരുമെന്നും അദ്ദേഹം യഅ്ജൂജ് മഅ്ജൂജിനെ ചൂണ്ടിക്കാണിച്ചു തരുമെന്നും യഅ്ജൂജ് മഅ്ജൂജിനെ യുദ്ധം കൊണ്ടുനേരിടാൻ മുസ്ലിംകൾക്ക് സാധ്യമല്ലെന്നും അവരിൽ നിന്നുമുള്ള അക്രമത്തിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗം മഹ്ദീ മസീഹിൽ ബൈയ്യത്ത് ചെയ്തു കൊണ്ടു പ്രാർത്ഥിക്കുക മാത്രമാണ് എന്നാണ് ഖുർആനിൽനിന്നും, ഹദീസുകളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. തീകൊണ്ടുകളിക്കുന്ന ഈ രണ്ടു ശക്തികൾ അവസാനം തമ്മിലടിച്ചു നാശമടയും എന്ന പ്രവചനവും സുറഃകഹ്ഫിൽ തന്നെയുണ്ട്. ഇവർ അക്രമാസക്തരായ ഒരു ജനവിഭാഗമാണ്. അയൽരാജ്യങ്ങൾ വെട്ടിപ്പിടിക്കാനും അക്രമിക്കാനും സന്ദർഭം പാർത്തിരിക്കുന്ന ജനവിഭാഗമാണ്. ഇവരുടെ ശല്യം അധികരിച്ച സന്ദർഭത്തിലാണ് സൈറസ്(ദുർഖർനൈൻ) ചക്രവർത്തിയുടെ പടയോട്ടം ആ ഭാഗങ്ങളിൽ ഉണ്ടായത്. ഇവർ പേർഷ്യയുടെ വടക്ക് പടിഞ്ഞാറൻ പ്രദേശങ്ങളെ കടന്നാക്രമിക്കുകയും കുറേ ഭാഗം പിടിച്ചടക്കുകയും ചെയ്തിരുന്നു. അങ്ങനെയാണ് സൈറസ് രാജാവ് അവരെ നേരിട്ടത്. അദ്ദേഹം അവരെ വിരട്ടിയോടിച്ചു നാടിനെ രക്ഷിച്ചു. ഭാവിയിൽ അവരുടെ അക്രമങ്ങളിൽ നിന്ന് അവരെ രക്ഷിക്കാൻ രാജ്യാതിർത്തിയിൽ ഒരു മതിലും കെട്ടിക്കൊടുത്തു. അതിന്ന് ആ നാട്ടുകാരിൽ നിന്നും ശ്രമദാനം സൈറസ് സ്വീകരിച്ചതായി കാണുന്നു. ഈ ഭിത്തിക്ക് 'ദർബന്ധ്ഭിത്തി' എന്നു പറയപ്പെടുന്നു. ഇതിന് 29 അടി ഉയരവും 10 അടി വീതിയുമുണ്ടായിരുന്നു. ഈ ഭിത്തി ഇന്നും ആ പ്രദേശത്ത് ജീർണാവസ്ഥയിൽ നിലകൊള്ളുന്നുണ്ട്. ഈ ഭിത്തിയുടെ നിർമ്മാണ ശേഷം ഈ ജനതയെ പൂർണ്ണമായി തടഞ്ഞു നിർത്തുവാൻ സാധിച്ചു. തുടർന്ന് സൈറസ് ചക്രവർത്തി പറഞ്ഞവാക്കുകൾ ദൈവിക അറിയിപ്പോടുകൂടിയ വചനങ്ങളാണ്. അതായത് വാഗ്ദത്ത മഹ്ദി മസീഹിന്റെ കാലഘട്ടം ആവിർഭവിക്കുമ്പോൾ ഈ മതിൽകെട്ടിന് അവരെ തടഞ്ഞുനിർത്താൻ സാദ്ധ്യമല്ല. അവർ ആകാശത്ത് കൂടിയും (വായുസഞ്ചാരം) കടലിൽ കൂടിയും തിരമാലകൾ പോലെ ലോകത്ത് സ്വാധീനം ചെലുത്തുന്നതാണ്. അതാണ് ചരിത്രത്തിൽ കൂടി നാം കണ്ടതും ഇപ്പോഴും കണ്ടു കൊണ്ടിരിക്കുന്നതും. യഅ്ജൂജ് മഅ്ജൂജിന്റെ പുറപ്പാട് കടൽ, ആകാശം എന്നീ മാർഗ്ഗങ്ങളിലൂടെയാണെന്ന് ഖുർആനി(21:96)ലും പറയുന്നുണ്ട്.

അവസാനകാലത്ത് വാഗ്ദാനം ചെയ്യപ്പെട്ട ദൈവിക പുരുഷൻ ആഗതനാവുന്ന കാലത്ത് യഅ്ജൂജ് മഅ്ജൂജിന്റെ തള്ളിക്കയറ്റവും അക്രമവും സംഭവിക്കുമെന്ന ദുൽഖർനൈൻ രാജാവിന്റെ പ്രവചനം ഇക്കാലത്ത് പൂർത്തിയായി. വിശുദ്ധഖുർആന്റെയും തിരുനബി വചനത്തിന്റേയും വെളിച്ചത്തിലും അതിനെ കൂടുതൽ സ്ഫുടതയോടെ വാഗ്ദത്ത മസീഹ് ഹസ്റത്ത് അഹ്മദ്(അ) ഈ രണ്ടു ശാക്തികച്ചേരികളുടെ നാശം അവർ തമ്മിലുള്ള ഒരു ആഗോളയുദ്ധത്തിൽ കൂടിയായിരിക്കുമെന്ന് മനസ്സിലാക്കിത്തരുന്നു. അതിന് ശേഷം വാഗ്ദത്ത മഹ്ദിയുടെ അഹ്മദിയ്യാ ജമാഅത്തിലൂടെ ഇസ്ലാമിന്റെ ആഗോള വിജയമുണ്ടാവുമെന്ന് അദ്ദേഹം പറയുകയുണ്ടായി. ഈ രണ്ടു ശാക്തികച്ചേരികൾ ഏറ്റുമുട്ടുന്നതിന് മുമ്പ് മുസ്ലിംകൾക്ക് ഈ ശക്തികളെക്കൊണ്ടു വളരെ അധികം യാതനകൾ അനുഭവിക്കേണ്ടിവരുമെന്നും പ്രവചനങ്ങളിൽ നിന്ന് മനസ്സിലാകുന്നു. ഇവർ ഏറ്റുമുട്ടുന്നതിന് മുമ്പായി അവരെ നേരിടാൻ ഒരു മുസ്ലിംശക്തിക്കും സാദ്ധ്യമല്ലെന്നും പ്രവചനങ്ങളിൽ പറയുന്നുണ്ട്. 1991 ൽ നമ്മുടെ ഖലീഫ നാലാമൻ ഖാദിയാനിൽ ആഗതനായപ്പോൾ ചോദ്യോത്തര വേളയിൽ ഈ ലേഖകൻ അദ്ദേഹത്തോട് ഒരു ചോദ്യം ചോദിച്ചു. "ഹുസൂർ, ഇന്നത്തെ സാഹചര്യത്തിൽ രണ്ട് ശാക്തികച്ചേരികളെ കാണാനില്ല. അമേരിക്ക മാത്രമെ ഉള്ളു. ഇങ്ങനെയാണെങ്കിൽ വിശുദ്ധഖുർആനിലും, ഹദീസിലും മസീഹ്മൗഊദ്(അ) ചെയ്ത പ്രവചനങ്ങളും ഇവരിൽ എങ്ങനെ പൂർത്തിയാകും?" അതിന് ഹുസൂർ നൽകിയ ഹ്രസ്വമായ മറുപടി. റഷ്യയുടെ നേതൃത്വത്തിലുള്ള ബ്ലോക്ക് രണ്ടാമത് ശക്തിപ്രാപിക്കുമെന്നാണ്. ഇത് എപ്പോൾ പ്രാബല്യത്തിൽ വരുമെന്ന് ഒരു പതിറ്റാണ്ടായിട്ടും യാതൊരു സൂചനയും ലഭിച്ചിരുന്നില്ല.

ഇപ്പോൾ ഇറാക്കിനെതിരെയുള്ള അമേരിക്കയുടെയും ബ്രിട്ടന്റെയും നേതൃത്വത്തിലുള്ള അധിനിവേശ സേന നടത്തിയ പൈശാചികമായ യുദ്ധത്തി

നെതിരെ ലോകത്തിന്റെ നാനാഭാഗത്ത് നിന്നും പ്രതിഷേധം ഉയരുകയുണ്ടായി.

റഷ്യ, ചൈന, ഫ്രാൻസ്, ജർമ്മനി എന്നീ രാജ്യങ്ങളുടെ എതിർപ്പ് നമുക്ക് കാണാൻ സാധിച്ചു. ഒരുപക്ഷെ ഈ ബന്ധം ശക്തിപ്രാപിച്ചു ഒരു ചേരിയായി രംഗപ്രവേശം ചെയ്യേണ്ടിയിരിക്കുന്നു.

റസൂൽ തിരുമേനി (സ) ഒരു ദിവസം സഹാബാക്കളെ ഇങ്ങനെ അഭിസംബോധനചെയ്തതായി ഹദീസുകളിൽ കാണുന്നു. "അറബികൾക്ക് നാശം. യഅ്ജൂജ് മഅ്ജൂജിന്റെ ഭിത്തിയിൽ നിന്ന് (രണ്ട്വിരൽ കൊണ്ടു വൃത്തമുണ്ടാക്കി കാണിച്ചുകൊണ്ടു പറഞ്ഞു) ഇത്ര വിടവുണ്ടായിരിക്കുന്നു." ആ മഹൽവാക്യത്തിന്റെ അലയൊലികളാണ് അറബ് രാഷ്ട്രങ്ങളിൽ നാം ദർശിക്കുന്നത്.

ചരിത്രത്തിൽ മറ്റൊരു സംഭവവികാസം കൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. ഫലസ്തീനികളുടെ ജന്മസ്ഥലത്തു നിന്നും അവരെ ആട്ടിയോടിച്ച ശേഷമാണ് ഇസ്രയേൽ രാജ്യം രൂപീകൃതമായത്. ഈ അനീതിക്ക് യഅ്ജൂജ് മഅ്ജൂജും കൂട്ടുനില്ക്കുകയായിരുന്നു. വിശുദ്ധ ഖുർആനിലും ഇതുസംബന്ധിച്ചു പ്രവചനമുണ്ട്. അവസാനകാലത്തെ വാഗ്ദാനം പൂർത്തിയായാൽ നാം അവരെ ഒരുമിച്ചു കൂട്ടും എന്ന് യഹൂദികളെ സംബന്ധിച്ച പ്രവചനവും ഈ സന്ദർഭത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്. അവസാന കാലത്തെ വാഗ്ദാനം എന്നത് മഹ്ദി മസീഹിന്റെ അവതാരമാണ്. ഇതും 'അറബികൾക്ക് നാശം' എന്ന പ്രവചനത്തിന്റെ പൂർത്തീകരണമാണ്. ഇപ്പോൾ അറബികളെ മുഴുവൻ "ലോക പോലീസായ" അമേരിക്ക അവരുടെ മേധാവിത്വത്തിന്ന് വിധേയമാക്കിയിരിക്കയാണ്. അവരോട് വിയോജിപ്പുള്ളവരെ സംഹരിക്കാനുള്ള പുറപ്പാടാണ് നാം ഇന്ന് ഇറാഖിൽ ദർശിക്കുന്നത്. ഇനി അടുത്ത ഊഴം സിറിയയുടെതായിരിക്കുമോ? വാഗ്ദത്ത മസീഹിന്റെ നാലാമത്തെ ഖലീഫ മുമ്പു ഇറാഖും കുവൈത്തും തമ്മിൽ യുദ്ധം നടന്നപ്പോൾ മുസ്ലിം രാഷ്ട്രങ്ങൾ ഒരുമിച്ചു പ്രശ്നം കൈകാര്യം ചെയ്യണമെന്നും ഇതിന് സഹായത്തിന് അമേരിക്കയേയോ മറ്റു അമുസ്ലിം വിദേശ രാജ്യങ്ങളെയോ സമീപിക്കരുതെന്നും വിശുദ്ധ ഖുർആന്റെ ആയത്തുക്കളുടെ വെളിച്ചത്തിൽ മുസ്ലിം രാഷ്ട്രത്തലവന്മാരെ ജാഗ്രതപ്പെടുത്തിയിരുന്നു.

വിശുദ്ധ ഖുർആന്റെ തത്ത്വ രഹസ്യങ്ങളറിയുന്ന അല്ലാഹു അയച്ച വാഗ്ദത്ത മസീഹിന്റെ ഖലീഫ അവരുടെ കണ്ണിൽ നിസ്സാരനായി തോന്നിയത് കൊണ്ടായിരിക്കാം ആ ഉപദേശങ്ങളെല്ലാം അഗണ്യ കോടിയിൽ തള്ളിയത്. അതിന്റെ ഫലം അവർ ഇന്ന് അനുഭവിക്കുന്നു. ഭാവിലോകം അറബികൾക്ക് ഇതിനെക്കാൾ ഭയാനകവുമായിരിക്കും.

ഇത് സംബന്ധമായി അവസാനകാലത്ത് പുലരേണ്ട മറ്റൊരു പ്രവചനം കൂടി സ്മൃതിപഥത്തിലെത്തുകയാണ്. സൂറഃലഹബിലാണ് ആ പ്രവചനമുള്ളത്. വിശുദ്ധ ഖുർആനിലെ പല വചനങ്ങളും ദുർബലപ്പെട്ടുപോയി എന്നാണ് മുസ്ലിം പണ്ഡിതന്മാർ പറയുന്നത്. അവർക്ക് ആ വചനങ്ങളുടെ അർത്ഥവും തത്ത്വവും മനസ്സിലായില്ല എന്നതാണ് വാസ്തവം. നിത്യപ്രസക്തമായ ഖുർആനെ സംബന്ധിച്ച് അതിന്റെ അനുയായികളായ ഉലമാക്കന്മാർ തന്നെ ഉയർത്തുന്ന ഈ പരമാബദ്ധം വാഗ്ദത്ത മസീഹും അദ്ദേഹത്തിന്റെ ഖലീഫമാരും അതിനിശിതമായി അപലപിക്കുകയുണ്ടായി. ദുർബലമാക്കപ്പെട്ടതാണെന്നും, അപ്രസക്ത മാണെന്നും പറയപ്പെട്ട ഖുർആൻ ആയത്തുകൾക്ക് ആത്മീയജ്ഞാനം ലഭിച്ച അവർ അർത്ഥം പറയുകയും ഖുർആന്റെ സജീവതയും പ്രസക്തിയും തെളിയിക്കുകയുമുണ്ടായി.

ഖുർആൻ ആയത്തുകളിൽ പലതും ദുർബലമായി(മൻസൂഖ്) എന്ന കാര്യത്തിൽ ധൃതികാണിച്ച ഒരാളായിരുന്നു ചേകന്നൂർ മൗലവി. ഒരിക്കൽ അദ്ദേഹത്തിന്റെ സംഘടനയിൽ പെട്ട ഒരു സ്നേഹിതനുമായി ഞാൻ സംസാരിക്കുകയായിരുന്നു. അദ്ദേഹം എന്നോട് ചോദിച്ചു. വിശുദ്ധ ഖുർആനിലെ സൂറത്തു ലഹബ് ഇപ്പോഴും ഓതുന്നതിന്റെ പ്രസക്തിയെന്താണ്? അബൂലഹബിന്റെ ഇരു കരങ്ങളും നശിക്കട്ടെ. അവൻ തന്നെയും നശിച്ചുകഴിഞ്ഞു. അവന്റെ ധനമോ അവൻ പരിശ്രമിച്ചു സമ്പാദിച്ചതോ അവന് ഒരു പ്രയോജനവും ചെയ്തില്ല. താമസിയാതെ അവൻ ജ്വാലയുള്ള അഗ്നിയിൽ പ്രവേശിക്കുന്നതാണ്. വിറക് ചുമട്ടുകാരിയായ അവന്റെ ഭാര്യയും (അഗ്നിയിൽ പ്രവേശിക്കും) അവളുടെ കഴുത്തിൽ ഈന്തപ്പന നാരുകൊണ്ടുള്ള ഒരു കയറുണ്ട്." ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആയത്ത് അദ്ദേഹത്തിന് വിവരിച്ചുകൊടുത്തു. സാധാരണനിലയിൽ മുഫസ്സിരീങ്ങൾ ഈ ആയത്തിനെ റസൂൽ തിരുമേനി(സ:അ)മിന്റെ പിതൃവ്യനും പ്രഥമ ശത്രുക്കളിൽ ഒരാളുമായ അബ്ദുൽ ഉസ്സബ്നു് അബ്ദുൽ മുത്തലിബുമായി ബന്ധപ്പെടുത്തിയാണ് വ്യാഖ്യാനിക്കാറുള്ളത്. വിശുദ്ധ ഖുർആൻ ഒരാളെ പരിഹാസപ്പേരിൽ അനുസ്മരിക്കുന്നുവെന്ന കാര്യം അചിന്തനീയമാണ്. കാരണം അതു വർജ്ജിക്കണമെന്നാണ് വിശ്വാസികളോട് അതു ഉപദേശിക്കുന്നത്. അബൂലഹബിന്റെ വാച്യാർത്ഥം "ജ്വാലയുടെ പിതാവ്" എന്നാണ്. ഇസ്ലാമിന്നെതിരാൽ കോപാഗ്നി ജ്വലിപ്പിക്കുന്ന എല്ലാവരേയും നമുക്ക് ഈ ഗണത്തിൽ ഉൾപ്പെടുത്താം. ആലങ്കാരികാർത്ഥത്തിൽ റസൂൽ തിരുമേനിയുടെ പിതൃവ്യനേയും ആ കൂട്ടത്തിൽ നമുക്ക് ഉൾപ്പെടുത്താം. ജ്വാലയുടെ (അഗ്നി)പിതാവിന്റെ ഇരുകരങ്ങളും എന്നത് തീജ്വാലകൊണ്ടുകളിക്കുന്ന ശാക്തികച്ചേരികളാണ് ഇവിടെ പ്രതിനിധാനം ചെയ്യുന്നത്. അതായത് കമ്മ്യൂണിസവും കാപ്പിറ്റലിസവും (യഅ്ജൂജ് മഅ്ജൂജ്) അവന്റെ ഇരുകരങ്ങളും തകർന്നു. അവൻ തന്നേയും തകർന്നു. മറ്റൊരു വീക്ഷണത്തിൽ അബൂലഹബിനെ അവസാന കാലത്തെ ദജ്ജാലിന്റെ പുറപ്പാടുമായി താരതമ്യപ്പെടുത്തിയാൽ അവന്റെ ഇരു കരങ്ങൾ അമേരിക്കയും അവരുടെ സഖ്യകക്ഷികളും മറ്റേത് റഷ്യയും അതിന്റെ സഖ്യകക്ഷികളുമാണ്. ഈ ശക്തികൾ തമ്മിൽ അതിഭ

യാനകമായ ഒരു മൂന്നാം ലോക മഹായുദ്ധം ഉണ്ടാകുമെന്ന് ഇതിൽനിന്നും മനസ്സിലാകുന്നു. വാഗ്ദത്ത മഹ്ദിമസീഹും (അ) ഇതിനെ സംബന്ധിച്ചു പ്രവചിച്ചിട്ടുണ്ട്. ഈ മഹായുദ്ധം മുഖേന ഇരുശക്തികളും നശിക്കുമെന്ന് സാരം. അതാണ് പ്രസ്തുത ആയത്തിന്റെ ബാക്കിഭാഗം മനസ്സിലാക്കിത്തരുന്നത്. വിറക് ചുമട്ടുകാരിയായ അവന്റെ ഭാര്യ എന്നത് കൊണ്ടുള്ള വിവക്ഷയും മറ്റുവിഭവങ്ങൾ നൽകുന്ന രാഷ്ട്രങ്ങളാണെന്ന് മനസ്സിലാകുന്നു. ഇന്നത്തെ അറബുരാഷ്ട്രങ്ങളിൽ ഭൂരിഭാഗവും അതിൽ ഉൾപ്പെടുന്നു. അവരുമായി പലരൂപത്തിലുള്ള വിട്ടുമാറാൻ പറ്റാത്ത രൂപത്തിലുള്ള കയറാണ് അവരുടെ കഴുത്തിലുള്ളത്. അവരും യുദ്ധത്തിൽ അകപ്പെടുമെന്ന് സാരം. ഇത് ഞാൻ അദ്ദേഹത്തെ കേൾപ്പിച്ചപ്പോൾ അദ്ദേഹം വളരെ താത്പര്യം കാണിക്കുകയുണ്ടായി. അപ്പോൾ 1400 വർഷങ്ങൾക്ക് മുമ്പു പറഞ്ഞ സംഭവങ്ങളാണ് ഇന്ന് നാം കണ്ടുകൊണ്ടിരിക്കുന്നത്. മൂന്നാം ലോക മഹായുദ്ധം മദ്ധ്യപൗരസ്ത്യദേശങ്ങളിലാണ് (ശ്യാം) അതിന്റെ ആരംഭമെന്ന് വാഗ്ദത്ത മസീഹ് ഹസ്റത്ത് അഹ്മദ് (അ) പ്രവചിച്ചിട്ടുണ്ട്. അവരുടെ നോട്ടം പെട്രോളിന്റെ മേലാണെന്നതും വ്യക്തമായിവരുന്നു. അറബികൾ ഈ രണ്ടു ശാക്തികച്ചേരികളോട് ഒരു യുദ്ധത്തിൽ പരാജയപ്പെട്ടിരിക്കുന്നു. "അവരോട് യുദ്ധം ചെയ്യാൻ ആരാലും സാദ്ധ്യമാവുകയില്ല" (മിശ്കാത്ത്) രക്ഷാമാർഗ്ഗം ഒന്നു മാത്രം. അല്ലാഹു ഈ കാലഘട്ടത്തിലെ രക്ഷകനായി എഴുന്നേൽപിച്ച വാഗ്ദത്തമഹ്ദീമസീഹിൽ വിശ്വസിച്ചുകൊണ്ടു അല്ലാഹുവിനോടു പ്രാർത്ഥിക്കുക. മറ്റൊരു രക്ഷാമാർഗ്ഗം ഇസ്ലാം നിർദ്ദേശിക്കുന്നില്ല. ഇസ്ലാമിനെ ഈ പരിതാപാവസ്ഥയിൽ അല്ലാഹു വിട്ടുകളയുകയില്ല. ഈ മഹായുദ്ധത്തിൽ ലോകത്തിലുള്ള എല്ലാ രാഷ്ട്രങ്ങൾക്കും ഭാഗഭാക്കാകേണ്ടിവരും. ഈ രണ്ടു ശക്തികളും നിശ്ശേഷം നാശമടയും. പിന്നീട് റഷ്യവേഗത്തിൽ കെടുതികൾ നിന്ന് അതിജീവിച്ചു അഭിവൃദ്ധി പ്രാപിക്കുമെന്നും അവിടെ കടലോരങ്ങളിലെ മണൽ തരികൾ കണക്കെ മഹ്ദിഇമാമിൽ ബൈഅത്ത് ചെയ്ത മുസ്ലിംകൾ ഉണ്ടാകുമെന്നും റഷ്യയുടെ സാരഥ്യം വാഗ്ദത്ത മസീഹിന്റെ കയ്യിൽ വരുമെന്നും വാഗ്ദത്ത മസീഹ് പ്രവചിച്ചിട്ടുണ്ട്. അതേ പോലെ പാശ്ചാത്യനാടുകളിലും ഇസ്ലാം വ്യാപിക്കുമെന്നും പ്രവചനങ്ങളിൽ ഉണ്ട്. ഇതൊക്കെ ഈ കാലഘട്ടത്തിലേക്ക് അല്ലാഹു നിശ്ചയിച്ച ദൃഷ്ടാന്തങ്ങളാണ്. യഅ്ജൂജ് മഅ്ജൂജ് മുഖേന ലോകത്തു സംജാതമാകുന്ന ഒരു പാടു സംഭവങ്ങൾ പ്രവചന രൂപേണ വിശുദ്ധ ഖുർആനിൽ നമുക്ക് ദർശിക്കാൻ സാധിക്കും. അതൊക്കെ വിവരിച്ചാൽ ഇതൊരു ഗ്രന്ഥമായിപോകും. ചെറിയൊരു പരാമർശം നടത്താതിരിക്കുന്നതും നീതിയാവുകയില്ല. ഒട്ടകസവാരിനിറുത്തൽ ചെയ്യപ്പെടുന്ന കാലഘട്ടത്തെക്കുറിച്ച് ഖുർആനും ഹദീസും പറയുന്നു. 1400 വർഷങ്ങൾക്ക് മുമ്പു അറേബ്യയിലെ ഒരു വ്യക്തിക്ക് ഇതിനെക്കുറിച്ച് ആലോചിക്കാൻ സാദ്ധ്യമാണോ? നിങ്ങൾ കാണാത്ത പലവാഹനങ്ങളും ഉണ്ടായിവരുമെന്നും പറയപ്പെട്ടിരിക്കുന്നു. ആകാശത്തിന്റെ തോൽ ഉരിക്കപ്പെടുമെന്ന് പറഞ്ഞുകൊണ്ടു ഖഗോള ശാസ്ത്രപുരോഗതിയെ സൂചിപ്പിക്കുന്നു. ഭൂമി ചുരുട്ടപ്പെടുമെന്ന് പറഞ്ഞുകൊണ്ടു പുതിയ വാഹനങ്ങൾ മുഖേന ഭൂമിയിലെ സഞ്ചാര ദൈർഘ്യം കുറയുമെന്നും ലോകം ഒന്നായിത്തീരുമെന്നും മറ്റും നിരവധി പ്രവചനങ്ങൾ ഈ കാലഘട്ടത്തിൽ പൂർത്തിയായതായി നാം കണ്ടു. അങ്ങനെ നൂറു നൂറു പ്രവചനങ്ങൾ ഈ കാലഘട്ടത്തെ സ്പർശിക്കുന്നത് ഹദീസിലും വിശുദ്ധ ഖുർആനിലും ഉണ്ട്. അതേപോലെ റോക്കറ്റ് വിക്ഷേപണവും നാം കണ്ടു. ഇതു സംബന്ധിച്ചു സൂറത്തുൽ റഹ്മാനിൽ വ്യക്തമായ പ്രവചനങ്ങൾ ഉണ്ടു. "ഫബി അയ്യി ആലാഇ റബ്ബികുമാത്തുക്കദ്ദിബാൻ" എന്ന് ഇടക്കിടക്ക് പറഞ്ഞുകൊണ്ടു ഈ ഗോഗ് മഗോഗിനെത്തന്നെയാണ് അല്ലാഹു വിളിച്ചുകൊണ്ടിരിക്കുന്നത്. ആ രണ്ടു ഭാരിച്ച ശാക്തികച്ചേരികളെ നിങ്ങൾക്ക് വേണ്ടി താമസിയാതെ ഒഴിവായി ഒരുക്കി നിൽക്കുന്നതാണ്. അപ്പോൾ നിങ്ങളിരുകൂട്ടരുടേയും നാഥന്റെ അനുഗ്രഹങ്ങളെ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്, ജിന്നിന്റെയും ഇൻസിന്റേയും സമൂഹമേ (കേപിററലിസം, കമ്മ്യൂണിസം) ആകാശങ്ങളുടേയും ഭൂമിയുടേയും മേഖലകളെ അതിലംഘിച്ചു അപ്പുറം കടക്കാൻ നിങ്ങൾക്ക് കഴിയുമെങ്കിൽ നിങ്ങൾ കടന്നുപോയികൊള്ളുക. തെളിവോടുകൂടിയല്ലാതെ നിങ്ങൾ കടന്നുപോവുകയില്ല (റോക്കറ്റ് വിക്ഷേപണം)തുടർന്നുകൊണ്ടു 55:36 ൽ നിങ്ങൾക്കെതിരിൽ തീജ്വാലയും ധൂമവും അയക്കപ്പെടും. അപ്പോൾ നിങ്ങൾക്ക് സ്വയം സഹായിച്ച് രക്ഷപ്പെടാൻ സാദ്ധ്യമല്ല. (ഇതെല്ലാം ആധുനിക യുദ്ധത്തിലെ മുറകളാണ് പറയപ്പെട്ടിരിക്കുന്നത്) ഈ രൂപത്തിലാണ് ഈ ശാക്തികച്ചേരികൾ അന്തർദ്ധാനം ചെയ്യുക. അതിന് ശേഷമാണ് സമാധാന സമ്പൂ ർണ്ണമായ ഒരു പുതിയ ആകാശവും ഭൂമിയും അല്ലാഹു(ത)വാഗ്ദത്ത മഹ്ദിമസീഹിന്റെ ജമാഅത്തു മുഖേന ലോ കത്ത് സംജാതമാക്കുക.

ഇന്നത്തെ ഇറാഖിന്റെ നേരെയുള്ള ക്രൂരമായ താണ്ഡവം അമേരിക്ക നടത്തുന്നത് കൊണ്ടോ പലസ്തീനിൽ ഇപ്പോഴും ദുരിതങ്ങളുടെ കെട്ട് അഴിച്ചു വിടുന്നതു കൊണ്ടോ മുസ്ലിംകൾ നിരാശരാകേണ്ട. അവർ മുഅ്മിനീങ്ങൾ ആവുകയാണെങ്കിൽ അവർക്കായിരിക്കും വിജയം. വാഗ്ദത്ത മഹ്ദിമസീഹിനാലുള്ള ആഗോള ഇസ്ലാമികവിജയം അല്ലാഹു നിശ്ചയിച്ചതാണ്. അതിനെ തള്ളിപ്പറഞ്ഞുകൊണ്ടു എങ്ങനെ വിജയിക്കും? അല്ലാഹു(ത) മുസ്ലിംകളുടെ തെറ്റിൽ നിന്ന് അവരെ എളുപ്പം മോചിപ്പിച്ചു അവരെ അനുഗ്രഹത്തിന്റെ പാതയിൽ വേഗം നയിക്കുമാറാക ട്ടെ-ആമീൻ.

ഇറാഖി ജനങ്ങൾക്ക് അല്ലാഹു സബ്ബൂർ നൽകട്ടെ. കഴിയുന്നതും വേഗത്തിൽഅവരുടെ പരാധീനതക്ക് അറുതിവരുത്തട്ടെ. അവരോടുള്ള അനുതാപം ഞാൻ ഇവിടെ രേഖപ്പെടുത്തട്ടെ. അമേരിക്കയുടെ ക്രൂരതയെ അല്ലാഹു തന്നെ നേരിട്ട് പരാജയപ്പെടുത്തുമാറാകട്ടെ (ആമീൻ).

# വായനക്കാർ സൂക്ഷിക്കുക

എം. അലി - വെള്ളയിൽ

## ആദർശവൽക്കരണത്തിലൂടെ വായനക്കാരുടെ ചിന്താശക്തിയെ തൂലികയിൽ തളച്ചിടുന്ന എഴുത്തുകാരുടെ കുതന്ത്രങ്ങളെ പറ്റി

ഭൗതികശാസ്ത്രം സമർപ്പിച്ചിരുന്ന ഓരോ ദർശനങ്ങളെയും അതാതു കാലങ്ങളിൽ ചിന്തകന്മാർ ആദർശവൽക്കരിച്ചുകൊണ്ട് വായനക്കാരെ കബളിപ്പിച്ചിട്ടുണ്ട്. ഭൗതികവാദികൾ വളരെക്കാലം ഭൗതിക ശാസ്ത്രത്തെ ആദർശവൽക്കരിച്ചുകൊണ്ട് ദൈവശാസ്ത്രങ്ങളെ ആക്രമിച്ചു. ചാൾസ് ഡാർവ്വിന്റെ പരിണാമ സിദ്ധാന്തത്തെ ഭൗതിക വാദികൾ ആദർശവൽക്കരിച്ചുകൊണ്ട് മത ദർശനങ്ങളുടെ അടിത്തറയെ തന്നെ പ്രകമ്പനം കൊള്ളിച്ചു. ആദർശ വൽക്കരണങ്ങൾ നടക്കാത്ത വൈജ്ഞാനിക മേഖലകൾ വിരളമാണ്.

കാറൽ മാർക്സും, ഇബ്നു ഖൽദൂനും ചരിത്രത്തെപ്പോലും ആദർശ വൽക്കരിച്ചു. ചരിത്രത്തെ മുടിനാരിഴ കീറി പരിശോധിച്ചു ഇബ്നു ഖൽദൂൻ ചില അവസരങ്ങളിൽ പരമ്പരാഗതമായി മുസ്ലിംങ്ങൾ കൈമാറി വന്ന ഐതിഹ്യങ്ങൾക്കനുസൃതമായും ചരിത്രത്തെ ആദർശവൽക്കരിച്ചു. ചരിത്രത്തിന്റെ രീതിശാസ്ത്രം വർഗ്ഗസമരങ്ങളുടെ യാന്ത്രികമായ ആവർത്തനമാണെന്ന് മാർക്സ് ചിത്രീകരിച്ചു. എന്നാൽ ചരിത്രത്തിന്റെ രീതിശാസ്ത്രം യാന്ത്രികമായ ആവർത്തനമല്ലെന്നും അത് അപ്രവചനീയമായ ഒരു സംഭാവ്യതയാണെന്നും ഫ്രഞ്ച് ദാർശനികനായ മിഷ്യേൽ ഫുക്കോ സമർത്ഥിക്കുന്നു.

ഭൗതിക ശാസ്ത്രത്തിന്റെ സമകാലിക പ്രപഞ്ച സങ്കൽപ്പങ്ങളെ അദ്വൈതവുമായി സമന്വയിപ്പിക്കാൻ ശ്രമിച്ചുകൊണ്ടുള്ള ആദർശവൽക്കരണങ്ങളുടെ പ്രവണതയാണിപ്പോൾ വൈജ്ഞാനിക ലോകത്ത് കാണുന്നത്. സർ കാൾപോപ്പറുടെ സംഭാവനയായി രൂപം കൊണ്ട ശാസ്ത്രത്തിന്റെ ആപ്ത വാക്യം വിസ്മരിച്ചിരിക്കുകയാണിവർ. ശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം അവസാന വാക്കെന്ന ഒന്നില്ല. എന്നാൽ വേദാന്തവും അതിൽ നിന്ന് ഖനനം ചെയ്തെടുത്ത അദ്വൈത ദർശനവും യാഥാർത്ഥ്യത്തെ സംബന്ധിച്ചിടത്തോളം അവസാന വാക്കല്ലെന്ന് പറയാൻ അതിന്റെ വക്താക്കൾക്ക് ആർക്കും സാധ്യമല്ല.

ഡി. സി. ബുക്സ് പ്രസിദ്ധീകരിച്ച ഭൗതികത്തിനപ്പുറം എന്ന പുസ്തകത്തിൽ ശാസ്ത്രത്തെ വേദാന്തത്തിനനുസൃതമായി ആദർശവൽക്കരിച്ചിരിക്കുന്നു. ഇതേ പ്രസാധകരുടെ ഇതേ ഗ്രന്ഥകർത്താവിന്റെ മറ്റ് രണ്ട് പുസ്തകങ്ങൾ കാണുക. ഒന്ന് സ്റ്റീഫൻ ഹോക്കിംഗിന്റെ പ്രപഞ്ചം. ഇതിൽ ശാസ്ത്രത്തെ ഭൗതിക വാദത്തിനനുസൃതമായി ആദർശ വൽക്കരിക്കുന്നു. മറ്റൊന്ന് "പ്രപഞ്ചം" ഇതിൽ ശാസ്ത്രത്തെ അജ്ഞേയവാദത്തിനനുസൃതമായി ആദർശവൽക്കരിക്കുന്നു.

കെ. വേണുവിന്റെ മനുഷ്യനും പ്രപഞ്ചവും എന്ന ഗ്രന്ഥത്തിൽ ശാസ്ത്രത്തെ ഭൗതിക വാദത്തിനനുസൃതമായി ആദർശവൽക്കരിക്കുന്നു.

ഒരു മനുഷ്യൻ (ഈസാ (അ)) രണ്ടായിരം വർഷമായിട്ട് ഇന്നും ആകാശത്തിൽ ജീവിച്ചിരിക്കുന്നുവെന്ന ഹിമാലയൻ വങ്കത്തത്തെ യാഥാർത്ഥ്യവൽക്കരിക്കാൻ എം. എം. അക്ബറെന്ന വിദ്വാൻ ആപേക്ഷിക സിദ്ധാന്തത്തെ ആദർശവൽക്കരിക്കുന്നു.

പ്രസിദ്ധനായ ഒരു ഫാദർ ഈയ്യി

ടെ പ്രസംഗിച്ചു. ആറ്റം എന്നാൽ അത് ത്രിയേകത്വമാണ്. പ്രോട്ടോൺ, ന്യൂട്രോൺ, ഇലക്ട്രോൺ എന്നീ മൂന്ന് ഉപാണവ കണങ്ങൾ ചേർന്നതാണ് ആറ്റം. ദൈവം ത്രിയേകത്വമായതിനാലാണ് പ്രപഞ്ചത്തിന്റെ അടിസ്ഥാനമായ അണുവും ത്രിയേകത്വമായത്. ഇങ്ങനെ എവിടെയും സയൻസിനെ വ്യഭിചരിക്കുന്ന പ്രവണതയുടെ ആസക്തിയാണ് കാണുവാൻ സാധിക്കുന്നത്.

ഭൗതിക ശാസ്ത്രത്തെ വേദാന്തത്തിനനുസൃതമായി ആദർശവൽക്കരിച്ചുകൊണ്ട് പി. കേശവൻ നായർ എഴുതിയ "ഭൗതികത്തിനപ്പുറം" എന്ന പുസ്തകത്തിലെ ചില സുപ്രധാനമായ കണ്ടെത്തലുകളെ മാത്രം നമുക്കൊന്ന് അവലോകനം ചെയ്യാം. കേശവൻ നായർ എഴുതുകയാണ്. "ബ്രഹ്മവും ഭൗതിക പ്രപഞ്ചവും ഒന്നു തന്നെയാണെന്ന യാഥാർത്ഥ്യത്തിൽ നമ്മൾ എത്തിച്ചേരുന്നു". (ഭൗതികത്തിനപ്പുറം പേജ് - 23.)

ഭൗതിക ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രപഞ്ചത്തിന് ആരംഭമുണ്ട്, പ്രപഞ്ചത്തിന് അതിരുണ്ട്, പ്രപഞ്ചത്തിന് പ്രായമുണ്ട്, പ്രപഞ്ചത്തിന് നാശമുണ്ട്, പ്രപഞ്ചത്തിന് രൂപമുണ്ട്, പ്രപഞ്ചം സ്ഥലകാല നിബന്ധിതമായിട്ടാണ് നില നിൽക്കുന്നത്. മാറ്റം പ്രപഞ്ചത്തിന്റെ ജീവനാണ്! ചലനം പ്രപഞ്ചത്തിന്റെ നിശ്വാസമാണ്. ഭൗതിക ശാസ്ത്രം പ്രപഞ്ചത്തെ നിർവ്വചിച്ചിരിക്കുന്നത് അത് അന്ധവും മൂകവും, ബധിരവും ബോധ ശൂന്യവുമായ ഒരു ശക്തിയായാണ്. ബ്രഹ്മവും പ്രപഞ്ചവും ഒന്നാണെങ്കിൽ പ്രപഞ്ചത്തെ സംബന്ധിച്ച എല്ലാ നിർവ്വചനങ്ങളും ബ്രഹ്മത്തിനു ബാധകമാണ്. എങ്കിൽ വേദാന്തത്തിന്റെ ബ്രഹ്മത്തെ സംബന്ധിച്ച എല്ലാ ദർശനങ്ങളും നിരർത്ഥകമായി തീരുന്നതാണ്.

കേശവൻ നായർ എഴുതുന്നു. "വേദാന്തത്തിൽ നിശ്ചലത എന്നൊന്നില്ല. എല്ലാം ചലനമുള്ളതാണ് എന്നുള്ളതു കൊണ്ടാണ് ഭൂമിയുൾപ്പെടെയുള്ള സകല ബ്രഹ്മാണ്ഡത്തെയും ചേർത്ത് ഉപനിഷത്ത് 'ജഗത്' എന്ന് പറഞ്ഞിട്ടുള്ളത്. ജഗത് എന്നാൽ മാറ്റമുള്ളത് സദാ ചലിക്കുന്നത് എന്നർത്ഥം. ആധുനിക ഭൗതികത്തി ന്റെയും വേദാന്തത്തിന്റെയും പ്രപഞ്ചം ചലനാത്മകമാണ്" (ഭൗതികത്തിനപ്പുറം - പേജ്. 19.)

യവന ദാർശനികനായിരുന്ന പാർമെ നീദസ് ചലനത്തെയും മാറ്റത്തെയും നിഷേധിച്ചത് പോലെ കേശവൻ നായർ നിശ്ചലതയെ നിഷേധിക്കുന്നു. നിശ്ചലതയെ നിഷേധിച്ചുകൊണ്ട് ചലനത്തെയും മാറ്റത്തെയും സ്ഥാപിക്കാൻ ശ്രമിക്കുന്ന ഈ വിദ്വാൻ യഥാർത്ഥത്തിൽ നിഷേധിക്കുന്നത് ചലനത്തെയും മാറ്റത്തെയുമാണ്. എന്തെന്നാൽ നിശ്ചലമായതിനെ ആസ്പദമാക്കിയേ ചലനത്തെ നിർണ്ണയിക്കാനാകൂ. മാറ്റമില്ലാത്ത ഒന്നിനെ ആസ്പദമാക്കിയേ മാറ്റത്തെ നിർണ്ണയിക്കാനാകൂ. നിശ്ചലതയെ നിഷേധിച്ചപ്പോൾ തന്നെ കേശവൻ നായരുടെ ചലനമെന്ന ആശയം അടിത്തറ ഇല്ലാത്ത ഒരു സങ്കൽപ്പമായി തീർന്നിരിക്കുന്നു. ചലനവും, മാറ്റവും, അനേകമായി ദർശിക്കപ്പെടുന്ന വൈവിദ്ധ്യവും അദ്വൈതത്തെ സംബന്ധിച്ചിടത്തോളം മായയാണ്. അദ്വൈതത്തിൽ ചലനവുമില്ല. മാറ്റവുമില്ല. അനേകവുമില്ല. അദ്വൈതത്തെ സംബന്ധിച്ചേടത്തോളം നിശ്ചലതയാണ് യാഥാർത്ഥ്യം.

ഭൗതിക ശാസ്ത്രത്തിന്റെ അന്വേഷണ വൃത്തത്തിൽ നിശ്ചലതയും, മാറ്റമില്ലായ്മയും അപ്രസക്തമാകുന്നത് എന്ത് കൊണ്ടാണ്? അതിഭൗതിക യാഥാർത്ഥ്യം ഭൗതിക ശാസ്ത്രത്തിന്റെ പഠന വിഷയമല്ല. അഭൗമികമായ യാഥാർത്ഥ്യത്തിന്റെ പഠന മേഖല തത്വശാസ്ത്രമാണ്. ദാർശനികമായി പര്യാലോചിക്കുമ്പോൾ ചലനം ഒരു ആശ്രയവും മാറ്റം ഉൺമയുടെ മൂല്യശോഷണവുമാണ്. ഈ രണ്ട് അവസ്ഥയും ദൈവമെന്ന സങ്കൽപ്പത്തിന് അന്യമാകുന്നത് അതുകൊണ്ടാണ്. സൃഷ്ട വസ്തുക്കളുടെ അടിസ്ഥാനപരമായ രണ്ട് ഗുണങ്ങളാണത്. അസൃഷ്ടമായതു നിശ്ചലവും മാറ്റമില്ലാത്തതുമായിരിക്കും.

ഏകമായിരുന്ന ബ്രഹ്മം അനേകമാകാൻ ഇച്ഛിച്ചപ്പോഴാണ് ഇക്കാണുന്നതെല്ലാം ഉണ്ടായത്. സൃഷ്ടിയുടെ അഥവാ നാനാത്വത്തിന്റെ അടിസ്ഥാനമായി വേദാന്തം സമർപ്പിക്കുന്ന ദർശനമാണിത്. ഈ ദർശനത്തെ ദാർശനികമായി അവലോകനം ചെയ്യുമ്പോൾ ബ്രഹ്മത്തെ സംബന്ധിക്കുന്ന ആശയങ്ങൾ തകരുകയാണ്. ദൈവശാസ്ത്രത്തിൽ മാറ്റമില്ലാത്ത ഉൺമയാണ് ദൈവം. മറിച്ച് മാറ്റമുള്ള ഉൺമയാണ് ദൈവം എന്ന് തെളിയുകയാണെങ്കിൽ ദൈവം എന്ന ആശയം തന്നെ നിരർത്ഥകമായി ഭവിക്കും.

വേദാന്തത്തിന്റെ അടിസ്ഥാനത്തിൽ ബ്രഹ്മത്തിനു അവസ്ഥാന്തരങ്ങളുണ്ട്. ഒരിക്കൽ ഏകമായിരുന്ന ബ്രഹ്മം മറ്റൊരിക്കൽ അനേകമായിരിക്കുന്നു. ബ്രഹ്മത്തിന്റെ അനേകാവസ്ഥ മായയാണെന്ന് പറയാൻ സാധ്യമല്ല. കാരണം ബ്രഹ്മത്തിന്റെ ഇച്ഛക്കനുസരിച്ചാണ് അനേകാവസ്ഥയുണ്ടായത്. ഏകാവസ്ഥയിൽ നിന്ന് അനേകാവസ്ഥയിലേക്കുള്ള മാറ്റം വേദാന്തത്തെ സംബന്ധിച്ചിടത്തോളം യാഥാർത്ഥ്യമാണ്! മാറ്റം കാലത്തിൽ സംഭവിക്കുന്ന പ്രക്രിയയാണ്. മാറ്റത്തിന് വിധേയമാകുന്ന ഉൺമക്ക് ആരംഭമോ അവസാനമോ ഇല്ലെന്ന് സങ്കൽപ്പിക്കാൻ സാധ്യമല്ല. ആരംഭത്തിൽ നിന്ന് അവസാനത്തിലേക്കുള്ള പ്രയാണത്തിന്റെ അവസ്ഥാന്തരങ്ങളാണ് മാറ്റം. യുക്തിപരമായ ഈ ദുർഘടം ഒഴിവാക്കണമെങ്കിൽ ദ്വൈത സങ്കൽപ്പം അനിവാര്യമാണ്. ദ്വൈത സങ്കൽപ്പത്തിൽ സ്രഷ്ടാവു, സൃഷ്ടി എന്നീ രണ്ട് വ്യതിരിക്ത ഉൺമകളാണുള്ളത്. ആയതിനാൽ സ്രഷ്ടാവിന്റെ ഉൺമക്ക് ഒരവസ്ഥാന്തരങ്ങളുണ്ടാകുന്നില്ല.

അദ്വൈതം ചർച്ച ചെയ്യുന്ന സുപ്രധാനമായ ഒരു വിഷയമാണ് അവിദ്യ. മായയാൽ ആച്ഛാദനം ചെയ്യപ്പെട്ട ബ്രഹ്മത്തെ മനസ്സിലാക്കാൻ സാധിക്കാതെ മായയെ യാഥാർത്ഥ്യമായി കാണുന്ന അവസ്ഥക്കാണ് അവിദ്യ എന്നു പറയുന്നത്. അദ്വൈതത്തിൽ

ബ്രഹ്മത്തിൽ നിന്ന് അന്യമായ മറ്റൊരു ഉൺമയില്ല. രണ്ടാമത്തെ ഉൺമക്ക് അസ്തിത്വമില്ലാത്തത് കൊണ്ട് മായ അനുഭവപ്പെടുന്നതും, അവിദ്യഅനുഭ വിക്കുന്നതും ആര്? ആത്യന്തികമായി ഒരു ഉത്തരമേയുള്ളൂ. ബ്രഹ്മത്തിന് തന്നെ മായയെന്ന അവസ്ഥയെ അർത്ഥവത്താക്കാൻ ദ്വൈത ദർശന ത്തിന് മാത്രമേ സാധിക്കൂ. മായ പ്ര കടമാക്കുന്ന ഒരു ഉൺമയും, മായ അനുഭവപ്പെടുന്ന മറ്റൊരു ഉൺമയും അനിവാര്യമായും ഉണ്ടായിരിക്കണം.

കേശവൻ നായർ എഴുതുകയാണ്. "ലോകത്തെ നിയന്ത്രിക്കുന്ന സ്വർഗ്ഗ സ്ഥനായ ഒരു ദൈവം വേദാന്തത്തിലി ല്ല. എന്നാൽ പ്രപഞ്ചത്തിൽ അന്തരാ മിയായിരിക്കുന്ന ഒന്നുണ്ടെന്ന വേദാ ന്തം അവകാശപ്പെടുന്നു. അതാ ണ് വേദാന്തത്തിലെ ബ്രഹ്മം" - (പേജ് 24 ഭൗതികത്തിനപ്പുറം). യുക്തിപരമായ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ മേൽ വരികൾ തന്നെ ദ്വൈതാവ സ്ഥയെ സമർത്ഥിക്കുകയും അദ്വൈത ത്തെ ചോദ്യം ചെയ്യുകയും ചെയ്യുന്നു.

ആധുനിക ഭൗതികത്തിന്റെ അടി സ്ഥാനത്തിൽ പ്രപഞ്ചം എല്ലാ അർത്ഥ ത്തിലും പരിമിതമാണ്. പ്രപഞ്ചം അന ന്തമാണെന്ന സർവ വാദങ്ങളെയും അട്ടിമറിച്ചുകൊണ്ടാണ് ആപേക്ഷിക സിദ്ധാന്തം കടന്നുവന്നത്. പരിമിത മായ പ്രപഞ്ചത്തിൽ അനന്തമായ ബ്ര ഹ്മം അന്തരാമിയായി നിലനിൽക്കുന്നു എന്ന വേദാന്ത ദർശനം ദാർശനിക മായി അയുക്തിയാണ്. പരിമിതമായ ഒന്നിനും അനന്തമായ ഒന്നിനെ ഉൾ ക്കൊള്ളുവാൻ സാധ്യമല്ല. പരിമിത മായ ഒന്നിൽ എങ്ങനെ അനന്തമായ മറ്റൊന്ന് അന്തരാമിയായി നിലനിൽ ക്കും! ദ്വൈതാവസ്ഥയില്ലെങ്കിൽ അന്ത രാമിത്വത്തിന്റെ പ്രശ്നം തന്നെ ഉദിക്കു ന്നില്ല. ബ്രഹ്മത്തിൽ നിന്ന് അന്യമായ മറ്റൊരു ഉൺമയില്ലെങ്കിൽ ബാഹ്യാവ സ്ഥയും, ആന്തരികാവസ്ഥയും വേർതി രിക്കപ്പെടുന്ന മാനദണ്ഡം എന്ത്?

ആദർശവൽക്കരണത്തിലൂടെ എഴു ത്തുകാർ അവരുടെ സർഗാത്മകത വായനക്കാരെ ചൂഷണം ചെയ്യാൻ വിനിയോഗിക്കുകയാണ്. പി. കേശവൻ നായർ എന്ന എഴുത്തുകാരൻ മൂന്ന് ഗ്രന്ഥത്തിലൂടെ മൂന്ന് വിധ (ഭൗതിക വാദം, അജ്ഞേയ വാദം, ദൈവശാ സ്ത്രം) ത്തിൽ ഭൗതിക ശാസ്ത്രത്തെ ആദർശവൽക്കരിക്കുന്നു. കേശ വൻനായർ ഒരു ഉദാഹരണം മാത്രം. വൈജ്ഞാനിക ലോകത്ത് ഒരു പര്യ വേഷണം നടത്തിയാൽ ആദർശവൽ ക്കരണങ്ങളുടെ ഒരു പ്രളയം തന്നെ ദർശിക്കാം. യാഥാർത്ഥ്യങ്ങൾക്ക് ഒരി ക്കലും ആദർശവൽക്കരണങ്ങളുടെ ആശ്രയത്വം ആവശ്യമില്ല.

---

*(9-ാം പേജിൽ നിന്ന് തുടർച്ച)*

വകാശം രേഖപ്പെടുത്തിയതിന് ദൈവ ത്തിനു മുന്നിൽ ഉത്തരം പറയേണ്ടിവ രുമെന്നുമാണ് ഇസ്ലാം പഠിപ്പിക്കുന്ന ത്. രാജ്യതാല്പര്യങ്ങൾ സംരക്ഷിക്കാ ൻ കഴിയുന്ന ഏറ്റവും യോഗ്യനായ ആ ൾക്ക് ആയിരിക്കണം നാം വോട്ട് നൽ കേണ്ടത്. ഈ പ്രഖ്യാപന പ്രകാരം വോട്ടവകാശമുള്ള ഒരാൾ സാഹചര്യ മനുവദിക്കുകയാണെങ്കിൽ നിർബന്ധ മായും വോട്ടിംഗിൽ പങ്കെടുക്കേണ്ട താണ്.

2. ഭരണകൂടങ്ങൾ കേവല നീതിയിലധി ഷ്ഠിതമായി പ്രവർത്തിക്കണം.

ഇസ്ലാമിക ജനാധിപത്യത്തിന്റെ രണ്ടാമത്തെ നെടുംതൂൺ നിങ്ങൾ എപ്പോഴെല്ലാം തീരുമാനമെടുക്കു ന്നുവോ അപ്പോഴെല്ലാം കേവല നീതി ഉയർത്തിപ്പിടിക്കുക. മതപരമോ, രാഷ്ട്രീയമോ, സാമൂഹികമോ സാമ്പ ത്തികമോ ഏതൊരു കാര്യമായിക്കൊ ള്ളട്ടെ. കേവല നീതിയുടെ കാര്യ ത്തിൽ ആരുമായും നിങ്ങൾ രാജിയാ വാൻ പാടില്ല. ഗവൺമെന്റിന്റെ രൂപ വത്ക്കരണത്തിനുശേഷവും പാർട്ടിക്കു ള്ളിലെ വോട്ടിങ്ങിലും നീതിയുടെ പക്ഷത്ത് ഉറച്ച് നിൽക്കുക. വിഭാഗീ യമായ താല്പര്യങ്ങളോ രാഷ്ട്രീയ പരിഗണനയോ യാതൊന്നും തന്നെ നിങ്ങളുടെ അഭിപ്രായ രൂപീക രണത്തെ സ്വാധീനിക്കാൻ പാടുള്ളത ല്ല. ദീർഘകാലാടിസ്ഥാനത്തിൽ ഈ നിലപാടിൽ നിന്നുകൊണ്ട് ആത്മാർ ത്ഥമായ പ്രതിബദ്ധതയോടെ എടു ക്കുന്ന എല്ലാ തീരുമാനങ്ങളും ജനങ്ങ ളുടെതും, ജനങ്ങളാലുള്ളതും, ജന ങ്ങൾക്ക് വേണ്ടിയുള്ളതുമായിരിക്കും.

*Islam's Response to Contemporary Issues എന്ന പുസ്തകത്തിൽ നിന്ന്)*

---

## ആത്മീയ ശാന്തി

ഇങ്ങനെ സർവ്വവും പരമാത്മാവിൽ സമർപ്പിച്ചുകൊണ്ടിരിക്കുന്ന അവനെ സുഖദുഃഖങ്ങളെ കൊടു ക്കുന്ന കർമ്മം ബന്ധിക്കുന്നില്ല. അവൻ ഈ ജന്മത്തിൽ തന്നെ വിമുക്തനായി എന്നെ പ്രാപിക്കുന്നു.

**-ഭഗവദ് ഗീത (9:28)**

ദൈവാശിസ്സുകൊണ്ടു ശാന്തി പ്രാപിച്ച ആത്മാവേ നിന്റെ രക്ഷിതാവിങ്കലേക്കു നീ അവനിൽ സംതൃ പ്തനായും അവൻ നിന്നിൽ സംതൃപ്തനായുമുള്ള നിലയിൽ മടങ്ങി ചെല്ലുക. എന്റെ ദാസന്റെ കൂട്ട ത്തിൽ ചേരുകയും എന്റെ ആരാമമാകുന്ന സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും ചെയ്യുക.

**വി.ഖുർആൻ (89:27-30)**

പ്രതികരണം

# ഞങ്ങൾ കുതിക്കുമ്പോൾ നിങ്ങളെന്തിന് കിതക്കണം?

**കെ. പി. അഹ്മദ്**

മെയ് 23 ലെ 'ചന്ദ്രിക'യുടെ 'ശബ്ദ'ത്തിന്റെ കോളത്തിൽ 'മനോരമയുടെ ഖാദിയാനീ സേവ' എന്ന തലക്കെട്ടിൽ ഒരു പ്രതികരണം കാണാനിടയായി.

അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫയുടെ നിര്യാണത്തെ തുടർന്ന് അഞ്ചാം ഖലീഫയുടെ തിരഞ്ഞെടുപ്പ് വാർത്ത മറ്റെല്ലാ പത്രങ്ങളോടൊപ്പം 'മനോരമ'യും റിപ്പോർട്ടു ചെയ്തിരുന്നു. എന്നാൽ ഈ വാർത്തയിൽ കയറിപ്പിടിച്ച് ഉറഞ്ഞു തുള്ളാൻ ഒരു വെളിച്ചപ്പാടുണ്ടായി എന്നതാണ് കൗതുകകരമായ വസ്തുത! അഹ്മദിയ്യാ ജമാഅത്തിന് 'മനോരമ' ഒട്ടേറെ പ്രാമുഖ്യം നൽകിയതായും, ഖാദിയാനികളുടെ ഇമേജ് കൂട്ടുന്ന കാര്യത്തിൽ ആ പത്രം മുൻകയ്യെടുത്തതായും, വാർത്തയിൽ പ്രത്യക്ഷപ്പെട്ട അഹ്മദികളുടെ അവകാശവാദങ്ങളൊന്നും വിശ്വാസയോഗ്യമല്ലെന്നും പി. പി. അഹ്ദുറഹിമാൻ പെരിങ്ങാടി 'ചന്ദ്രിക'യിലൂടെ രോഷം കൊള്ളുകയാണ്.

"ഏപ്രിൽ 24 ന്റെ 'മനോരമ' വാർത്ത സമുദായ സ്നേഹികളുടെ ശ്രദ്ധ പതിയേണ്ട ഒന്നാണ്. ഖാദിയാനികളുടെ (അഹ്മദിയ്യാക്കൾ) ലോക നേതാവിനെ തിരഞ്ഞെടുത്ത വാർത്തയിൽ 'അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്' എന്നു പ്രയോഗിച്ചത് ശരിയല്ല; ഖാദിയാനീ വാർത്തകൾക്ക് നല്ല പ്രാമുഖ്യം നൽകുന്ന 'മനോരമ' പ്രസ്തുത വാർത്തയിൽ ലോകത്ത് അഹ്മദിയ്യാക്കൾക്ക് 178 രാഷ്ട്രങ്ങളിലായി ഇരുപത് കോടി അനുയായികളുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. തീർത്തും അവാസ്തവവും അവിശ്വസനീയവുമാണീ കണക്ക്" (ചന്ദ്രിക മെയ് 23)

വിമർശകൻ തന്റെ വെറിപൂണ്ട വെളിപാടിലൂടെ ഉറഞ്ഞു തുള്ളുന്നതും അരിശം കൊള്ളുന്നതും 'അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്' എന്ന് 'മനോരമ' അച്ചടിച്ചു പോയതിലാണ്! പിന്നെ 178 രാഷ്ട്രങ്ങളും ഇരുപത് കോടി അഹ്മദികളും അദ്ദേഹത്തെ അലോസരപ്പെടുത്തുന്നുണ്ട്! തുടർന്നുള്ള അദ്ദേഹത്തിന്റെ ശ്രമം 'മനോരമ' യേയും വായനക്കാരേയും കണക്ക് പഠിപ്പിക്കുന്നതിലാണ് കേന്ദ്രീകരിച്ചിട്ടുള്ളത്! ഇരുപത് കോടി അഹ്മദികളുടെ എണ്ണം തീർത്തും അവാസ്തവം; അവിശ്വനീയം എന്നൊക്കെ കേൾക്കുമ്പോൾ അഹ്മദികളുടെ കണക്കെടുപ്പ് നടത്താൻ അബ്ദുറഹിമാൻ പെരിങ്ങാടി ആഗോള പര്യടനം നടത്തി തിരിച്ചെത്തിയതാണെന്ന് തോന്നിപ്പോകും.

"നാൾക്കുനാൾ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന തനി വ്യാജ പ്രസ്ഥാനത്തെ ഇവ്വിധം പെരുപ്പിച്ചു കാണിക്കുന്നത് 'മനോരമ' സമർത്ഥമായി പിന്തുടർന്നുവരുന്ന അതിവിദഗ്ധ ഇസ്‌ലാം വിരുദ്ധ അജണ്ടയുടെ ഭാഗമായിരിക്കും. (ചന്ദ്രിക മെയ് 23)

അങ്ങാടിയിൽ തോറ്റതിന് 'അമ്മയോട്' എന്നു പറഞ്ഞതുപോലെ ഇസ്‌ലാമിക് ഗോദായിലെ മൽപ്പിടുത്തത്തിനിടയിൽ അബ്ദുറഹിമാന്റെ സ്വന്തക്കാരുടെ കാലുകൾ ഇടറിപ്പോയതിന് 'മനോരമ' എന്തു പിഴച്ചു? പിന്നെ വംശനാശത്തിന്റെ കാര്യമാണെങ്കിൽ ഇടയനില്ലാത്ത ആട്ടിൻ പറ്റങ്ങൾക്ക് വംശനാശം സംഭവിക്കുന്നുണ്ട്! അഹ്മദികളെ സംബന്ധിച്ചിടത്തോളം ഖിലാഫത്തിന്റെ നേതൃത്വത്തിൽ അവർ പെരുകിക്കൊണ്ടാണ് വന്നത്! പണ്ട് പന്ത്രണ്ട് മീൻപിടുത്തക്കാരായ ശിഷ്യന്മാരുടെ കണക്കെടുപ്പ് നടത്തിയാണല്ലോ അന്നത്തെ റബ്ബിമാരും പരീശന്മാരും ഈസാനബിയെ പരിഹസിച്ചത്! ഇപ്പോൾ ഇരുപത് കോടിയെന്ന് പ്രസിദ്ധീകരിച്ച 'മനോരമ' നാളേറെ ചെല്ലുന്നതിന് മുമ്പ് അമ്പതുകോടിയെന്ന് അച്ചടിക്കുമ്പോഴും അബ്ദുറഹിമാന്റെ സെൻസറിങ്ങ് 'മുടക്കാതിരുന്നാൽ മതി!'

"ലോകത്തിലെ എല്ലാ വിഭാഗം മുസ്‌ലിം പണ്ഡിതന്മാരും ഖാദിയാനികൾ ഇസ്‌ലാമിൽ നിന്നും പുറത്താണെന്ന് സംശയലേശമന്യെ ഖണ്ഡിതമായി പ്രസ്താവിച്ചിട്ടുണ്ട്. വിശ്വപ്രസിദ്ധ മുസ്‌ലിം പണ്ഡിത വേദിയായ റാബിത്തത്തുൽ ആലമിൽ ഇസ്‌ലാമിയും ഖാദിയാനികൾ അമുസ്‌ലിംകളാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. " (ചന്ദ്രിക മെയ് 23)

തമ്മിൽ തല്ലുന്ന മുസ്‌ലിം പണ്ഡിതന്മാരും അവർ നേതൃത്വം നൽകുന്ന മുസ്‌ലിം സംഘടനകളും പിന്നെ റാബിത്തത്തുൽ ആലമിൽ ഇസ്‌ലാമി എന്ന

അന്തർദേശീയ കടലാസു പുലിയും അമുസ്‌ലിംകളായി മുദ്രകുത്തിയ ഖാദി യാനികളെ 'മനോരമ' അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്' എന്നു രേഖപ്പെ ടുത്തിയതിൽ വിമർശകൻ വിയർക്കു ന്നുണ്ട്! കാരണം, ഒരു നൂറ്റാണ്ടിലേറെ കാലമായി കാഫിറാക്കിയിട്ടും കാഫി റാകാത്ത അജയ്യ ദുർഗ്ഗമായിത്തന്നെ ഖാദിയാനികൾ വിലസുമ്പോൾ എങ്ങിനെ തളരാതിരിക്കും?

"ബ്രിട്ടന് അനുകൂലമായി സമുദായ ത്തിൽ പിളർപ്പുണ്ടാക്കാൻ ഇംഗ്ലീഷു കാർ ഒപ്പിച്ച കുതന്ത്രമായിരുന്നു ഖാദി യാനിസം" (ചന്ദ്രിക മെയ് 23)

പണ്ടുള്ള വീരന്മാർ അഹ്മദി കൾക്കെതിരായി ചർവ്വിത ചർവ്വണം ചെയ്ത് ഈ പഴമ്പുരാണം കേൾക്കു മ്പോൾ വായനക്കാരെല്ലാം കഥയറി യാതെ ആട്ടം കാണുന്നവരാണെന്ന് അബ്ദുറഹിമാൻ ധരിച്ചു കാണും! എന്നാൽ ബ്രിട്ടീഷു മഹാറാണിയോടും ഇംഗ്ലീഷുകാരായ ക്രൈസ്തവരോടും അവർ കാത്തിരിക്കുന്ന യേശു മിശിഹാ മരിച്ചു പോയെന്ന് അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകർ ആർജ്ജ വത്തോടെ പ്രഖ്യാപിച്ചത് അഹ്മദിയ്യാ ജമാഅത്തിന്റെ ശൈശവദശയിലാണ്! ഇംഗ്ലീഷുകാരുടെ ദൈവത്തെ കൊന്ന വരാണോ ബ്രിട്ടീഷ് പാദപൂജകർ? മറിച്ച് ഈസാനബിക്ക് ഏണിവെച്ചു കൊടുക്കാൻ ഓച്ഛാനിച്ചുനിൽക്കുന്ന മുസ്‌ലിം കക്ഷികളോ? അബ്ദുറഹി മാൻ ആവേശം കൊള്ളുന്ന വിശ്വപ ണ്ഡിതന്മാർ വിലസുന്ന റാബിത്തയും അതിന്റെ ആസ്ഥാനമായ സൗഊദി അറേബ്യയും ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുന്നത് ബ്രിട്ടന്റെയും അമേ രിക്കയുടെയും അടിമ വേലയല്ലേ? ലോകം ഈ ദാസ്യവൃത്തിക്ക് സാക്ഷ്യം വഹിക്കുമ്പോഴാണ് അഹ്മദികളുടെ ബ്രിട്ടീഷു പ്രേമത്തെക്കുറിച്ച് മുറവിളി കൂട്ടുന്നത്!

''ഖാദിയാനികളുടെ ആസ്ഥാനം അത്യന്താധുനിക സൗകര്യങ്ങളോടെ ഇന്നും ലണ്ടനിൽ തുടരുന്നുവെന്നത് വളരെ ശ്രദ്ധേയമാണ്. ഇസ്രാഈൽ ഉൾപ്പെടെ സകല ഇസ്‌ലാം വിരുദ്ധ ശക്തികളും ഇവരോട് മമത കാണിക്കു ന്നുവെന്നതും 'മനോരമ' ഉൾപ്പെടെയു ള്ളവർ മുന്തിയ പരിഗണന നൽകുന്നു വെന്നതും ചിന്താശീലർക്ക് കാര്യം ഗ്രഹിക്കാൻ സഹായകമായ സൂചനക ളാണ്" (ചന്ദ്രിക മെയ് 23)

അഹ്മദികൾ കുതിക്കുമ്പോൾ എതിരാളികൾ കിതക്കാറുണ്ട്! ഇതൊ രു രോഗമാണ്. കുശുമ്പെന്നോ അസൂ യയെന്നോ പറയാവുന്ന ഇത്തരം മനോവ്യാധികൾ അവരുടെ ഉറക്കം കെടുത്തുന്നു. ഇവിടെ ഇതിയാൻ ശര വ്യമാക്കുന്നത് ഖാദിയാനികൾക്ക് ലണ്ട നിൽ ലഭ്യമായ അത്യാന്താധുനിക സൗകര്യങ്ങളാണ്! ഇതൊക്കെ പുതിയ കഥ! പക്ഷെ, കഥാരംഭം ഇന്ത്യൻ പഞ്ചാബിലെ ' ഖാദിയാൻ' എന്ന കുഗ്രാമത്തിൽ നിന്നാണല്ലൊ! അതാണ് അഹ്മദികളുടെ ആസ്ഥാനം! അന്ന് പ്രാദേശികം! പിന്നെപ്പിന്നെ ദേശീയവും അന്തർദേശീയവുമായി അത് വളർന്നു! വിഭജനത്തോടെ പാക്കിസ്ഥാനിൽ മറ്റൊരു ആസ്ഥാ നവും കൂടി അതിനുണ്ടായി. ചരിത്ര ത്തിന്റെ തനിയാവർത്തനത്തിൽ പാക്കിസ്ഥാനിൽ ഭൂജാതനായ ഒരു ഫറോവയുടെ ഭീകരതാണ്ഡവം ലണ്ട നിൽ മറ്റൊരു ആസ്ഥാനവും കൂടി അതിന് നേടിക്കൊടുത്തു! ഇപ്പോൾ 178 രാഷ്ട്രങ്ങളിലെ അഹ്മദിയ്യാ ഭവനങ്ങ ളിൽ ആധുനിക ദൃശ്യമാദ്ധ്യമത്തിലൂടെ അതിന്റെ ഖലീഫ പ്രത്യക്ഷപ്പെടുന്നു!

ഞാനും എന്റെ പ്രവാചകന്മാരും വിജയിക്കുമെന്നാണല്ലൊ ദൈവീക വചനം! അതുകൊണ്ട് അഹ്മദിക ളുടെ നേട്ടങ്ങൾ ആകാശത്തിന്റെ അന ന്തതയിൽ എഴുതപ്പെട്ടുപോയതാണ്! അസൂയപ്പെട്ടിട്ട് കാര്യമില്ല! പിന്നെ സമാധാന കാംക്ഷികൾക്ക് എല്ലായി ടത്തും സ്ഥാനമുണ്ട്! അവർക്ക് ഏതു ജൂതനേയും ആകർഷിക്കാൻ കഴിയും.! അതാണല്ലൊ യഥാർത്ഥ ഇസ്‌ലാമിന്റെ വശ്യത! ഇപ്പോഴും ദുരൂഹമായി നിൽക്കുന്നത് അഹ്മദികൾക്ക് മുന്തിയ പരിഗണന നൽകി വാർത്ത പ്രസിദ്ധീ കരിച്ചെന്ന് കുറ്റപ്പെടുത്തുന്ന 'മനോര മ'യിലൂടെ വിമർശകൻ എന്തുകൊണ്ട് പ്രതികരിച്ചില്ല എന്നതാണ്! ഒരു പ ക്ഷെ, വായിൽ തോന്നിയത് കോതക്ക് പാട്ടെന്ന് പറഞ്ഞതുപോലെ 'നൊസ്സ്' പിടിച്ച തൂലികാവിലാസത്തിന് തട്ടകം ലഭിക്കാതെ പോയതാണോ ആവോ!

## ഇന്ദ്രിയ നിഗ്രഹം

ഇന്ദ്രിയങ്ങളോരോന്നും അതതിന്റെ വിഷയങ്ങളിൽ പ്രവർത്തിക്കുമ്പോൾ രാഗവും ദ്വേഷവും താനെയുണ്ടാകും. അവരെ സാധകനാവട്ടെ ജ്ഞാനിയാവട്ടെ സ്വന്തം ശത്രുക്കളെപോലെ കരുതേ ണ്ടതാണ്. അതുകൊണ്ട് അവയുടെ പിടിയിൽ പെട്ടുപോകാതിരിക്കാൻ ശ്രമിക്കണം.

**ഭഗവത്ഗീത (3:34)**

ഏതൊരുവൻ തന്റെ ആത്മാവിനെ വിഷയേച്ഛകളിൽ നിന്ന് ശുദ്ധീകരിച്ചുവോ അവൻ വിജയി ച്ചു. അവൻ നശിക്കുകയില്ല. ഏതൊരുവൻ അതിനെ അനിയന്ത്രിതങ്ങളായ ഇന്ദ്രിയേച്ഛകളിൽ നിമ ഗ്നമാക്കിയോ അവൻ പരാജയമടഞ്ഞു. അവൻ ജീവിതത്തെ കുറിച്ചു നിരാശനായി. -

**വി:ഖുർആൻ (91:9-10)**

# രാജാക്കന്മാർ അശ്വാരൂഢരായി വന്നപ്പോൾ

എം. യു. കോഴിക്കോട്

അല്ലാഹു തന്റെ പ്രവാചകന്മാർ മുഖേന നൽകുന്ന ചില സുവാർത്തകൾ പലതും അവരുടെ കാലത്തും ചിലത് അവരുടെ കാലശേഷം അവരുടെ ഖലീഫമാരുടെ കാലത്തും പൂർത്തിയാകുന്നതായി വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു.

"നാം അവർക്ക് നൽകിയ വാഗ്ദാനങ്ങളിൽ ചിലത് നിനക്ക് നാം കാണിച്ചുതരികയോ അല്ലെങ്കിൽ അവ സംഭവിക്കുന്നതിന് മുമ്പെ നിന്നെ മരിപ്പിക്കുയോ ചെയ്തേക്കാം. (13:41)

ഉദാഹരണമായി, കൈസറുടെയും കിസ്റായുടെയും ഭരണകൂടം അവയിലെ കോട്ടകൊത്തളങ്ങളും തനിക്കു ലഭിച്ചതായി ഹ: റസൂൽ തിരുമേനി (സ) അരുൾ ചെയ്യുകയുണ്ടായെങ്കിലും ഈ പ്രവചനം പൂർത്തിയായിരുന്നത് തിരുമേനി (സ) യുടെ വിയോഗാനന്തരം ഹസ്റത്ത് ഉമർ (റ) ന്റെ ഖിലാഫത്ത് കാലത്തായിരുന്നു.

അതേപ്രകാരം, ഹ: വാഗ്ദത്ത മഹ്ദി മസീഹി (അ) ന് അല്ലാഹുവിൽ നിന്ന് ലഭ്യമായ പല പ്രവചനങ്ങളും മുന്നറിയിപ്പുകളും അദ്ദേഹത്തിന്റെ ജീവിത കാലത്തും അവയിൽ ചിലത് അദ്ദേഹത്തിന്റെ വിയോഗാനന്തരം അദ്ദേഹത്തിന്റെ ഖലീഫമാരുടെ കാലത്തും പൂർത്തിയാവുകയുണ്ടായി. അവയിലൊന്നാണിവിടെ പ്രതിപാദിക്കുന്നത്. ഹസ്റത്ത് അഹ്മദ് (അ) തന്റെ ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം അരുൾ ചെയ്യുന്നു.

"ഒരു കാലത്ത് എന്റെ സഹപാഠിയായിരുന്ന മൗലവി അബൂസഈദു മുഹമ്മദ് ഹുസൈൻ ബട്ടാലവി, പുതുതായി മൗലവിആയി ബട്ടാലയിൽ വന്നപ്പോൾ അദ്ദേഹത്തിന്റെ ചില ചിന്താഗതികളോടും ആശയങ്ങളോടും ബട്ടാലാ നിവാസികൾക്ക് യോജിക്കുവാൻ സാധിച്ചിരുന്നില്ല. അപ്പോൾ ഒരു മാന്യദേഹം, മൗലവി സാഹിബിനോടു വിവാദപരമായ ഒരു പ്രശ്നത്തെക്കുറിച്ച് സംസാരിക്കുവാൻ ഈ വിനീതനെ വളരെയധികം നിർബന്ധിക്കുകയുണ്ടായി. അങ്ങനെ അദ്ദേഹം പറഞ്ഞതനുസരിച്ച് ഈ വിനീതൻ ആ വ്യക്തിയോടൊപ്പം മൗലവി സാഹിബിന്റെ ഭവനത്തിൽ ചെന്നു. ഞാൻ മൗലവിസാഹിബിനെയും അദ്ദേഹത്തിന്റെ പിതാവിനെയും പള്ളിയിൽ വെച്ചു കണ്ടു. വിവാദപരമായ പ്രശ്നത്തെക്കുറിച്ച് സംസാരിച്ചപ്പോൾ എനിക്കദ്ദേഹത്തിന്റെ പ്രസംഗത്തിൽ ആക്ഷേപാർഹമായതൊന്നും കാണുവാൻ സാധിച്ചില്ല. അതുകൊണ്ട് ഞാൻ അല്ലാഹുവിനു വേണ്ടി അദ്ദേഹവുമായുള്ള വിവാദം ഉപേക്ഷിച്ചു. അന്നുരാത്രി അല്ലാഹു തന്റെ ദിവ്യ വെളിപാടിൽ പ്രസ്തുത വിവാദം ഉപേക്ഷിച്ചതിനെ സൂചിപ്പിച്ചുകൊണ്ട് അരുൾ ചെയ്തു. " നിന്റെ ദൈവം ഈ പ്രവൃത്തിയിൽ തൃപ്തനായിരിക്കുന്നു. രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽ നിന്നും അനുഗ്രഹം തേടത്തക്കവണ്ണം നിനക്കു വളരെയധികം അനുഗ്രഹങ്ങൾ തരുന്നതാണ്. അതിനുശേഷമുള്ള ദർശനത്തിൽ കുതിരപ്പുറത്ത് കയറി സവാരി ചെയ്യുന്ന ആ രാജാക്കന്മാരെ കാണുകയുണ്ടായി.

(ബറാഹീനെ അഹ്മദിയ്യാ പേജ് 661, 622 അടിക്കുറിപ്പ്)

ഈ ദിവ്യ വെളിപാടിലും ദർശനത്തിലും ഹസ്റത്ത് അഹ്മദ് (അ) ന്ന് അദ്ദേഹത്തിൽ വിശ്വസിച്ച കുറേ രാജാക്കന്മാരെ കുതിര സവാരി ചെയ്യുന്നതായി കാണുകയുണ്ടായി. ഈ ദർശനം അല്ലാഹു ഈ കാലത്താണ് സാക്ഷാൽക്കരിച്ച് കാണിച്ചിരിക്കുന്നത്. കഴിഞ്ഞ രണ്ടുമൂന്നുവർഷങ്ങളിലായി ബൈഅത്ത് ചെയ്ത ചില ആഫ്രിക്കൻ നാട്ടുരാജാക്കന്മാരെ ലണ്ടനിൽ വെച്ചു നടന്ന വാർഷിക സമ്മേളനങ്ങളിൽ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ (റ) എം. ടി. എ മുഖേന പരിചയപ്പെടുത്തിയിരുന്നു.

ഈ അടുത്ത കാലത്ത് ആഫ്രിക്കയിലെ ബേനിൻ എന്ന നാട്ടിൽ വെച്ചു നടന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ 18-ാം വാർഷിക സമ്മളനത്തിൽ നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എഴുപത്തൊന്ന് അഹ്മദികളായ നാട്ടുരാജാക്കന്മാർ പങ്കെടുത്തതായി റിപ്പോർട്ടു ചെയ്യപ്പെടുന്നു. കിംഗ് ഓഫ് പരോക്കോയുടെ നേതൃത്വത്തിൽ ആ നാട്ടിലെ മുപ്പതു നാട്ടുരാജാക്കന്മാർ കുതിരപ്പുറത്തുകയറി സമ്മേളനത്തിൽ പങ്കെടുത്തപ്പോൾ

സമ്മേളനത്തിൽ സംബന്ധിച്ചിരുന്ന അമ്പതിനായിരം പേർ ഏകസ്വരത്തിൽ തക്ബീർ ധ്വനികളാൽ അവരെ സ്വാഗതം ചെയ്യുകയുണ്ടായി. കൂടാതെ പല അവസരങ്ങളിലായി നാടിന്റെ നാനാഭാഗങ്ങളിൽ നിന്നും എഴുപതിലധികം നാട്ടുരാജാക്കന്മാർ സമ്മേളനത്തിൽ പങ്കെടുത്തു.

ഇതു സംബന്ധിച്ച് ലണ്ടനിൽ നിന്നു പുറപ്പെടുന്ന അൽഫസൽ ഇന്റർ നേഷനിൽ പറയുന്നു.

"ഈ സമ്മേളനത്തിന്റെ ഏററവും വലിയ പ്രത്യേകത, രണ്ടു വലിയ നാട്ടുരാജാക്കന്മാരായ കിംഗ് ഓഫ് അലാഡാ, കിംഗ് ഓഫ് പാറോക്കോ എന്നിവരുടെ സാന്നിദ്ധ്യമാണ്. കിംഗ് ഓഫ് പാറോക്കോ സമ്മേളനത്തിനു മുമ്പ് തന്നെ തന്റെ പരിപാടികളെക്കുറിച്ചറിയിച്ച് കൊണ്ട് താനും പരിവാരങ്ങളും ജൽസയിൽ തങ്ങളുടെ കുതിരപ്പുറത്ത് വരുന്നതാണെന്നറിയിച്ചിരുന്നു. ഹസ്റത്ത് വാഗ്ദത്ത മസീഹ് ദർശനത്തിൽ ധാരാളം രാജാക്കന്മാർ കുതിരപ്പുറത്തേറി വരുന്നതായി കണ്ടത് ഒരു പരിധിവരെ ഇവിടെ പൂർത്തിയായി.

അവരെ ബേനീൻ, നൈജീരിയ, നൈജീർ ഗാനാ, ബോർക്കിനോ ഫാസോ, മോറിഷ്യസ് എന്നീ നാടുകളിലെ അമീർ സാഹിബുമാര ടക്കം ധാരാളം ആളുകൾ സ്വാഗതം ചെയ്തു. തദവസരത്തിൽ സന്നിഹിതരായിരുന്ന പതിനായിരക്കണക്കിനാളുകൾ ഏകകണ്ഠമായി തക്ബീർ ധ്വനികൾ മുഴക്കിക്കൊണ്ടിരുന്ന ആ രംഗം അവർണ്ണനീയമായ ഒരാത്മീയാനുഭൂതി സംജാതമാക്കി. (അൽഫസൽ ഇന്റർ നേഷനൽ ലണ്ടൻ 9-15 മെയ് 2003)

അൽഹംദുലില്ലാഹ്, ഈ വാർഷിക സമ്മേളനത്തിൽ പങ്കെടുക്കുവാൻ ബേനിൻ നൈജീർ, നൈജീരിയ, എന്നിവിടങ്ങളിൽ നിന്നുള്ള 71 നാട്ടുരാജാക്കന്മാർ പങ്കെടുത്തിരുന്നു.

ഈ സമ്മേളനത്തിൽ കിംഗ് ഓഫ് പാറോക്കോ ചെയ്ത പ്രസംഗത്തിൽ തനിക്ക് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് (റ) ഹസ്റത്ത് വാഗ്ദത്ത മസീഹിന്റെ വസ്ത്രത്തിൽ നിന്ന് ഒരു കഷ്ണം തബർറുക് (വരപ്രസാദം) ആയിത്തന്നുവെന്നും ഹുസൂറിനെ മൂന്നു പ്രാവശ്യം സന്ദർശിക്കുവാനുള്ള മഹാ ഭാഗ്യമുണ്ടായിരുന്നുവെന്നും തനിക്ക് ലണ്ടനിലും ജർമ്മനിയിലും നടന്ന വാർഷിക സമ്മേളനങ്ങളിൽ പങ്കെടുക്കുവാനുള്ള സൗഭാഗ്യം ഉണ്ടായിരുന്നുവെന്നും അനുസ്മരിച്ചു. അദ്ദേഹം ബേനിൽ നാട്ടിലിരുന്നാഗതരായ എല്ലാ നാട്ടുരാജാക്കന്മാരെയും പ്രതിനിധീകരിച്ചു സംസാരിക്കവെ ഇപ്രകാരം പറഞ്ഞു:

ഇന്നു ശാന്തിയുടെയും സമാധാനത്തിന്റെയും യഥാർത്ഥത്തിലുള്ള സന്ദേശം അഹ്മദിയ്യാ വേദിയിൽ നിന്നു മാത്രമെ കേൾക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടു നാമെല്ലാവരും അഹ്മദിയ്യാ പതാകയുടെ കീഴിൽ അണിനിരക്കേണ്ടതാണ്. ഇതിനുശേഷം നൈജീരിയായിലെ ഏററവും വലിയ നാട്ടുരാജാവായ സുൽത്താൻ ഓഫ് അഗാദീസ് പ്രസംഗിച്ചു. അദ്ദേഹം നൈജീരിയൻ രാഷ്ട്രപതിയുടെ നാലംഗ മന്ത്രിസഭയിലെ അംഗവും രാഷ്ട്രപതിയുടെ ഉപദേഷ്ടാവുമാണ്. അദ്ദേഹം തന്റെ പ്രസംഗമദ്ധ്യെ ലണ്ടൻ, ജർമ്മനി എന്നീ സമ്മേളനങ്ങളിൽ പങ്കെടുത്ത മധുര സ്മരണകൾ അയവിറക്കിയതിനു ശേഷം പറഞ്ഞു: അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ് ഇന്ന് ഇസ്ലാമിന്റെ ആഗോള സന്ദേശം ലോകത്തെങ്ങും എത്തിക്കുന്നത്. ഞാനിവിടെ ആഗതനാകുന്നതിന് മുമ്പ് ഇത്ര വമ്പിച്ച ഒരു സമ്മേളനവും ജനസമൂഹവും ഉണ്ടാകുമെന്നു പ്രതീക്ഷിച്ചിരുന്നില്ല. ഇവിടെ പതിനായിരക്കണക്കിലുള്ള ആളുകൾ കൂട്ടായി നിന്ന് നമസ്ക്കരിക്കുന്നത് കണ്ടപ്പോൾ എന്റെ ഹൃദയം സന്തോഷാതിരേകത്താൽ തുള്ളിച്ചാടുകയാണ്. നാമും ഒരു മുസ്ലിം നാട്ടിൽ നിന്നാണു വന്നിരിക്കുന്നതെങ്കിലും ഇതുപോലുള്ള ഒരാത്മീയ സംഗമവും സമ്മേളനവും അവിടെ അടുത്തു ദർശിക്കുവാൻ സാധിച്ചിരുന്നില്ല." (അൽഫസൽ ഇന്റർനാഷനൽ -ലണ്ടൻ 16-22 മെയ് 2003)

---

*(16-ാം പേജിൽ നിന്ന് തുടർച്ച)*

ശവും 30 കൊല്ലം മുമ്പുവരെ ജോർദാന്റെ കയ്യിലായിരുന്നു. ഈ വിഭജനവും പട്ടണത്തെ ഉപേക്ഷിക്കുന്നതിലേക്ക് നയിച്ചു. അന്ന് മുതൽ അറബികൾ സിവിൽ യുദ്ധങ്ങൾകൊണ്ടും താൽക്കാലികമായ സമാധാനം കൊണ്ടും വലയം ചെയ്യപ്പെട്ടു.

അതിനാൽ ജറൂസലേമിന്റെ ഭാവിയെന്താണ്? ഖുർആൻ വിശുദ്ധ ഭൂമിയെക്കുറിച്ചു പറയുന്നു:

"ചില ഉപദേശങ്ങൾക്ക് ശേഷം 'സബൂറിൽ' നാം ഇങ്ങനെ എഴുതിയിട്ടുണ്ട്. തീർച്ചയായും ആ പരിശുദ്ധ ഭൂമിയെ എന്റെ സദ്വൃത്തരായ ദാസന്മാർ അവകാശമായി എടുക്കുന്നതാണ്. തീർച്ചയായും ഇതിൽ അല്ലാഹുവിനെ ആരാധിക്കുന്നവർക്ക് ഒരു സന്ദേശമുണ്ട്." (വിഖു. 21:106, 107)

അബ്രഹാം ദൈവവുമായി ഉണ്ടാക്കിയ കരാർ പാലിക്കുന്ന ദൈവഭയമുള്ള ജനങ്ങൾക്കുള്ളതാണ് പലസ്തീൻ". ജൂതമതം, ക്രിസ്തുമതം, ഇസ്ലാം എന്നീ മൂന്ന് ലോകമതങ്ങളുടെ മഹത്തായ ചരിത്രത്തിന്റെ രംഗഭൂമിയാണ് ജറൂസലേം. ഈ മതങ്ങളുടെയെല്ലാം അടയാളങ്ങളും പുണ്യസ്ഥലങ്ങളും ശക്തമായ നിലയിൽ ഈ നഗരത്തിലുണ്ട്. എത്രത്തോളമെന്നാൽ പഴയ നഗരം ഇപ്പോൾ വിഭജിച്ചിരിക്കുന്നത്, ജൂതന്മാർ, അർമിനിയക്കാർ, ക്രിസ്ത്യാനികൾ, മുസ്ലിംകൾ എന്നിവരുടെ വാസ സ്ഥലങ്ങളായിട്ടാണ്.

സമാധാനത്തിന്റെ നഗരം ഇപ്പോൾ ദുരിതപൂർണ്ണമാണ്. അത് അനിശ്ചിതത്വത്തെ നേരിടുന്നു. പക്ഷെ മതപരമായ പാരമ്പര്യങ്ങൾ നിലനിറുത്തേണ്ടതുണ്ട്. എല്ലാ മതവിഭാഗങ്ങളും സഹിഷ്ണുതയോടുകൂടി ഒരിക്കൽ കൂടി യോജിക്കേണ്ടത് അനിവാര്യമാണ്. ദൈവികത്വം ആത്മാവിനെ പുനഃപ്രകാശിപ്പിക്കണം. അപ്പോൾ മാത്രമാണ് ജറൂസലേം ഒരിക്കൽ കൂടി സമാധാനത്തിന്റെ നഗരമായിത്തീരുന്നത്.

***വിവ. കെ. വി. ഹസ്സൻകോയ***

കുറിപ്പുകൾ
മുസാഫിർ

# ജമാഅത്തെ ഇസ്ലാമി കേരള രാഷ്ട്രീയത്തിലേക്ക്

മത രാഷ്ട്രമൗലിക വാദത്തിന്റെ വക്താക്കളായ ജമാഅത്തെ ഇസ്ലാമി കേരള രാഷ്ട്രീയത്തിലേക്ക് പ്രഛന്ന വേഷത്തിൽ പ്രവേശിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇക്കാലം വരെയും ജമാഅത്തെ ഇസ്ലാമി സ്ഥാപകനായ അബുൽ അഅ്ലാ മൗദൂദി സാഹിബിന്റെ ഒരു സിദ്ധാന്തം പോലും നേരെ ചോവ്വെ മാന്യമായ ഒരൊറ്റ ജനാധിപത്യ വേദികളിലും ഉന്നയിക്കാൻ അവർക്ക് സാധിച്ചിട്ടില്ല. അതുകൊണ്ടാണ് - കപട വേഷം ധരിച്ചും കേരളത്തിൽ വിപണന സാധ്യതയുള്ള ഇടതുപക്ഷ മുദ്രാവാക്യങ്ങളുയർത്തിയുള്ള ഈ പുറപ്പാട്. 2003 മെയ് 13-ാം തീയതി കോഴിക്കോട്ട് 'സോളിഡാരിറ്റി' എന്ന പേരിൽ ഒരു യുവജന രാഷ്ട്രീയ സംഘടനക്കാണ് അവർ രൂപം നൽകിയിരിക്കുന്നത്. തുടർന്ന് പത്തിരുപത്തഞ്ച് വർഷങ്ങൾക്ക് മുമ്പ് നക്സലൈറ്റുകാർ ഉപയോഗിച്ച് തഴഞ്ഞ മുദ്രാവാക്യങ്ങളും ഇപ്പോൾ കമ്മ്യൂണിസ്റ്റുകാർ പോലും ഉപയോഗിക്കാൻ മടിക്കുന്ന മാർക്സിയൻ സാഹിത്യത്തിലെ പദാവലികളും ചേർത്ത് 'മുതലാളിത്തം വലിച്ചെറിയൂ' എന്ന മുദ്രാവാക്യവും തെരുവു നാടകവുമായി സോളിഡാരിറ്റിക്കാർ നാട്ടിലിറങ്ങിയിരിക്കുകയാണ്. 'അല്ലാഹുവിന്റെ ഭരണം' നടപ്പാക്കാൻ മനസ്സിൽ പൂതിയും വെച്ച് ജമാഅത്തുകാരൻ കാണിക്കുന്ന കോപ്രായങ്ങളും കോമരം തുള്ളലും കണ്ട് സഹതാപം തോന്നുന്നു.

'കാലത്തിന്റെ മേൽ വിപ്ലവത്തിന്റെ മുദ്ര' എന്നാണ് ഈ യുവജന മതരാഷ്ട്രസംഘടനയെ അവർ തന്നെ വിശേഷിപ്പിക്കുന്നത്. തികച്ചും വർഗ്ഗീയവും മതരാഷ്ട്ര മൗലിക വാദത്തിലധിഷ്ഠിതവും കടുത്ത അസഹിഷ്ണുത പുലർത്തുന്നതുമായ ജമാഅത്തെ ഇസ്ലാമിയുടെ മത രാഷ്ട്രീയ സിദ്ധാന്തങ്ങൾ സാക്ഷാൽക്കരിക്കുന്ന ഒരു പാർട്ടി നൂറ്റാണ്ടുകളോളമായി മതസൗഹാർദ്ദവും ബഹുസ്വരതയും നിലനിൽക്കുന്ന പ്രബുദ്ധമായ കേരളീയ സമൂഹത്തിൽ ആപദ് ശങ്കകളുയർത്തുന്ന ഒരു ധൂമകേതുവിനെ പോലെയാകാനാണ് സാധ്യത. കപടതയും മുഖം മറച്ചുവെക്കലും ജമാഅത്തെ ഇസ്ലാമിയുടെ കൂടപ്പിറപ്പാണ്. അവരുടെ സ്ഥാപകാചാര്യനായ അബുൽ അഅ്ലാ മൗദൂദിയുടെ ഹുക്കുമത്തെ ഇലാഹി (അല്ലാഹുവിന്റെ ഭരണം) സായുധ ജിഹാദ്, താഗൂത്തി ഭരണ (അമുസ്ലിം പൈശാചിക ഭരണം) ത്തിനെ തകർക്കൽ, ദാറുൽ ഹർബിനെ (യുദ്ധരാജ്യങ്ങളെന്ന് പ്രഖ്യാപിക്കപ്പെടുന്ന അമുസ്ലിം രാജ്യങ്ങൾ) ആക്രമിച്ചു കീഴടക്കൽ, മുർത്തദിനെ (ഇസ്ലാം മതമുപേക്ഷിക്കുന്നവൻ) വധിക്കൽ മുതലായ സിദ്ധാന്തങ്ങളെപറ്റിയൊന്നും ക. മ എന്നൊ രക്ഷരം ഉരിയാടാതെ മാർക്സിസ്റ്റുകാരുടെ പഴയ മുദ്രാവാക്യമായ മുതലാളിത്തം വലിച്ചെറിയൂ എന്നു പറഞ്ഞ് മുഷ്ടി ചുരുട്ടി പ്രകടനം നടത്തിയാലും തെരുവു നാടകം കളിച്ചാലും അല്ലാഹുവിന്റെ ഭരണം വരുമോ? മുതലാളിത്തം എന്നാൽ ലാഭത്തിലധിഷ്ഠിതമായ ഒരു സാമൂഹ്യ-സാംസ്കാരിക, രാഷ്ട്രീയ സംവിധാനമാണല്ലോ. അത് ഇസ്ലാമിൽ ഹറാമാണോ? കേരളത്തിലും, മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലും, പാക്കിസ്ഥാനിലുമൊക്കെയുള്ള ജമാഅത്തെ ഇസ്ലാമിക്കാർ മുതലാളിത്ത വ്യവസ്ഥയുടെ ആനുകൂല്യമനുഭവിച്ച് കുന്നുകൂട്ടിയ പണം സമൂഹത്തിൽ വിതരണം ചെയ്ത് ഇബ്റാഹിം അദ്ഹമിനെ പോലെ കരിമ്പടം പുതച്ച് ഫക്കീറായി തീരുമോ? അവരുടെ ഭൂസ്വാമിമാർ പാവങ്ങൾക്ക് ഭൂമി വിതരണം ചെയ്ത് വിനോബഭാവയെ പോലെയോ സഖാവ് ഇ. എം എസ്സിനെപോലെയോ പൊതുജന സേവനത്തിനിറങ്ങുമോ? ഇതൊന്നും ചെയ്യാതെ പെപ്സികോലയും, കൊക്കകോലയും കുടിക്കാതിരിക്കുക എന്ന മഹത്തായ ത്യാഗം സഹിച്ചാണ് ജമാഅത്തുകാരൻ മുതലാളിത്തത്തിനെതിരെ മുദ്രാവാക്യം വിളിച്ച് തെരുവ് നാടകം പൊടിപൊടിക്കുന്നത്. കാപട്യമേ നിന്റെ പേരോ......!

പരമാചാര്യന്റെ സിദ്ധാന്തങ്ങളെല്ലാം ഹിഡൺ അജണ്ടയായി സൂക്ഷിക്കുന്ന ലോകചരിത്രത്തിലെ ഒരേയൊരു പാർട്ടിയായിരിക്കണം ഇവിടുത്തെ ജമാഅത്തെ ഇസ്ലാമി. അല്ലാഹുവിന്റെ ഭരണമല്ലാത്ത മററു ഭരണകൂടങ്ങളെല്ലാം താഗൂത്തി (പൈശാചിക) വ്യവസ്ഥയാണെന്നാണ് ആചാര്യ സങ്കല്പം. അദ്ദേഹം എഴുതുന്നു." അല്ലാഹുവിന്റെ ദീൻ (ഭരണകൂടം) അല്ലാത്ത മറ്റു വല്ല ദീനും (ഭരണകൂടം) ഭൂമിയിൽ സ്ഥാപിതമാവുകയും തങ്ങളതിൽ അകപ്പെട്ടിരിക്കുന്നുവെന്ന് മുസ്ലിംകൾക്ക് അനുഭവപ്പെടുകയാണെങ്കിൽ അത്തരം പരിതഃസ്ഥിതിയിൽ നിഷിദ്ധ ദീനിനെ നശിപ്പിച്ച് തൽസ്ഥാനത്തു സത്യ ദീനിനെ (അല്ലാഹുവിന്റെ ഭരണം) സ്ഥാപിക്കാനായി പരിശ്രമിക്കുക" (ഖുത്ബാത്ത് 409- മൗലാനാ അബുൽ അഅ്ലാമൗദൂദി)

"അല്ലാഹുവിന്റെ പ്രജകളിൽ നിന്നും (ജനാധിപത്യമാർഗ്ഗേണ ജനങ്ങളിൽ നിന്ന്) സ്വയം രാജ്യത്തിന്റെ

അധിപരായി ചമഞ്ഞു അല്ലാഹുവിന്റെ രാജദ്രോഹികളായി തീർന്നിരിക്കുന്ന ജനങ്ങളെ സാക്ഷാൽ നാഥനോടുള്ള അനുസരണത്തിന്റെ ഋജു മാർഗ്ഗമവലംബിക്കാൻ ബോധിപ്പിക്കണമെന്നും എന്നിട്ടും ധിക്കാരമുപേക്ഷിക്കാനൊരുക്കമല്ലാത്ത ശക്തികളെയും നിശ്ശേഷം നശിപ്പിച്ച്, അല്ലാഹുവിന്റെ പ്രജകളെ അവരുടെ അടിമത്തത്തിൽ നിന്നും മോചിപ്പിക്കണമെന്നാണ്. (ഖുത്ബാത്ത് 386) "അല്ലാഹുവിന്റെ സർവ്വാധിപത്യമാകുന്ന ഈ സിദ്ധാന്തത്തിനും ഒരു പരമോദ്ദേശ്യമുണ്ട്. അതായത് ഭൂമുഖത്ത് അല്ലാഹുവിന്റെ ആജ്ഞകൾ മാത്രം നടപ്പാക്കുക, കോടതിവിധികൾ അവന്റെ നിയമമനുസരിച്ച് മാത്രമായിരിക്കുക, പോലീസ്, സൈന്യം മുതലായവയെല്ലാം അവന്റെ കല്പനകൾ തന്നെ നടത്തുക. കൊള്ള കൊടുക്കലുകൾ അവൻ നിശ്ചയിച്ച പദ്ധതിയനുസരിച്ച് മാത്രമായിരിക്കുക. നികുതികൾ അവന്റെ ഇഷ്ടാനുസരണം ചുമത്തുകയും അവൻ നിശ്ചയിച്ച മാർഗ്ഗങ്ങളിൽ ചിലവഴിക്കുകയും ചെയ്യുക. സിവിൽ സർവ്വീസ് അവന്റെ കല്പനക്ക് മാത്രമായിരിക്കുക, ജനങ്ങളുടെ കഴിവും, യോഗ്യതകളും ,അദ്ധ്വാനപരിശ്രമങ്ങളും, അവന്റെ മാർഗ്ഗത്തിൽ കൂടി മാത്രം ചിലവാക്കുക. ചുരുക്കത്തിൽ മനുഷ്യൻ അല്ലാഹു ഒഴികെ മറ്റാരുടേയും അടിമകളാകാതിരിക്കുക (ഖുത്ബാത്ത് പേ. 402) ഇത്രയും എഴുതിയതിൽ നിന്ന് ഇനി ജമാഅത്തെ ഇസ് ലാമിയുടെ 'ഹുക്കുമത്തെ ഇലാഹി' അഥവാ ദൈവിക ഭരണം ഉണ്ടായാൽ അല്ലാഹു തന്നെ നേരിട്ട് ഇന്ത്യൻ പാർലമെന്റിലോ കേരളനിയമസഭയിലോ വന്ന് ഭരണം നടത്തുമെന്നോ വകുപ്പുകൾ 'മലക്കുകൾ' കൈകാര്യം ചെയ്യുമെന്നോ ധരിക്കേണ്ട. അപ്പോൾ കേന്ദ്ര അമീർ വാജ്പേയിക്കു പകരം ഡോ. അബ്ദുൾ ഹഖ് അൻസാരിയും കേരളത്തിലെ പ്രൊവിൻഷ്യൽ അമീറായി എ. കെ. ആന്റണിക്ക് പകരം പ്രൊഫ. സിദ്ദീക്ക് ഹസനുമായിരിക്കും ഭരണം. ഇവരായിരിക്കും അല്ലാഹുവിന്റെ ഇന്ത്യയിലെ ഏജൻസികൾ! പേര് ഹുക്കുമത്തെ ഇലാഹി തന്നെ.

മൗദൂദി സാഹിബ് സോളിഡാരിറ്റിയെ പോലെ മുതലാളിത്ത വിരുദ്ധ പ്രസ്ഥാനങ്ങൾക്കോ ജനാധിപത്യവുമായി സഹകരിച്ച് രാഷ്ട്രീയ വിമോചന പ്രവർത്തനങ്ങൾക്കോ രൂപം കൊടുക്കാൻ പറഞ്ഞിട്ടുണ്ടോ? രക്തരൂഷിതമായ സായുധ ജിഹാദാണ് മൗലാനയുടെ ഹുക്കുമത്തെ ഇലാഹിയിലേക്കുള്ള പ്രഖ്യാപിതമാർഗ്ഗം . പാക്കിസ്ഥാനിൽ അല്ലാഹുവിന്റെ ഭരണം സ്ഥാപിക്കാൻ നടത്തിയ രക്തരൂഷിതമായ കലാപത്തെ തുടർന്ന് ഗവൺമെന്റ് ഒരു അന്വേഷണ കോടതിയെ നിയമിക്കുകയുണ്ടായി. പ്രഖ്യാത നിയമ പണ്ഡിതനായ ജസ്റ്റീസ് മുനീറായിരുന്ന അന്വേഷണ കോടതി മേലധികാരി. പാക്കിസ്ഥാനെ ഇസ്ലാമിക വത്കരിക്കാനുള്ള ആധിയിൽ മൗലാനാ സ്വന്തം ജന്മനാടായ ഇന്ത്യയിലെ പാർട്ടിക്കാർക്കും ഇവിടുത്തെ മൊത്തം മുസ്ലിംകൾക്കും അപമാനകരമായ ഒരു പരാമർശം നടത്തിയത് കേട്ടാൽ നാം ഞെട്ടിത്തരിച്ചു പോകും. 'മുനീർ കമ്മീഷൻ റിപ്പോർട്ട്' എന്ന പേരിൽ പ്രസിദ്ധമായ പാക്കിസ്ഥാൻ ഗവൺമെന്റിന്റെ ഈ ഔദ്യോഗിക രേഖയിൽ ആ ചോദ്യോത്തരം കാണാം. ജമാഅത്തെ ഇസ്ലാമിയുടെ കണ്ഠകോടാലിയായ മുനീർ കമ്മീഷൻ റിപ്പോർട്ടിനെ അവർ തള്ളിപറയാറുണ്ട്. റിപ്പോർട്ടിലെ അനേകം ഭീകരവാദങ്ങളിലൊന്ന് ഇപ്രകാരമാണ്.

ജസ്റ്റീസ് മുനീറിന്റെ ചോദ്യം:- പാക്കിസ്ഥാനിൽ നമുക്ക് ഈ വിധത്തിലുള്ള ഭരണകൂടമാണ് (അമുസ്ലിംകളെ ദിമ്മികളായി അതായത് ഭരണക്കൂടത്തിന്റെ പരിരക്ഷയില്ലാത്ത പൗരന്മാരെന്ന് കണക്കാക്കുന്ന ഭരണകൂടം) ഉണ്ടാകുന്നതെങ്കിൽ ഹിന്ദുക്കൾക്ക് അവരുടെ മതത്തിനനുസരിച്ച് ഭരണഘടനയുണ്ടാക്കൽ താങ്കൾക്ക് സമ്മതമാണോ?

മൗലാനാ മൗദൂദി: തീർച്ചയായും. ഇത്തരം ഒരു ഭരണകൂടത്തിനു കീഴിൽ ഇന്ത്യയിലെ മുസ്ലിംകൾ ശൂദ്രന്മാരും മ്ലേച്ഛന്മാരുമായി കണക്കാക്കുന്നതിൽ എനിക്ക് യാതൊരു എതിർപ്പുമില്ല. മനുവിന്റെ നിയമങ്ങൾ അവരിൽ അടിച്ചേൽപ്പിക്കപ്പെട്ടാലും ഗവൺമെന്റിൽ അവർക്കുള്ള പങ്കാളിത്തം നിശ്ശേഷം എടുത്തുകളഞ്ഞാലും അവരുടെ പൗരാവകാശങ്ങൾ എടുക്കപ്പെട്ടാലും എനിക്ക് അത് സമ്മതമാണ്. (മുനീർ കമ്മീഷൻ റിപ്പോർട്ട് പേ 228)

മുനീർ കമ്മീഷനു മുമ്പിൽ ഉത്തരം മുട്ടിയപ്പോൾ നമ്മോട് മ്ലേച്ഛന്മാരും ശൂദ്രന്മാരുമായി ജീവിച്ചു കൊള്ളാൻ കല്പിച്ച് മനുവിന്റെ നിയമങ്ങൾക്ക് വഴിപ്പെടുവാൻ പറഞ്ഞ മൗലാനയെ ആചാര്യ സ്ഥാനത്ത് വെക്കാൻ കൊള്ളുമോ എന്ന് ജമാഅത്തുകാർ ചിന്തിക്കുന്നത് നന്ന്. മൗദൂദിയുടെ യഥാർത്ഥ അനുയായികളാണ് സോളിഡാരിറ്റിക്കാർ. എങ്കിൽ വിശ്വഹിന്ദുപരിഷത്തിനൊടൊപ്പം മനുവാദികളായി തീരുകയാണ് അവർ വേണ്ടത്. പ്രോഗ്രാം പോളിസി എന്ന നിലക്ക് രാഷ്ട്രീയ നേട്ടത്തിനു വേണ്ടി സോളിഡാരിറ്റിക്കാർക്ക് അതും ആയിക്കൂടെന്നില്ല!

വടക്കേ ഇന്ത്യയെ പോലെ മുസ്ലിം രാജാക്കന്മാരുടെ സ്പർശനമേൽക്കാത്ത നാടാണ് കേരളം. കേരളീയ പാരമ്പര്യമനുസരിച്ച് വടക്കൻ കേരളത്തിലെ കണ്ണൂരിലെ അറക്കലിൽ മരുമക്കത്തായ രീതിയുള്ള ഒരു നാടുവാഴി സ്വരൂപം ഉള്ളതൊഴിച്ചാൽ കേരളത്തിലെ മുസ്ലിംകൾ ഹിന്ദുരാജാക്കന്മാർക്ക് കീഴിലാണ് നൂറ്റാണ്ടുകളോളം ജീവിച്ചത്. അവരുടെ ഏറ്റവും ഇഷ്ടപ്പെട്ട പ്രജകളായി, അവരോട് കൂറും ആത്മാർത്ഥതയും പുലർത്തി ഈ നാട്ടിന്റെ മക്കളായി മുസ്ലിംകൾ ജീവിച്ചു. ദേശത്തിന്റെ ദേശീയ സംസ്കാരവും മതത്തിന്റെ ആത്മീയ സംസ്ക്കാരവും ആവാഹിച്ചു യാതൊരു സംഘർഷങ്ങളുമില്ലാതെ മുസ്ലിംകൾ കഴിഞ്ഞു. ഭരണക്കാർ എന്നതിലുപരി പ്രജകൾ എന്ന രീതിയിൽ കേരളത്തിലെ മുസ്ലിം ജനത നൂറ്റാണ്ടുകളായി ആർജിച്ച സംസ്കാരം സഹവർത്തിത്വത്തിന്റെതും സഹിഷ്ണുത

*(ശേഷം പേജ് 39 ൽ)*

കുറിപ്പുകൾ

മുസാഫിർ

# എവറസ്റ്റിന്റെ സന്ദേശം

ഭൂപ്രകൃതിയുടെ ഘനഗാംഭീര്യവും ശക്തി സൗന്ദര്യവും ആവഹിച്ച് വ്യോമ മണ്ഡലത്തെ പിളർന്നു നില്ക്കുന്ന ഹിമവാന്റെ ഉച്ച സ്ഥായിയിൽ സ്രഷ്ടാവിന്റെ വൈഭവം വിളംബരം ചെയ്യുന്ന വെള്ള മിനാരമാണ് എവറസ്റ്റ്. ഇതിഹാസ കവികളുടെയും, കലാകാരന്മാരുടെയും ഭാവനാ തന്ത്രികളെ തട്ടിയുണർത്തിയ ഹിമവൽസാനുവിന്റെ അഗമ്യവും അചുബിംതവുമായ തലയെടുപ്പ് മനുഷ്യന്റെ അദമ്യമായ സാഹസികതയെ എന്നും വെല്ലുവിളിച്ചു നിന്നു. നിരവധി സാഹസിക ഉദ്യമങ്ങൾക്ക് ശേഷം 1953 മെയ് 29 ന് സർ എഡ്മണ്ട് ഹിലാരിയും ഷെർപ്പയായ ടെൻസിംഗ് നോർഗെയും എവറസ്റ്റിന്റെ നെറുകയിൽ തൊട്ടു. കോടിക്കണക്കിന് വർഷങ്ങൾക്ക് ശേഷം മനുഷ്യവാമനന്റെ കൊച്ചു പാദങ്ങൾക്ക് കീഴെ ആ മഹാമേരുവും കീഴടങ്ങി. ഇപ്പോൾ എവറസ്റ്റാരോഹണത്തിന്റെ അമ്പതാം വാർഷികം ആഘോഷിക്കുകയാണ് ലോകം.

എവറസ്റ്റ് നേപ്പാളിലാണ് സ്ഥിതി ചെയ്യുന്നത്. 8,848 മീ. ഉയരമുള്ള എവറസ്റ്റിന്റെ സ്ഥാനവും ഉയരവും മാത്രമല്ല ഇന്ത്യയുടെ അക്ഷാംശ രേഖാംശങ്ങൾ കൃത്യമായി നിർണയിച്ച വിശ്വപ്രശസ്ത ബ്രിട്ടീഷ് ഭൂ സർവ്വേ വിദഗ്ധനായ സർ ജോർജ്ജ് എവറസ്റ്റിനെ (1790–1866) ആദരിച്ചുകൊണ്ടാണ് അദ്ദേഹത്തിന്റെ പിൻഗാമിയായ കേണൽ ആൻഡ്രുവാഗ് ഈ കൊടുമുടിക്ക് എവറസ്റ്റ് എന്ന് പേർ നൽകിയത്. ഭാരതീയ പുരാണങ്ങളിൽ പരാമൃഷ്ടമായ ഗൗരീശങ്കരം എവറസ്റ്റ് കൊടുമുടിയാണെന്ന് പറയപ്പെടുന്നു. തിബറ്റിൽ ഇതിന് 'ചോമലുങ്മ അതായത് ഭൂലോക മാതാവ്' എന്നാണ് വിളിക്കുന്നത്. എവറസ്റ്റ് ആരോഹണ ശ്രമത്തിൽ മൃത്യുവിന്റെ അഗാതഗർത്തത്തിലേക്ക് പതിച്ചവർ 180 പേരാണ്. ഇന്ന് പർവ്വതാരോഹകർക്ക് നിരവധി സൗകര്യങ്ങൾ ലഭ്യമാണ്. ഉപഗ്രഹവാർത്താ സംവിധാനം, കാലാവസ്ഥയേയും ശീതകാറ്റുകളേയും ഹിമപാതങ്ങളെയും സംബന്ധിച്ച വിവരങ്ങൾ, അപകടത്തിൽപ്പെട്ടാൽ ഹെലികോപ്റ്ററുകളുടെ സഹായം, ആധുനികമായ എല്ലാ സജ്ജീകരണങ്ങളുമുള്ള താഴ്‌വാരത്തെ ബേസ് ക്യാമ്പ് എന്നീ സൗകര്യങ്ങൾ 50 വർഷം മുമ്പത്തെതിനേക്കാൾ പർവ്വാതാരോഹണം സുഗമമാക്കിയിരിക്കുന്നു. ഹിലാരിയും ടെൻസിങ്ങും മനുഷ്യവംശത്തിന് വേണ്ടി നടത്തിയ ഈ സാഹസിക യാത്ര മനുഷ്യ ചരിത്രത്തിലെ രോമാഞ്ചജനകമായ ഒരു സ്മരണയാണ്. ഇന്ന് എവറസ്റ്റാരോഹണം അല്പം സാഹസികതയുള്ള ടൂറിസം പോലെയായിരിക്കുകയാണ്.

മനുഷ്യരാശിക്ക് പർവ്വതങ്ങൾ നൽകുന്ന അനുഗ്രഹവും സന്ദേശവുമെന്താണ്? പർവ്വതങ്ങളെ സംബന്ധിച്ച നിരവധി വചനങ്ങൾ ഖുർആനിലുണ്ട്. ദൈവത്തിന് സ്തുതികളർപ്പിച്ചുകൊണ്ട് നിലകൊള്ളുന്ന പർവ്വതങ്ങളുടെ സ്രഷ്ടാവും സംവിധായകനും ദൈവമാണെന്നാണ് ഖുർആൻ പറയുന്നത്. "അവനതിൽ (ഭൂമിയിൽ) അതിന്റെ ഉപരിതലത്ത് ഉറച്ച പർവ്വതങ്ങൾ സ്ഥാപിക്കുകയും അവനതിൽ അനുഗ്രഹം നൽകുകയും ചെയ്തു." (41:11)

നദികളുടെ സ്രോതസ്സാണ് മലകൾ. ഘനീഭവിച്ച് കിടക്കുന്ന ഹിമ പാളികളെ ദ്രവിച്ചും മഞ്ഞു കണങ്ങളെ പിടിച്ചെടുത്ത് ജലമാക്കി മാറ്റിയും മലകളുടെ മുകൾഭാഗത്തെ ഗർഭഗൃഹത്തിൽ മഴവെള്ളം ശേഖരിച്ചും നദികളാക്കി ഒഴുക്കി വിടുന്നതും മലകളാണ്. ഭൂമിയുടെ ആന്തരിക സമ്മർദ്ദങ്ങളിൽ നിന്ന് ഭൂവൽക്കത്തെ സന്തുലനം ചെയ്ത് നിർത്തുന്നതിൽ മലകൾക്കുള്ള പങ്കും നിർണായകമാണ്. ഖുർആൻ പറയുന്നു. " അവൻ ഭൂമിയിൽ ഉറച്ച മലകൾ സ്ഥാപിച്ചിരിക്കുന്നു. നിങ്ങളേയും കൊണ്ട് ഭൂമി കുലുങ്ങാതിരിക്കാൻ വേണ്ടി. നദികളേയും വഴികളേയും അവനുണ്ടാക്കി. നിങ്ങൾ മാർഗ്ഗം പ്രാപിക്കുന്നതിന് വേണ്ടി (16:16) ഭൂമി മനുഷ്യരേയും കൊണ്ട് ഇളകാതിരിക്കാൻ വേണ്ടി നാം അതിൽ അടിയുറച്ച മലകളെ സ്ഥാപിക്കുകയും അവർ ലക്ഷ്യത്തിലെത്താൻ വേണ്ടി വിശാലമായ മാർഗ്ഗങ്ങൾ നാം അതിൽ ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. (21:32). ജനങ്ങളുടെ സംസ്കാരവും നാഗരികതയും, ദേശീയതയും, നിർണയിക്കുന്നതിൽ പർവ്വതങ്ങൾ നിർണായക പങ്കാണ് വഹിക്കുന്നത്. വേറിട്ടു നിന്ന വിവിധ മനുഷ്യ സമുദായങ്ങൾ തമ്മിൽ വാണിജ്യപരവും സാംസ്കാരികവുമായ ആദാന പ്രദാനങ്ങളിലൂടെ ഒരു വിശ്വസംസ്കാരം രൂപം കൊള്ളുന്നതിനുവേണ്ടി ആ പർവത പംക്തികളിൽ മാർഗ്ഗ ദർശകങ്ങളായ അനേകം മലമ്പാതകൾ അഥവാ ചുരങ്ങൾ (പാസ്) അല്ലാഹു സൃഷ്ടിച്ചിരിക്കുന്നുവെന്നും ഖുർആൻ പറയുന്നു. ഇങ്ങനെയൊരു സംവിധാനമില്ലായിരുന്നെങ്കിൽ മനുഷ്യസമുദായങ്ങൾക്ക് അന്യോന്യം ബന്ധം സ്ഥാപിക്കാനോ,

പുരോഗതിയുണ്ടാക്കാനോ വികസിക്കുവാനോ സാധ്യമാകുമായിരുന്നില്ല. ചരിത്രം പരിശോധിച്ചാൽ ഖുർആന്റെ ഈ പ്രസ്താവം ശരിയാണെന്ന് കാണാം. ലോകം മുഴുവനുള്ള ഇത്തരം ചുരങ്ങളാണ് ഇന്ന് ദേശീയവും അന്തർദേശീയവുമായി പ്രധാനപ്പെട്ട റോഡുകളായി രൂപാന്തരം പ്രാപിച്ചത്. ഇന്ത്യയുടെ ചരിത്രത്തിൽ ഹിമാലയത്തിലെ ഖൈബർ ബോലൻ മലമ്പാതകൾക്കുള്ള പങ്ക് അനിഷേധ്യമാണ്. പുരാതന കാലത്ത് മധ്യേഷ്യയിൽ നിന്ന് ആര്യന്മാരും പിന്നീട് ഗ്രീക്കുകാർ, പേർഷ്യക്കാർ, താർത്താരികൾ, അറബികൾ, മുഗളന്മാർ എന്നിവരെല്ലാം ഇന്ത്യയിലേക്ക് കടന്നുവന്നതും ഭാരതീയമെന്ന സംസ്കൃതി രൂപപ്പെട്ടതിനും ഈ ചുരങ്ങൾ വഹിച്ച പങ്ക് നിർണായകമാണ്. കേരളത്തിന്റെ കിഴക്ക് ഭാഗത്തുള്ള സഹ്യപർവ്വതത്തിലെ കർണാടകയും തമിഴ്നാടുമായി ബന്ധിക്കുന്ന നിരവധി ചുരങ്ങളുണ്ട്. അതിൽ പാലക്കാടൻ ചുരം പ്രസിദ്ധമണല്ലോ. കേരളവും തമിഴ്നാടുമായുള്ള റെയിൽ റോഡ് ഗതാഗതം പാലക്കാടൻ ചുരം വഴിയാണ്. തെക്കേ ഇന്ത്യയിലെ കാലാവസ്ഥ നിയന്ത്രിക്കുന്നതിലും പാലക്കാടൻ ചുരത്തിന് വമ്പിച്ച പങ്കുണ്ട്. ഈ ചുരം വഴിയാണ് കേരളത്തിലെത്തുന്ന തെക്കു പടിഞ്ഞാറൻ കാലവർഷമായ മൺസൂൺ പശ്ചിമഘട്ടം കടന്ന് തെക്കെ ഇന്ത്യയിലെ മറ്റുസംസ്ഥാനങ്ങളിൽ പ്രവേശിക്കുന്നത്.

ഭൂമിയുടെ അന്തർമണ്ഡലം ചലനാത്മകമാണ്. പല ഖണ്ഡങ്ങൾ അഥവാ ഭൂഖണ്ഡങ്ങൾ ചേർന്നതാണ് ഭൗമോപരിതലം. ഭൂമിക്കടിയിലെ തിളച്ചുമറിയുന്ന 'മാഗ്മ' എന്ന ദ്രവത്തിൽ മരത്തടികൾ പോലെ പൊങ്ങിക്കിടക്കുന്ന ഈ ഭൂഖണ്ഡങ്ങൾ അകലുകയും അടുക്കുകയും ചെയ്യുന്നു. പ്രശസ്തമായ പ്ലേറ്റ് ടാക്റ്റോണിക് (ഫലക വിവർത്തനികം) സിദ്ധാന്തം ഇതാണ്. ഭൂഖണ്ഡങ്ങൾ പരസ്പരം അടുത്ത് അതിന്റെ വക്കുകൾ അന്യോന്യം തിങ്ങിഞെരിഞ്ഞ് മുകളിലേക്ക് ഉയർന്ന് പൊങ്ങുന്നതാണ് പർവ്വതങ്ങളായി രൂപം കൊള്ളുന്നതെന്നാണ് ഭൂവിജ്ഞാനീയം പറയുന്നു. വിശുദ്ധഖുർആൻ ഭൗമോപരിതലത്തിലെ ഭൂഫലകങ്ങളെ പറ്റിയും, പർവ്വതങ്ങൾ സൃഷ്ടിക്കുന്ന അതിന്റെ നിരന്തര ചലനത്തെ പറ്റിയും ചില വചനങ്ങളിൽ സൂചിപ്പിക്കുന്നു "ഭൂമിയിൽ അടുത്തടുത്ത് കിടക്കുന്ന പല ഖണ്ഡങ്ങളുണ്ട്. (13:5) "പർവ്വതങ്ങൾ ഉറച്ചുനിൽക്കുന്നതായി തോന്നുന്ന വിധം നീ ധരിക്കുന്നു. എന്നാൽ അത് മേഘങ്ങൾ ചലിക്കുന്നത് പോലെ ചലിക്കുന്നു. എല്ലാ വസ്തുക്കളേയും സൃഷ്ടിച്ചു ബലപ്പെടുത്തിയിരിക്കുന്ന അല്ലാഹുവിന്റെ പ്രവർത്തനമാണിത് (27:89). "പർവ്വതങ്ങളിലേക്ക് അവർ നോക്കുന്നില്ലേ? അതെങ്ങിനെ നാട്ടി നിറുത്തപ്പെട്ടിരിക്കുന്നുവെന്ന്. (89:20)

ഭൂവിജ്ഞാനീയത്തിൽ പർവ്വതങ്ങളെ അഥവാ പാറകളെ തരം തിരിച്ചിരിക്കുന്നത് അതിന്റെ നിറങ്ങളെ അടിസ്ഥാനമാക്കിയാണ്. പാറകളിലെ ഈ നിറ വ്യത്യാസത്തിന് കാരണം അത് നിർമ്മിക്കപ്പെട്ടിരിക്കുന്ന ഖനിജങ്ങളുടെ പ്രത്യേകതകൾ കാരണമാണ്. ഉദാഹരണത്തിന് കരിങ്കല്ലിന് (ഗ്രാനൈറ്റ്) ആ നിറം വരുന്നത് അതിലുള്ള ക്വാർട്ട്സ്, ഫെൻസ്പാർ, ഫെറോ മഗ്നീഷ്യം എന്നീ സങ്കര ഖനിജങ്ങളുടെ പ്രകാശിക ഗുണധർമ്മങ്ങൾ കൊണ്ടാണ്. ചുണ്ണാമ്പ് കല്ലിന്ന് വെള്ള നിറം അതിൽ കാൽസൈറ്റ് ഉള്ളത് കൊണ്ടും കൽക്കരിക്ക് കറുത്ത നിറം അതിൽ കാർബൺ ഉള്ളത് കൊണ്ടു മാണ്. വളരെ സൂക്ഷ്മമായി പെട്രോഗ്രാഫിക് സൂക്ഷ്മ ദർശനിയുടെ സഹായത്തോടെ പാറകളുടെ സാമ്പിളുകൾ നിരീക്ഷിച്ചുകൊണ്ടാണ് ഭൂഗർഭശാസ്ത്രജ്ഞന്മാർ ഇന്ന് പാറകളെ തരം തിരിക്കുന്നത്. നൂറുകണക്കിന് ഇനം പാറകളെ വക തിരിച്ച റിയാൻ ഇന്ന് കഴിയും. ഖുർആൻ പറയുന്നു. "മലകളിൽ ചിലത് വെളുത്തതും ചെമന്നതുമായ വിവിധ വർണങ്ങളുള്ള വഴികളോട് കൂടിയവയാണ്. ചിലത് കടും ചുവപ്പാണ് (35:28)

അനുഗ്രഹ കേദാരങ്ങളായ പർവ്വതങ്ങൾ ദൈവത്തിന്റെ സൃഷ്ടിവൈഭവത്തിന്റെ വൈജയന്തികളാണ്. ഈ മഹാമേരുക്കളുടെ നെറുകയിൽ പാദം വെച്ച് അതിനെ കീഴടക്കിയെന്ന് പറഞ്ഞ് ആഘോഷിക്കുന്ന മനുഷ്യൻ ദൈവത്തെ വാഴ്ത്തുകയാണ് ചെയ്യേണ്ടത്. പർവ്വതങ്ങൾ മൂകമായ ഭാഷയിൽ മനുഷ്യന് നൽകുന്ന സന്ദേശങ്ങൾ നാം വിസ്മരിക്കരുത്. ഭൂമിയുടെ രാജകുമാരനായ മനുഷ്യൻ രൂപം കൊള്ളുന്നതിന് മുമ്പ് അവന്റെ സേവനത്തിന് വേണ്ടി കോടിക്കണക്കിന് വർഷങ്ങളായി ദൈവത്തെ സോസ്ത്രം ചെയ്ത് തപസ്സനുഷ്ഠിച്ച് മനുഷ്യ നെ കാത്തിരുന്ന പ്രകൃതിയുടെ സൽസ്വരൂപങ്ങളാണ് പർവ്വതങ്ങൾ . സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും വൃക്ഷലതാദികളുമടങ്ങിയ പ്രപഞ്ചത്തിന്റെ രമ്യമനോഹരമായ ഈ സമഞ്ജസ സാകല്യം ദൈവ സ്തോത്രങ്ങളിൽ പങ്കുകൊള്ളാൻ ഖുർആൻ മനുഷ്യനെ ആഹ്വാനം ചെയ്യുന്നു. എവറസ്റ്റിന്റെയും സന്ദേശം അതാണ്. പർവ്വതങ്ങൾക്കൊപ്പം ദൈവത്തെ സ്തോത്രം ചെയ്യാൻ നാമും ബാദ്ധ്യസ്ഥരല്ലെ. ഖുർആൻ നമ്മോട് ചോദിക്കുന്നതും അതാണ്. "ആകാശങ്ങളിലും ഭൂമിയിലുള്ളവരും ചന്ദ്രൻ നക്ഷത്രങ്ങൾ, പർവ്വതങ്ങൾ, വൃക്ഷങ്ങൾ, മൃഗങ്ങൾ എന്നിവയും മനുഷ്യരിൽ അധികം പേരും അല്ലാഹുവിനു സ്തോത്രം ചെയ്യുന്നത് നീ കാണുന്നില്ലേ? (22:19). അമ്പത് വർഷം മുമ്പ് എവറസ്റ്റിന്റെ നെറുകയെ മനുഷ്യൻ സ്പർശിച്ച ഈ സുദിനത്തിൽ അല്ലാഹുവിനെ നമുക്ക് വാഴ്ത്താം 'സർവ്വസ്തുതിയും സർവ ലോക പരിപാലകനായ അല്ലാഹുവിനാകുന്നു. (1:2)

**സമാധാനകാംക്ഷികൾ**

ഭൂമിയിൽ ശാന്തരായി നടക്കുന്നവരും മൂഢന്മാർ തങ്ങളെ അഭിമുഖീകരിച്ച് സംസാരിക്കുമ്പോൾ സമാധാനപരമായ വാക്കുകൾ പറഞ്ഞ് ഒഴിഞ്ഞു പോകുന്നവരാണ് കരുണാനിധിയായ അല്ലാഹുവിന്റെ ദാസന്മാർ. *വിശുദ്ധഖുർആൻ(25:64)*

# സി. പി. അഹ്മദ് സാഹിബ്

മഞ്ചേരി: മഞ്ചേരി ജമാഅത്ത് മാൽ സെക്രട്ടറി ജനാബ് സി.പി. അഹ്മദ് സാഹിബ് (75) മെയ് 7 നു പുലർച്ചെ നിര്യാതനായി. (ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ)

സത്യദൂതൻ മാസിക മുഖേന അഹ്മദിയ്യാ ജമാഅത്തിന്റെ സത്യത ഗ്രഹിച്ച അദ്ദേഹം 1956-ൽ പഴയങ്ങാടിയിൽ നടന്ന മൂന്നാമത് സംസ്ഥാന അഹ്മദിയ്യാ സമ്മേളനാവസരത്തിലാണ് ബയ്അത്ത് ചെയ്തത്. പത്തപ്പിരിയം ജമാഅത്തുമായി ബന്ധപ്പെട്ടാണ് അദ്ദേഹം പ്രവർത്തിച്ചിരുന്നത്. വലിയൊരു കുടുംബത്തിലെ അംഗമായിരുന്ന പരേതനെ പിന്തിരിപ്പിക്കാൻ ബന്ധുമിത്രാദികൾ തങ്ങളാലാവുന്നതെല്ലാം ചെയ്തു നോക്കിയെങ്കിലും കഷ്ടപ്പാടുകൾ സഹിച്ച് അദ്ദേഹം അഹ്മദിയ്യാ വിശ്വാസത്തിൽ ഉറച്ചുനിന്നു. 1984 ജനുവരിയിൽ കൊടിയത്തൂരിൽ നടന്ന സംസ്ഥാന സമ്മേളനാവസരത്തിൽ അദ്ദേഹത്തിന്റെ ഭാര്യാമക്കൾ. അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചു. 2002 ൽ മഞ്ചേരി കേന്ദ്രീകരിച്ച് ജമാഅത്തു രൂപവൽക്കരിച്ചപ്പോൾ അദ്ദേഹം മാൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു.


ജമാഅത്തിനോട് തികഞ്ഞ കൂറും സ്നേഹവും പുലർത്തിയിരുന്ന പരേതൻ മരിക്കുന്നതിന്റെ തലേ ദിവസം വരെ ജമാഅത്തിന്റെ പ്രചരണ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു.

പി. കെ. സൈനബ സാഹിബയാണ് ഭാര്യ. സി. പി. അബ്ദുൽ അസീസ്, ഫാത്തിമ, ജമീല, ആമിന, ഹഫ്സത്ത്, മൈമൂന, ആയിഷ, അബ്ദുർ റഹ്മാൻ, അബ്ദുസ്സലാം, താഹിർ എന്നിവരാണ് മക്കൾ. മരുമക്കൾ: അബ്ദുൽകരിം, എച്ച്. സുലൈമാൻ (കാവശ്ശേരി ജമാഅത്ത് പ്രസിഡന്റ്), ടി. സഫറുല്ല, കെ. അമീർ, എ. അബ്ദുസ്സലീം, ഒ. കെ. മുസ്തഫ, എം. മുബശ്ശിറ.

പരേതന് അല്ലാഹു മഗ്ഫിറത്തും ജന്നത്തും നൽകിയനുഗ്രഹിക്കുമാറാകട്ടെ. (ആമീൻ)

***എച്ച്. എസ്. കാവശ്ശേരി***

# അബ്ദുൽ കരിം സാഹിബ്



കരുളായി ജമാഅത്തിലെ ആദ്യകാല അഹ്മദികളിൽപ്പെട്ട പി. അബ്ദുൽ കരിം സാഹിബ് (65) ഇക്കഴിഞ്ഞ ഏപ്രിൽ 14 ന് നിര്യാതനായി. (ഇന്നാലില്ലാഹി വഇന്നാ......) 1960 ൽ ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ച പരേതൻ ദീർഘകാലം കരുളായ് ജമാഅത്തിന്റെ വിവാഹ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നു. ദരിദ്രരെ സഹായിക്കുന്നതിൽ പരേതൻ പ്രത്യേകം നിഷ്കർഷ പുലർത്തിയിരുന്നു. ഒരു പ്രമുഖ കുടുംബാംഗമായിരുന്ന പരേതന് അഹ്മദിയ്യത്ത് സ്വീകരിച്ചതിന്റെ പേരിൽ വളരെയധികം എതിർപ്പുകൾ നേരിടേണ്ടിവന്നിട്ടുണ്ട്. കരുളായ് ജമാഅത്തിന്റെ സ്ഥാപകാംഗമായിരുന്ന ടി. കെ. കുഞ്ഞാലൻ ഹാജിയുടെ പുത്രനും ജമാഅത്ത് പ്രസിഡണ്ടുമായിരുന്ന ടി. കെ. വീരാൻകുട്ടി സാഹിബിന്റെ മകൾ റാബിയയാണ് ഭാര്യ. പരേതന് 4 ആൺമക്കളും 3 പെൺമക്കളുമുണ്ട്. അല്ലാഹു പരേതന് മഗ്ഫിറത്ത് നൽകുമാറാകട്ടെ. ആമീൻ

***ഇ. അബ്ദുറഹിമാൻ,***
***കൊടിയത്തൂർ***

# ഐഷാകുഞ്ഞ് സാഹിബ

കരുനാഗപ്പള്ളി: കരുനാഗപ്പള്ളിയിലെ ആദ്യകാല അഹ്മദികളിലൊരാളും ആദിനാട് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിലെ ആദ്യകാല സെക്രട്ടറിയുമായിരുന്ന ജനാബ് കാത്തുങ്ങൽ മൈതീൻ കുഞ്ഞ് സാഹിബിന്റെ ഭാര്യയും കരുനാഗപ്പള്ളി കൊല്ലക പുത്തൻ പുര കുടുംബാംഗവുമായ ഐഷാക്കുഞ്ഞ് സാഹിബ (82)12-4-2003 ശനിയാഴ്ച നിര്യാതയായി (ഇന്നാലില്ലാഹി.......) മക്കൾ: കെ. എം. അബ്ദുൽ ജലീൽ (എച്ച്. ഒ. സി. കൊച്ചി), ഡോ. കെ. എം. മൻസൂർ അഹ്മദ് (സി.എം.ഓ. ആലപ്പുഴ. ജില്ലാ ആയുർവേദ ആശുപത്രി, കെ. എം. സലീം (ഇൻഡസ്ട്രീസ്), കെ. എം. സുഹുർബാൻ (അദ്ധ്യാപിക), കെ. എം. നസീം അഹമദ്, കെ. എം. നജ്മ. മരുമക്കൾ: എ. സുഹറബീവി, എ. സലീമ ബീവി, എ. സാജിദ, എം. റഷീദ് കുട്ടി, സി. എം. നദീറ, പി. എം. അഹ്മദ് നാസർ. അല്ലാഹു പരേതക്ക് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

# നൂറു ശതമാനം വിജയം

കോഴിക്കോട്:അഹ്മദിയ്യാ ജമാഅത്ത് കേരള തഅ്ലീം വകുപ്പിനു കീഴിൽ നടത്തുന്ന മലപ്പുറം ജില്ലയിലെ കരുളായി ഫസ്ലെ ഉമർ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ ഇത്തവണത്തെ സി ബി. എസ്. ഇ. പരീക്ഷയിൽ നൂറു ശതമാനം വിജയം കൊയ്തു. ഫസ്ലെ ഉമർ ഹൈസ്കൂളിലെ ആദ്യ ബാച്ചിനാണ് ഈ ചരിത്ര വിജയം. കേരളത്തിൽ കോഴിക്കോട്, പഴയങ്ങാടി കൂടാളി എന്നിവിടങ്ങളിൽ കൂടി ഫസലെ ഉമർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ അവിടെ നിന്നും വിദ്യാർത്ഥികൾ പൊതുപരീക്ഷ എഴുതിതുടങ്ങും. അദ്ധ്യാപകന്മാരുടെയും മാനേജ്മെന്റിന്റെയും അർപ്പണ മനോഭാവവും രക്ഷിതാക്കന്മാരുടെ ആത്മാർത്ഥമായ സഹകരണവും സർവ്വോപരി വിദ്യാർത്ഥിനി വിദ്യാർത്ഥികളുടെ കഠിന പരിശ്രമവുമാണ് ഫസ്ലെ ഉമർ ഹൈസ്കൂളിന് നൂറു മേനി വിജയം കൊയ്യാൻ സഹാകരമായത്. സാധാരണ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച് ഉന്നത വിജയം നേടിയ ഫസ്ലെ ഉമർ ഹൈസ്കൂളിന്റെ സ്റ്റാഫിനേയും മാനേജ്മെന്റിനേയും അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് കേരള അമീറും ഫസ്ലെ ഉമർ വിദ്യാഭ്യാസ ബോർഡ് ചെയർമാനുമായ എ. പി കുഞ്ഞാമു സാഹിബ് അഭിനന്ദിച്ചു. പ്രിൻസിപ്പൽ ശ്രീമതി റോസി ടീച്ചർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ പി. എം. മുഹമ്മദലി സാഹിബിനേയും സംസ്ഥാന തഅ്ലീം സെക്രട്ടറി ബശീറുദ്ദിൻ സാഹിബ് എന്നിവരെ അമീർ സാഹിബ് പ്രത്യേകാം അഭിനന്ദനങ്ങളറിയിച്ചു. ഫസ്ലെ ഉമർ വിദ്യാഭ്യാസ ബോർഡിന്റെ ആശയങ്ങൾ സാക്ഷാൽക്കരിക്കാൻ കഠിന പരിശ്രമം ചെയ്ത എഞ്ചിനീയർ ടി. കെ. മഹ്മൂദ് സാഹിബിനെയും അമീർ സാഹിബ് നന്ദിപൂർവ്വം സ്മരിച്ചു. ഈ വിജയത്തിനു പിന്നിൽ പ്രവർത്തിച്ചവർക്കെല്ലാം അല്ലാഹു പ്രതിഫലം നൽകട്ടെ എന്ന് പ്രാർത്ഥിച്ചു.

## വഖ്ഫെനൗ വിജ്ഞാന സംഗമം

കോഴിക്കോട്: കോഴിക്കോട് മേഖലാ വഖ്ഫെ നൗ കുട്ടികൾക്കായുള്ള ഏകദിന വിജ്ഞാന സംഗമം കരുളായിയിലും കോഴിക്കോട്ടും

---

*(37-ാം പേജിൽ നിന്ന് തുടർച്ച)*

യുടേതും കൂറിന്റേതും ബഹുസ്വരതയുടേതുമാണ്. കേരള മുസ്ലിംകളുടെ അമൂല്യമായ ഈ സാംസ്കാരിക പൈതൃകമാണ് മുസ്ലിംകളുടെ രാഷ്ട്രീയ ബോധത്തെ രൂപപ്പെടുത്തേണ്ടത്. മുസ്ലിംലീഗിന്റെ സാമുദായിക രാഷ്ട്രീയത്തോട് യോജിപ്പിലെങ്കിലും ആധുനിക കാലത്ത് കേരള രാഷ്ട്രീയത്തിന്റെ പൊതുധാരയിലേക്ക് മുസ്ലിം സമൂഹത്തെ സംഘർഷങ്ങളില്ലാതെ ആനയിക്കാനും അവരുടെ സാമുദായിക കാരണങ്ങൾ കൊണ്ടുണ്ടായ അവകാശ നഷ്ടങ്ങൾ ഒരളവോളം വീണ്ടെടുക്കാനും ലീഗിന് കഴിഞ്ഞിട്ടുണ്ട്. ലീഗിന്റെ മിതവാദികളും, കാര്യബോധവുമുള്ള നേതൃത്വം കേരളത്തിൽ മതസ്പർദ്ധയില്ലാതാക്കുന്നതിൽ വലിയ പങ്കാണ് വഹിക്കുന്നത്. പ്രത്യേകിച്ച് ആദരണീയനായ പാണക്കാട്ട് ശിഹാബ് തങ്ങളെപോലെയുള്ള മാന്യന്മാരായ രാഷ്ട്രീയ നേതാക്കളുടെ നിലപാട് പ്രശംസനീയമാണ്. അതിന് പകരം ഇസ്ലാമില്ലാത്തതെല്ലാം പൈശാചികമാണെന്ന ധാരണയോടെ മതരാഷ്ട്രവാദത്തിന്റെ ഹിഡൺ അജണ്ടയുമായി കടന്നുവരുന്ന ജമാഅത്തെ ഇസ്ലാമിയുടെ വ്യാജ മുദ്രാവാക്യങ്ങളിലേക്ക് മുസ്ലിം യുവാക്കളുടെ പ്രവാഹമുണ്ടായാൽ കേരളം വർഗ്ഗീയതയുടെ ഭ്രാന്താലയമായിത്തീരും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. തെരുവുകളിൽ ആളെക്കൂട്ടാനും തീവ്രവാദ മനോഭാവമുള്ള യുവാക്കളെ ആവേശം കൊള്ളിക്കാനുമല്ലാതെ ജമാഅത്തെ ഇസ്ലാമിക്ക് കേരള രാഷ്ട്രീയത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരാൻ സാധ്യമല്ല എന്നാണ് തോന്നുന്നത്. മുസ്ലിം രാജ്യമായ പാക്കിസ്ഥാനിൽ ഇന്ന് അധികാരത്തിലിരിക്കുന്ന ഒരു ചെറുഘടകകക്ഷിയാണ് ജമാഅത്തെ ഇസ്ലാമി. ഇത്രകാലമായിട്ടും പൊതുജന സ്വീകാര്യതയിൽ പാക്കിസ്ഥാനിൽ പോലും അവർ വളരെ പിന്നിലാണ് എന്നതും ശ്രദ്ധേയമാണ്. തീവ്രവാദവും മതസംഘർഷങ്ങളുമുള്ള ചൂടുള്ള കാലാവസ്ഥയിലാണ് ജമാഅത്തെ ഇസ്ലാമിയെ പോലെയുള്ള വർഗ്ഗീയ പാർട്ടികൾ വളരുക. ഇത്തരം കുഴപ്പങ്ങളുടെ ഉഷ്ണാവസ്ഥ നിലനിർത്തുക വർഗ്ഗീയ ധ്രുവീകരണമുണ്ടാക്കുക സെക്കുലർ വീക്ഷണമുള്ള മുസ്ലിം ലീഗിനെ തകർക്കുക മുതലായവയാരിക്കും ഇനിയുള്ള കാലങ്ങളിൽ സോളിഡാരിറ്റിയുടെ പണി. പക്ഷേ ഇത് കൊണ്ടൊന്നും ഇവിടെ ഹുക്കുമത്തെ ഇലാഹി വരുമെന്നോ സ്റ്റേറ്റ് കാറിൽ പോലീസ് എസ്കോർട്ടോടെ ജമാഅത്തുകാർക്ക് വിലസാമെന്നോ ആരെങ്കിലും ധരിക്കുന്നുവെങ്കിൽ അവർക്ക് തെറ്റിപ്പോയി. ഫാഷിസ്റ്റ് അധികാര ഭ്രാന്തിന് ദൈവികഭരണം എന്ന് പേരുവെച്ച ജമാഅത്തെ ഇസ്ലാമിയുടെ നിഗൂഢ ലക്ഷ്യങ്ങളും അവസരവാദങ്ങളും കേരളത്തിലെ മുസ്ലിംകൾ എത്രയും വേഗം തിരിച്ചറിയുന്നുവോ അത്രയും നല്ലത്.

വെച്ചും 10. 5. 03 നും 24. 05. 03 നും നടന്നു.


കരുളായിയിലെ പ്രകൃതി രമണീയമായ നെടുങ്കയം വനമേഖലയിലായിരുന്നു ക്യാമ്പ്. ടി. കെ. മഹ്മൂദ് സാഹിബ് വഖഫെ നൗ സിലബസിനെ ആധാരമാക്കി ക്ലാസെടുത്തു. 'പ്രകൃതിയും ശാസ്ത്രവും വിശുദ്ധ ഖുർആനും' എന്ന വിഷയത്തെക്കുറിച്ച് ജനാബ് മുഹമ്മദലി മാസ്റ്റർ പ്രഭാഷണം നടത്തി. വളരെ വിജ്ഞാനപ്രദവും ആവേശകരവുമായിരുന്നു മാസ്റ്ററുടെ ക്ലാസ്. മൗലവി അലികുഞ്ഞ് സാഹിബ് നബി (സ), മസീഹ് മൗഊദ് (അ), ഖലീഫമാർ എന്നിവരുടെ ചെറുപ്പകാല ജീവിതത്തെ സംബന്ധിച്ചും ക്ലാസെടുത്തു.

കോഴിക്കോട്, കൊടിയത്തൂർ, വയനാട്, ജമാഅത്തുകളിലെ വഖ്ഫെനൗ കുട്ടികൾക്കായുള്ള സംഗമം എലത്തൂരിലെ കടലോര വിശ്രമ സങ്കേതത്തിൽ ആയിരുന്നു. 'പ്രകൃതിയും ശാസ്ത്രവും വിശുദ്ധ ഖുർആനും' എന്ന വിഷയത്തെപ്പറ്റി ജനാബ് ഈസക്കോയ സാഹിബ് ക്ലാസെടുത്തു. കുട്ടികളുടെ അന്വേഷണ തൃഷ്ണയെ തൊട്ടുണർത്തുന്ന പഠനാർഹമായ ക്ലാസായിരുന്നു. തുടർന്ന് അലികുഞ്ഞ് സാഹിബ് , അഹ്മദ് ശാഫി, പ്രാദേശിക വഖ്ഫെ നൗ സെക്രട്ടറിമാരായ മുഹമ്മദ് സാഹിബ്, ഇബ്രാഹിം സാഹിബ് എന്നിവർ സംസാരിച്ചു.

**അഹ്മദ് ശാഫി**

**കോഴിക്കോട്**

# പ്രശസ്ത വിജയം



കോഴിക്കോട്: കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പഞ്ചവൽസര എൽ. എൽ. ബി. കോഴ്സിന്റെ ഫൈനൽ പരീക്ഷയിൽ കോഴിക്കോട് ജമാഅത്തിലെ മുനീർ അഹ്മദ് സാഹിബ് രണ്ടാം റാങ്ക് നേടി. കോഴിക്കോട് ജമാഅത്തിലെ സജീവാംഗമായ മുനീർ സാഹിബ് ജമാഅത്തിലെ നായിബ് നാസിം അത്ഫാൽ ആയി പ്രവർത്തിക്കുന്നു. അഹ്മദിയ്യാ ജമാഅത്ത് കേരള സംസ്ഥാന ഉമൂറ്റ ആമയായി സേവനമനുഷ്ഠിക്കുന്ന ജനാബ് കെ. എം. അഹ്മദ് കോയാ സാഹിബിന്റെയും കോഴിക്കോട് ജമാഅത്തിലെ ഷക്കീലാ സാഹിബയുടെയും മൂത്തപുത്രനാണ് മുനീർ അഹ്മദ് സാഹിബ്. സുബായി അമീർ എ. പി. കുഞ്ഞാമു സാഹിബ് അദ്ദേഹത്തിന്റെ പ്രശസ്ത വിജയത്തിൽ അഭിനന്ദനം രേഖപ്പെടുത്തി. കോഴിക്കോട് മജ്ലിസ് അൻസാറുല്ലാഹ്, ഖുദ്ദാമുൽ അഹ്മദിയ്യാ എന്നീ ശാഖാ സംഘടനകൾ പ്രത്യേകം യോഗം ചേർന്ന് മുനീർ സാഹിബിനെ അഭിനന്ദിച്ചു.

## തിരുത്ത്

2003 മെയ് ലക്കം സത്യദൂതൻ പേജ് 26 ൽ 'ഞാൻ പാക്കിസ്ഥാനിൽ....' എന്നു തുടങ്ങുന്ന ഖണ്ഡികയിൽ 'ഞങ്ങൾ' എന്ന് അച്ചടിച്ചുവന്ന പദം 'നിങ്ങൾ' എന്ന് താഴെ കാണും വിധം തിരുത്തി വായിക്കണം.

''നിങ്ങൾ അഹ്മദിയ്യത്തിന്റെ മുന്നേറ്റപ്പാതയിൽ തടസ്സങ്ങൾ ഉണ്ടാക്കരുതെന്നും അതു നിങ്ങൾക്കു തന്നെ നഷ്ടകരമായിത്തീരുമെന്നും പറഞ്ഞിരുന്നു. നിങ്ങൾ ഒരു വഴി അടക്കുകയാണെങ്കിൽ അല്ലാഹു ഡസൻ കണക്കിന് വഴികൾ തുറന്നുതരുന്നതാണ്. .........നിങ്ങളുടെ എല്ലാ ശക്തികളെയും ഒന്നിച്ച് പ്രാവർത്തികമാക്കിയാലും അല്ലാഹുവിന്റെ പേരിൽ ഞാൻ ആണയിട്ടു പറയുകയാണ് നിങ്ങൾക്കൊരിക്കലും വിജയം വരിക്കുവാൻ സാധിക്കുന്നതല്ല.

***(ഖുത്ബ 21. 8. 1992)***

## അറിയിപ്പ്

സത്യദൂതനിലേക്ക് അയക്കുന്ന അനുസ്മരണങ്ങൾ (ചരമക്കുറിപ്പുകൾ) അതാത് ജമാഅത്തിലെ അമീർ/പ്രസിഡണ്ടിന്റെ സമ്മതത്തോടെയായിരിക്കണം. അനുസ്മരണക്കുറിപ്പിൽ അമീർ/പ്രസിഡണ്ടിന്റെ പേരും ഒപ്പും സീലും പതിക്കേണ്ടതാണ്. കുറിപ്പ് എഴുതിയ ആളുടെ പേരും ജമാഅത്തും കൂടി എഴുതേണ്ടതാണ്.

\- എഡിറ്റർ

## സഹനം

തങ്ങൾക്ക് വല്ല ആപത്തും നേരിടുമ്പോൾ, 'നിശ്ചയമായും ഞങ്ങൾ അല്ലാഹുവിനുള്ളവരും അവനിലേക്ക് മടങ്ങുന്നവരുമാണ്" എന്നു പറയുന്ന സഹനശീലർക്ക് നീ സന്തോഷവാർത്ത അറിയിക്കുക. അവർക്ക് തങ്ങളുടെ രക്ഷിതാവിൽ നിന്ന് അനുഗ്രഹങ്ങളും കാരുണ്യവും ഉണ്ടാകുന്നതാണ്. അവരാകുന്നു നേർമാർഗ്ഗം പ്രാപിച്ചവർ.

***വിശുദ്ധഖുർആൻ (2:155,156)***